## പൗരോഹിത്യ ശുശ്രൂഷയിൽ
# 25 വർഷങ്ങൾ പിന്നിടുന്ന
## ബഹു. വൈദികർക്ക്
## ആശംസകൾ! പ്രാർത്ഥനാമംഗളങ്ങൾ!



**റവ.ഫാ. ബെന്നി മുതിരക്കാലായിൽ**
പൗരോഹിത്യ സ്വീകരണം 26 – 12 – 1991



**റവ.ഫാ. മത്തായി പള്ളിച്ചാംകുടിയിൽ**
പൗരോഹിത്യ സ്വീകരണം 30 – 12 – 1991



**റവ.ഫാ. ജോണി കുന്നത്ത്**
പൗരോഹിത്യ സ്വീകരണം 02 – 01 – 1992

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**“ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും” (യാക്കോബ് ൪:൮)**

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.

**വാല്യം 07 ജനുവരി–2016 ലക്കം 1**

ഒറ്റപ്രതി 10 രൂപ വാർഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം


സർക്കുലർ .................................... 07
സർക്കുലർ .................................... 10
സർക്കുലർ .................................... 14
ദണ്ഡവിമോചനം .................................... 25
ലേഖനങ്ങൾ .................................... 31
രൂപതാകച്ചേരി വാർത്തകൾ .................................... 36
പ്രസ്ബിറ്ററൽ കൗൺസിൽ .................................... 40
വൈദികരുടെ മാസധ്യാനം .................................... 43
ബൈബിൾ അപ്പോസ്റ്റലേറ്റ് .................................... 44
മതബോധനരംഗം .................................... 45
ചെറുപുഷ്പമിഷൻലീഗ് .................................... 48
കെ.സി.വൈ.എം. .................................... 55
കുടുംബപ്രേഷിതത്വം .................................... 60
വിമൻസ് കമ്മീഷൻ .................................... 65
സീയോൻ വാർത്തകൾ .................................... 66
വിൻസെന്റ് ഡി പോൾ സൊസൈറ്റി .................................... 68
സാമൂഹ്യ സേവനരംഗം (WSSS) .................................... 74
കെസിബിസി മദ്യവിരുദ്ധസമിതി .................................... 79
*CEADOM* വിദ്യാഭ്യാസമേഖല .................................... 80
കത്തോലിക്കാ കോൺഗ്രസ് (AKCC) .................................... 84
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം .................................... 86
ബിഷപ്സ് പ്രോഗ്രാം .................................... 87

# സീറോമലബാർ മിഷൻ വാരാചരണം

**2016 ജനുവരി 6-12**

സീറോ മലബാർ സഭയുടെ **മേജർ ആർച്ചുബിഷപ്പ് കർദിനാൾ ജോർജ് ആലഞ്ചേരി** തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏൽപിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.

ഈശോയിൽ ഏറ്റവും സ്നേഹമുള്ള സഹോദരീ സഹോദരന്മാരേ,

സീറോ മലബാർ സഭ ലോകത്തിൽ എല്ലായിടത്തും അറിയപ്പെടുന്നതിന്റെ മുഖ്യകാരണം അവളുടെ മിഷൻ ചൈതന്യമാണ്. ലോകത്തിലെ ഒട്ടുമിക്ക രാജ്യങ്ങളിലും സീറോ മലബാർ സഭയുടെ മക്കൾ മിഷനറിമാരായി സേവനം ചെയ്യുന്നുണ്ട്. ഈ പ്രേഷിത തീക്ഷ്ണത സഭയുടെ ആത്മീയ കരുത്തിന്റെ തെളിവുകൂടിയാണ്. 'ഭാരതമേ നിന്റെ രക്ഷ നിന്റെ സന്താനങ്ങളിൽ' എന്ന ലിയോ പതിമൂന്നാമൻ മാർപ്പാപ്പയുടെ പ്രേഷിതാഹ്വാനം, സീറോ മലബാർ സഭയുടെ മിഷൻ ചൈതന്യത്തിന്റെ ഉണർത്തുപാട്ടായിരുന്നു. 'ചെറുപുഷ്പ മിഷൻ ലീഗ്', 'സി.എൽ.സി' എന്നീ സംഘടനകളിലൂടെയും', 'പ്രേഷിതകേരളം' പോലെയുള്ള മാഗസിനിലൂടെയും നമ്മുടെ സഭയിൽ നിന്ന് ആയിരക്കണക്കിന് മിഷനറിമാർ പ്രേഷിതവയലുകളിലേക്ക് തീക്ഷ്ണതയോടെ ഇറങ്ങി പുറപ്പെട്ടു എന്നത് ആനന്ദത്തിനും അഭിമാനത്തിനും ഇടം നല്കുന്നതാണ്. ഈ പ്രേഷിതചൈതന്യമാണ് സീറോ മലബാർ സഭയുടെ ഇന്നത്തെ സുവിശേഷ സുഗന്ധം.

എന്നാൽ ഈ അടുത്ത കാലത്തായി നമ്മുടെ സഭയുടെ പ്രേഷിത തീക്ഷ്ണതയിൽ കുറവു അനുഭവപ്പെടുന്നുണ്ട്. 'വെളിപാട്' പുസ്തത്തിലെ വാക്കുകൾ നമ്മുടെ സഭയുടെ സ്ഥിതിയെക്കുറിച്ച് ആത്മശോധനയ്ക്ക് നമ്മെ സഹായിക്കുമെന്നാണ് എനിക്ക് തോന്നുന്നത്:

“ആദ്യമേണ്ടായിരുന്ന സ്നേഹം നിനക്ക് നഷ്ടപ്പെട്ടിരിക്കുന്നു, നീ അനുതപിച്ച് ആദ്യ തീക്ഷ്ണതയിലേക്ക് മടങ്ങിവരിക” (വെളി. 2:4-5).

സഭയുടെ പ്രേഷിത തീക്ഷ്ണത കുറയുന്നത് സഭാത്മക ജീവിതത്തിന്റെ ആധികാരികത കുറയുന്നതിന്റെ തെളിവാണ്. നമ്മുടെ പ്രേഷിത തീക്ഷ്ണതയിൽ കൂടുതൽ അവബോധവും ആഴപ്പെടലും ഈ കാലഘട്ടത്തിൽ ആവശ്യമായിരിക്കുന്നു. സുവിശേഷവത്കരണത്തിനുവേണ്ടിയാണല്ലോ സഭ വിളിക്കപ്പെട്ടിരിക്കുന്നത്. അവളുടെ വിളി തന്നെ സുവിശേഷം ‘ലോകത്തിന്റെ അതിർത്തികൾവരെയും’ (നട.1:8) ‘ലോകാവസാനംവരെയും’ (മർക്കോ. 16:15; മത്താ.28:19-20) എല്ലാവരെയും അറിയിക്കുകയെന്നുള്ളതാണ് (AG 12, 29, EN 14, RM 36).

സീറോ മലബാർ സഭയുടെ പ്രേഷിത തീക്ഷ്ണത കൂടുതൽ ഉജ്ജ്വലിപ്പിക്കുന്നതിന് ആവശ്യമായ മാർഗങ്ങളെക്കുറിച്ച് 2015 ആഗസ്റ്റ് മാസത്തിൽ കൂടിയ മെത്രാന്മാരുടെ സിനഡ് ആലോചിക്കുകയുണ്ടായി. ദനഹാതിരുന്നാൾ കഴിഞ്ഞുവരുന്ന ഞായറാഴ്ച സഭയിൽ ആചരിച്ചുവന്നിരുന്ന മിഷൻ ഞായർ ഈ വർഷം (2016) മുതൽ ദനഹാതിരുന്നാൾ തുടങ്ങി ഒരാഴ്ച കാലത്തേക്ക് (ജനുവരി 6-12) ‘പ്രേഷിതവാരം’ എന്ന പേരിൽ കൂടുതൽ വിപുലപ്പെടുത്തി ആചരിക്കുവാൻ തീരുമാനിച്ച വിവരം ഞാൻ നിങ്ങളെ സന്തോഷത്തോടെ അറിയിക്കുന്നു.

ഈ വർഷത്തെ പ്രേഷിതവാരത്തിന്റെ മുദ്രാവാക്യം ‘മിഷനെ അറിയുക, മിഷനറിയാവുക’ എന്നതാണ്. അതുകൊണ്ട് നമ്മുടെ സഭയിൽ മിഷൻ പ്രവർത്തനങ്ങളെക്കുറിച്ച് കൂടുതൽ ആഴത്തിലുള്ള അവബോധം സൃഷ്ടിക്കുന്നതിനും മിഷൻ പ്രവർത്തനങ്ങളെ പ്രാർത്ഥനകൊണ്ടും സാമ്പത്തിക സഹായം കൊണ്ടും ദൈവവിളികൾകൊണ്ടും പ്രോത്സാഹിപ്പിക്കുന്നതിനും പ്രേഷിതവാരാചണം ഒരവസരമാക്കി നാം മാറ്റണം. സീറോ മലബാർ സഭാതനയർ എല്ലാവരും മിഷൻ തീക്ഷ്ണതകൊണ്ട് ജ്വലിക്കുവാൻ പ്രേഷിതവാരാചരണം കാരണമാകട്ടെ!

മിഷനെ സ്നേഹിക്കുകയും സഹായിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ, ദനഹാതിരുന്നാൾ കഴിഞ്ഞുവരുന്ന ഞായറാഴ്ച (ജനുവരി 10) ഓരോ കുടുംബവും സ്ഥാപനവും അവരുടെ സാമ്പത്തിക സ്ഥിതിയനുസരിച്ച് മിഷൻ പ്രവർത്തനങ്ങൾക്കുവേണ്ടി സാമ്പത്തിക സഹായം നല്കണമെന്ന് ഞാൻ നിങ്ങളേവരെയും സ്നേഹപൂർവ്വം ഉദ്ബോധിപ്പിക്കുന്നു. പ്രേഷിതവാരത്തിലെ ഞായറാഴ്ച നടത്തുന്ന കവർ കളക്ഷൻ ഇടവകതലത്തിൽ ശേഖരിച്ച് രൂപത വഴി മൗണ്ട് സെന്റ്

തോമസ്സിലെ മിഷൻ ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്. നിങ്ങളുടെ സാമ്പത്തിക സഹായം സീറോ മലബാർ സഭയുടെ മിഷൻ രംഗങ്ങളി ലേക്ക് നല്കുന്നതാണെന്നു ഞാൻ ഓർമ്മപ്പെടുത്തുന്നു.

മിഷൻ വാരാചരണത്തെ സംബന്ധിച്ച് നിങ്ങൾക്കാവശ്യമായ പ്രായോഗിക നിർദ്ദേശങ്ങൾ നല്കാൻ സീറോ മലബാർ സഭയുടെ മിഷൻ ഓഫീസിനെ ഭരമേൽപിച്ചിട്ടുണ്ട്. അവർ നിങ്ങൾക്കു നല്കുന്ന നിർദ്ദേശങ്ങളെല്ലാം പ്രായോഗികമാക്കണമെന്ന് ഞാൻ നിങ്ങളോട് അഭ്യർത്ഥിക്കുന്നു.

12 അപ്പസ്തോലന്മാരിൽ പ്രേഷിത തീക്ഷ്ണതയിൽ ഏറ്റവും മുൻപന്തിയിലായിരുന്ന നമ്മുടെ അപ്പസ്തോലനായ മാർ തോമാശ്ലീഹായുടെ 'നമുക്ക് അവനോടുകൂടെ പോയി മരിക്കാം' എന്ന വാക്കുകൾ ഈ പ്രേഷിത തീക്ഷ്ണതയുടെ ഏറ്റവും വലിയ തെളി വാണ്. 'വഴി' അറിയിക്കാൻ ശ്ലീഹാ ഭാരതത്തിലേക്ക് നടത്തിയ സാഹ സിക യാത്രയും വരിച്ച ധീരരക്തസാക്ഷിത്വവും നമുക്ക് മിഷനെ അറിയു വാനും സ്നേഹിക്കുവാനും സഹായിക്കുവാനും കാരണമാകട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാ വിന്റെയും + നാമത്തിൽ ഞാൻ നിങ്ങളെ ഹൃദയപൂർവ്വം ആശീർവ്വദിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

**കർദിനാൾ ജോർജ് ആലഞ്ചേരി**
സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ്

---

**NB:-** **1) ഈ സർക്കുലർ 2016 ജനുവരി മാസം 3-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

**2) സീറോ മലബാർ മിഷൻ വാരാചരണത്തിലൂടെ ലഭിക്കുന്ന സംഭാവനകൾ രൂപതാ കേന്ദ്രങ്ങളിൽ ഏൽപിച്ച് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ പ്രവർത്തിക്കുന്ന മിഷൻ സപ്പോർട്ട് ഓഫീസിൽ 2016 ഫെബ്രുവരി 28-ന് മുമ്പായി എത്തിക്കേണ്ട താണ്. പ്രസ്തുത ഫണ്ട് പൂർണമായും സീറോ മലബാർ സഭ യുടെ മിഷൻ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്ന താണ്.**

# സർക്കുലർ

## 2016 ജനുവരി 15 കർഷകദിനം
## കെസിബിസി ഇൻഫാം പുറപ്പെടുവിക്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

മുൻ വർഷങ്ങളിലേതുപോലെ ഈ വർഷവും ജനുവരി 15 കർഷക ദിനമായി കേരള കത്തോലിക്കാ സഭ ആചരിക്കുകയാണ്. സർക്കാർ തലത്തിൽ ചിങ്ങം ഒന്ന് കർഷകദിനമായി ആചരിക്കുന്നുണ്ടെങ്കിലും കർഷകരുടെ നൊമ്പരങ്ങൾ ഉൾക്കൊണ്ടുകൊണ്ട് കാർഷികമേഖലയുടെ പുരോഗതിക്കായി ആത്മാർത്ഥമായി പ്രവർത്തിക്കാത്ത സർക്കാരുകൾ സംഘടിപ്പിക്കുന്ന കർഷകദിനാഘോഷ ചടങ്ങുകൾ വെറും കെട്ടുകാഴ്ചകൾ മാത്രമാണെന്ന യാഥാർത്ഥ്യം തിരിച്ചറിഞ്ഞതിന്റെ വെളിച്ചത്തിലാണ് ഇൻഫാമിന്റെ നേതൃത്വത്തിൽ എല്ലാ വർഷവും ജനുവരി 15 കർഷകദിനമായി ആചരിക്കുവാൻ കേരളസഭ ആഗ്രഹിക്കുന്നത്. മത്സ്യബന്ധനരംഗത്ത് നേരിടുന്ന വെല്ലുവിളികൾ, കാർഷിക നാണ്യവിളകളുടെ വിലത്തകർച്ച, വ്യാപക കീടബാധ, കാലാവസ്ഥാവ്യതിയാനം, വന്യമൃഗശല്യം, തൊഴിലാളി ക്ഷാമം, വർദ്ധിച്ച ഉൽപ്പാദനച്ചെലവ്, പ്രകൃതിക്ഷോഭം, കപടപരിസ്ഥിതിവാദം, കടക്കെണി, പട്ടയപ്രശ്നം മുതലായ നിരവധി പ്രശ്നങ്ങളാൽ തീരദേശത്തും ഇടനാട്ടിലും മലയോരത്തുമുള്ള കർഷകരുടെ നിലനിൽപ്പുതന്നെ ചോദ്യം ചെയ്യപ്പെടുന്ന സാഹചര്യത്തിൽ അവരുടെ അതിജീവനം ഉറപ്പുവരുത്തുവാനും കാർഷിക സംസ്ക്കാരത്തിന്റെ ആത്മീയത വീണ്ടെടുക്കുവാനും കർഷകദിനാചരണം പ്രയോജനപ്പെടണം.

രാജ്യത്തെ മുഴുവൻ ജനങ്ങളെയും തീറ്റിപ്പോറ്റാൻ ആവശ്യമായ ഭക്ഷ്യവസ്തുക്കളും, കോടിക്കണക്കിന് ജനങ്ങൾക്ക് തൊഴിൽ പ്രദാനം ചെയ്യുന്ന വ്യവസായ സംരംഭങ്ങൾക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കളും, ഉല്പ്പാദിപ്പിക്കുകയും, കയറ്റുമതിയിലൂടെ സർക്കാരിന് കോടിക്കണക്കിന് രൂപയുടെ വരുമാനം നേടിക്കൊടുക്കുകയും ചെയ്യുന്ന കർഷകരെയും, കാർഷികവൃത്തിയേയും വേണ്ടത്ര ഗൗരവത്തോടെ

പരിഗണിക്കുവാൻ നമ്മുടെ രാജ്യത്തെ സർക്കാരിനും ഉദ്യോഗസ്ഥർക്കും സാധിച്ചിട്ടില്ല എന്ന സത്യം ഇവിടെ അവശേഷിക്കുകയാണ്. ഇതിനൊരു മാറ്റം അനിവാര്യമാണ്.

വിളകളുടെ വിലത്തകർച്ചയും കടക്കെണിയും മൂലം കേരളത്തിലെ കർഷകർ തകർച്ച നേരിടേണ്ടിവന്ന സന്ദർഭത്തിലാണ് KCBCയുടെ നേതൃത്വത്തിൽ 2000-ാമാണ്ട് ഡിസംബർ മാസത്തിൽ ഇൻഫാം എന്ന സ്വതന്ത്ര കർഷകപ്രസ്ഥാനം കേരളമണ്ണിൽ ഒരു ചരിത്രനിയോഗംപോലെ രൂപം കൊണ്ടത്. ജാതിരാഷ്ട്രീയ ചിന്തകൾക്കതീതമായി ആയിരക്കണക്കിന് കർഷകരാണ് ഇൻഫാം പ്രസ്ഥാനത്തിൽ അണിചേർന്നത്. ഇൻഫാമിന്റെ നേതൃത്വത്തിൽ കർഷകർ നടത്തിയ അതിജീവനത്തിനായുള്ള നിരവധി പോരാട്ടങ്ങളിലൂടെ ഒട്ടേറെ നേട്ടങ്ങൾ കൈവരിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. കാർഷിക കടങ്ങൾ എഴുതിത്തള്ളുക, ജൈവകൃഷി പ്രോത്സാഹിപ്പിക്കുക, കർഷകർക്ക് പെൻഷൻ വർദ്ധിപ്പിക്കുക, വന്യമൃഗശല്യം തടയാനുള്ള നടപടികൾ സ്വീകരിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഒരു പരിധിവരെ നേടിയെടുക്കുവാൻ നമുക്കു സാധിച്ചു എന്നത് അഭിമാനാർഹമാണ്. ഇൻഫാമിന്റെ നേതൃത്വത്തിൽ രൂപീകരിച്ച സ്വാശ്രയ സംഘങ്ങൾ കാർഷിക മേഖലയിൽ കഴിഞ്ഞ നാളുകളിൽ ഒട്ടേറെ ചലനങ്ങൾ സൃഷ്ടിക്കുക മാത്രമല്ല നിരവധി പ്രസ്ഥാനങ്ങൾക്ക് മാതൃകയുമായി. ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്ന് കർഷകനെ രക്ഷിക്കാനായി നാം ആരംഭിച്ച കർഷക ഓപ്പൺ മാർക്കറ്റുകൾ പ്രാദേശിക തലങ്ങളിൽ ഇന്ന് വളരെ സജീവമായി പ്രവർത്തിക്കുന്നു. ഈ പ്രവർത്തനങ്ങളിലൂടെയെല്ലാം തങ്ങൾ ഒറ്റപ്പെട്ടവരാണെന്ന കർഷകരുടെ അപകർഷതാബോധം ഒരു പരിധിവരെ ദൂരീകരിക്കുവാനും സംഘടിച്ചു മുന്നേറേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് അവരെ ബോധ്യപ്പെടുത്തുവാൻ കഴിഞ്ഞുവെന്നതും ഏറ്റവും വലിയ നേട്ടമായി കരുതുന്നു.

പക്ഷേ ഇന്നും കാർഷിക രംഗത്തെ പ്രശ്നങ്ങൾ അതിരൂക്ഷമായി തുടരുകയാണ്. വിവിധ കാർഷിക നാണ്യവിളകളുടെ വിലത്തകർച്ചയും കടക്കെണിയുമാണ് ഏറ്റവും ഗുരുതരമായ പ്രതിസന്ധി. റബ്ബറിന്റെ ഇറക്കുമതി നിയന്ത്രിക്കാനും ആഭ്യന്തര ഉപയോഗം വർദ്ധിപ്പിക്കുവാനും, വിലയിടിവിൽ റബർ സംഭരിക്കുവാനും സർക്കാരുകൾ തയ്യാറാവണം. സമാനപ്രതിസന്ധി നേരിടുന്ന ഏലമുൾപ്പെടെയുള്ള വിവിധ നാണ്യവിളകളുടെ പ്രശ്നങ്ങളിലും സർക്കാർ ഇടപെടലുകൾ അനിവാര്യമാണ്. കർഷകർക്കെതിരെയുള്ള ജപ്തി നടപടികൾ നിർത്തിവെക്കണം. കേന്ദ്ര സംസ്ഥാന സർക്കാരുകൾ കാർഷിക ബഡ്ജറ്റ്

അവതരിപ്പിക്കണം. വിളകൾക്ക് ഉൽപ്പാദനച്ചിലവിന്റെ ഇരട്ടി തുകയെ ങ്കിലും ലഭിക്കത്തക്കവിധത്തിൽ വിലസ്ഥിരത ഉറപ്പ് വരുത്തണം. സംസ്ഥാന സർക്കാർ പതിന്മടങ്ങായി വർദ്ധിപ്പിച്ചിരിക്കുന്ന ഭൂനികുതി പിൻവലിക്കണം. പശ്ചിമഘട്ടത്തിലെ കർഷകരുൾപ്പെടെയുള്ള ജന വിഭാഗങ്ങളുടെ ജീവിക്കാനുള്ള അവകാശം സംരക്ഷിക്കപ്പെടണം. കർഷകരുടെ ഭൂമിക്ക് ഉപാധിരഹിത പട്ടയം ലഭ്യമാക്കണം. മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന തീരദേശവാസികളുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തണം. ഗാഡ്ഗിൽ കസ്തൂരിരംഗൻ സമിതി കളുടെയും മീനാകുമാരി കമ്മീഷന്റെയും റിപ്പോർട്ടുകളുടെ പശ്ചാത്ത ലത്തിൽ മലയോര തീരദേശ മേഖലകളിലെ ജനങ്ങളിലുടലെടുത്തിരി ക്കുന്ന ആശങ്കകൾ പരിഹരിക്കപ്പെടണം. മേൽസൂചിപ്പിച്ച ആവശ്യങ്ങൾ നേടിയെടുക്കുവാൻ കർഷകർ സംഘടിച്ചേ പറ്റൂ. സംഘടിത തൊഴി ലാളികളും, ഉദ്യോഗസ്ഥരും അവരുടെ അവകാശങ്ങൾ നേടിയെടുക്കു വാൻ പ്രകടിപ്പിക്കുന്ന കൂട്ടായ്മ കർഷകർ പാഠമാക്കേണ്ടതാണ്. കഠിനാദ്ധ്വാനം ചെയ്ത് നാടിനെയും പൊതുസമൂഹത്തെയും സേവി ക്കുന്ന കർഷകരുടെ നിരവധിയായ പ്രശ്നങ്ങളിൽ മാറിമാറിവരുന്ന സർക്കാരുകൾ മുഖംതിരിഞ്ഞുനിൽക്കുന്നത് നീതിനിഷേധവും കുറ്റകര മായ അനാസ്ഥയുമാണ്.

കൃഷി ചെയ്യാൻ വായ്പകളും സബ്സിഡിയും പ്രഖ്യാപിച്ച് കാർഷിക സംസ്കാരത്തിലേയ്ക്ക് ഒരു ജനവിഭാഗത്തെ മുഴുവൻ ഇറക്കി വിട്ടതിനുശേഷം പ്രതിസന്ധികളുണ്ടാകുമ്പോൾ അവരെ സഹായി ക്കാൻ ധാർമ്മിക ഉത്തരവാദിത്വമുള്ള സർക്കാർ ഒളിച്ചോടുന്നത് ശരി യായ നടപടിയല്ല. ജീവനക്കാർക്കും, പെൻഷൻകാർക്കും വർഷംതോറും സാമ്പത്തിക വർദ്ധനവ് ഏർപ്പെടുത്തുന്ന ഭരണനേതൃത്വങ്ങൾ പ്രവർത്തനവൈകല്യം മൂലം സാമ്പത്തിക തകർച്ച നേരിടുന്ന സർക്കാർവക സ്ഥാപനങ്ങളുടെയും കമ്പനികളുടെയും ബോർഡുകളു ടെയും കടങ്ങളും നഷ്ടങ്ങളും എഴുതിത്തള്ളുമ്പോൾ ഇടനാട്ടിലും മലയോരങ്ങളിലുമുള്ള പാവപ്പെട്ട കർഷകരെയും, തീരദേശങ്ങളിലെ മത്സ്യത്തൊഴിലാളികളെയും സാധാരണക്കാരെയും നിർദ്ദയം അവഗണി ക്കുന്നത് നീതിയല്ല.

ഫ്രാൻസിസ് പാപ്പയുടെ ദർശനം ഉൾക്കൊണ്ടുകൊണ്ട് പാർശ്വവൽക്കരിക്കപ്പെട്ട കർഷക സമൂഹത്തിന്റെ സമഗ്ര വിമോചന ത്തിന് നേതൃത്വം നൽകുവാൻ ഓരോ രൂപതയും ബഹുമാനപ്പെട്ട വൈദി കരും മുന്നോട്ടുവരണം. ഇൻഫാമിന്റെ യൂണിറ്റ് നിലവിലില്ലാത്ത ഇടവക കളിൽ യൂണിറ്റുകൾ രൂപീകരിക്കുവാൻ ബഹുമാനപ്പെട്ട വൈദികർ

നേതൃത്വം നൽകണം. കർഷകദിനാചരണത്തിന്റെ ഭാഗമായി ജനുവരി 15-ന് ഇടവകകൾ തോറും ഇൻഫാം പതാകകൾ ഉയർത്തുകയും കാർഷിക സെമിനാറുകൾ, പൊതുയോഗങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കുകയും വേണം.

കർഷക ക്ഷേമം ലക്ഷ്യമാക്കി നിസ്വാർത്ഥതയോടും, ത്യാഗമനോഭാവത്തോടുംകൂടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മഹനീയ വ്യക്തിത്വങ്ങളെയും ഇൻഫാമിൽ അണിചേർന്നിട്ടുള്ള മുഴുവൻ കർഷക സഹോദരങ്ങളെയും ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. കർഷകരുടെ ക്ഷേമത്തിനും രക്ഷക്കുംവേണ്ടി നടത്തപ്പെടുന്ന എല്ലാ പ്രവർത്തനങ്ങളുടെയും പ്രേരകശക്തി ദൈവഹിതമാണെന്ന ബോധ്യത്തോടെ പ്രതിസന്ധികളിൽ പതറാതെ നമുക്ക് ഒരുമിച്ച് മുന്നേറാം.

കേരള കത്തോലിക്കാ മെത്രാൻ സമിതിക്കുവേണ്ടി,

**ബിഷപ്പ് മാർ മാത്യു അറയ്ക്കൽ**
എപ്പിസ്കോപ്പൽ അഡ്വൈസർ, ഇൻഫാം

---

**NB:- ഈ സർക്കുലർ 2016 ജനുവരി മാസം 10-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കുകയോ ഇതിലേ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ച് കൊടുക്കുകയോ ചെയ്യേണ്ടതാണ്.**

**Prot. No. 2203/2015**

# സർക്കുലർ

## മേജർ ആർച്ച് ബിഷപ്പിന്റെ

2015 ആഗസ്റ്റ് 17 മുതൽ 29 വരെ കാക്കനാട് മൗണ്ട് സെന്റ് തോമസ് സഭാകേന്ദ്രത്തിൽ സമ്മേളിച്ച സീറോ മലബാർസഭാ മെത്രാന്മാരുടെ 23–ാ മത് സിനഡിന്റെ ദ്വിതീയ സമ്മേളനത്തിനുശേഷം എല്ലാസീറോ മലബാർ വിശ്വാസികൾക്കും വേണ്ടി **മേജർ ആർച്ച്ബിഷപ്പ് ജോർജ്ജ് ആലഞ്ചേരി പിതാവ്** പുറപ്പെടുവിക്കുന്ന സർക്കുലർ

ഈശോമിശിഹായിൽ പ്രിയ സഹോദരീ സഹോദരൻമാരേ,

2015 ആഗസ്റ്റ് 17 മുതൽ 29 വരെ നടന്ന സീറോമലബാർ സഭാ സിനഡിന്റെ രണ്ടാം സെഷനെ സംബന്ധിച്ച വിവരങ്ങൾ ഈ സർക്കുലറിലൂടെ നിങ്ങളേവരെയും അറിയിക്കാൻ ഞാനാഗ്രഹിക്കുന്നു. പതിവുപോലെ ആദ്യദിവസം ഉച്ചവരെയുള്ള സമയം പ്രാർത്ഥിച്ചും ധ്യാനിച്ചും വിശുദ്ധ കുർബാന അർപ്പിച്ചും സിനഡുപിതാക്കന്മാർ ആത്മീയമായി ഒരുങ്ങി. ഉച്ചകഴിഞ്ഞ് സിനഡ് ഔദ്യോഗികമായി സമ്മേളിച്ച് നിശ്ചിത വിഷയങ്ങളെ സംബന്ധിച്ചുള്ള ചർച്ചകളിലേക്കു പ്രവേശിച്ചു. 46 പിതാക്കന്മാർ സിനഡിൽ സംബന്ധിച്ചു.

**മണ്ഡ്യാ രൂപതയുടെ അതിർത്തി വികസനവും പുതിയ മെത്രാനും**

സിനഡിലെ ഏറ്റവും സന്തോഷകരവും സുപ്രധാനവുമായ ഒരു സംഭവം മണ്ഡ്യാ രൂപതയുടെ പുതിയ മെത്രാന്റെ നിയമനവും പ്രഖ്യാപനവുമായിരുന്നു. ബാംഗ്ലൂർ ലത്തീൻ അതിരൂപതയുടെ ഭൂപ്രദേശംകൂടി ഉൾപ്പെടുത്തി മണ്ഡ്യാ രൂപതയുടെ അതിർത്തി വികസിപ്പിക്കയും രൂപതയുടെ രണ്ടാമത്തെ ഇടയനായി അഭിവന്ദ്യ ആന്റണി കരിയിൽ സി.എം.ഐ. പിതാവ് നിയമിതനാവുകയും ചെയ്തു. പുതിയ ഇടയന്റെ മെത്രാഭിഷേകം ഒക്ടോബർ 18–ന് മണ്ഡ്യാരൂപതയുടെ കത്തീഡ്രൽ പള്ളിയങ്കണത്തിൽ നടക്കുകയുണ്ടായി. ബാംഗ്ലൂരിലെ ആറു ഡിസ്ട്രിക്റ്റുകളിലായി കഴിയുന്ന പതിനായിരക്കണക്കിന് സീറോമലബാർ വിശ്വാസി

കൾക്ക് മാതൃസഭയുടെ അധികാരത്തിൻ കീഴിൽ അജപാലന ശുശ്രൂഷ ലഭിക്കാനുള്ള സാഹചര്യം പുതിയ ക്രമീകരണത്തിലൂടെ സംജാതമായിരിക്കുന്നു.

**പ്രേഷിതമുന്നേറ്റവും അജപാലകരും**

പ്രേഷിതപ്രവർത്തനത്തിനും അജപാലനശുശ്രൂഷയ്ക്കുമായി കൂടുതൽ പ്രദേശങ്ങൾ സീറോമലബാർ സഭയ്ക്ക് തുറന്നുകിട്ടുന്ന ഇന്നത്തെ സാഹചര്യത്തിൽ, അവിടെ സേവനം ചെയ്യുന്നതിന് നല്ല തീക്ഷ്ണതയും പ്രേഷിതചൈതന്യവുമുള്ള വൈദികരെ സഭയ്ക്കാവശ്യമുണ്ട്. വൈദികാർത്ഥികൾക്ക് അത്തരത്തിലുള്ള പരിശീലനം ലഭിക്കേണ്ടിയിരിക്കുന്നു. പരിശീലനകാലഘട്ടത്തിൽത്തന്നെ മിഷൻ അനുഭവം ലഭിക്കാനും മിഷൻ സെമിനാരികളിൽ പരിശീലനം നേടാനും അവസരമൊരുക്കണമെന്ന് സിനഡ് നിർദ്ദേശിച്ചു. മിഷൻ ദൈവവിളികൾ പ്രോത്സാഹിപ്പിക്കണമെന്നും മിഷൻ രൂപതകൾക്കുവേണ്ടി കേരളത്തിലെ രൂപതകളിൽ നിന്ന് കൂടുതൽ ദൈവവിളികൾ കണ്ടെത്താൻ പരിശ്രമിക്കണമെന്നും സിനഡ് നിർദ്ദേശിച്ചു.

സാംഗ്ലീ, രാജ്കോട്ട്, സാഗർ, ബിജ്നോർ, ബെൽത്തങ്ങാടി തുടങ്ങിയ സീറോ മലബാർ മിഷൻ കേന്ദ്രങ്ങൾ ഞാൻ സന്ദർശിക്കുകയുണ്ടായി. നമ്മുടെ മിഷൻ രൂപതകളിൽ നടക്കുന്ന പ്രവർത്തനങ്ങളും അവയുടെ വളർച്ചയും പരസ്പരം പങ്കുവയ്ക്കുന്നതിന് സഹായകരമായ ഒരു പ്രസിദ്ധീകരണം, മെത്രാന്മാർ മിഷൻ രൂപതകൾ സന്ദർശിക്കുന്നത്, മിഷൻ അനുഭവം ലഭിക്കുന്നതിന് വടക്കേ ഇന്ത്യയിൽവച്ച് വൈദികർക്ക് തുടർപരിശീലനം നൽകുന്നത്, പ്രാദേശികമായി ചില മിഷൻകേന്ദ്രങ്ങൾ വളർത്തിയെടുക്കേണ്ടതിന്റെ ആവശ്യകത തുടങ്ങിയ കാര്യങ്ങളും സിനഡ് ചർച്ച ചെയ്തു. ചുരുക്കത്തിൽ, സീറോമലബാർ സഭയുടെ മിഷൻ മേഖലയെ സംബന്ധിച്ച് ഏറെ താൽപര്യത്തോടെയും ക്രിയാത്മകമായും സിനഡ് പരിചിന്തിക്കുകയുണ്ടായി.

**സാമൂഹിക പ്രവർത്തനങ്ങൾ**

വിവിധ രൂപതകളും സമർപ്പിത സമൂഹങ്ങളും മറ്റു സ്ഥാപനങ്ങളും ചെയ്യുന്ന സാമൂഹ്യസേവന പ്രവർത്തനങ്ങൾ അതിവിപുലമാണ്. ഇവയെക്കുറിച്ച് വളരെ പരിമിതമായ അറിവേ പൊതുസമൂഹത്തിനുള്ളൂ. നമ്മുടെ സഭയിൽ വിവിധ തലങ്ങളിൽ നടക്കുന്ന സാമൂഹ്യ പ്രവർത്തനങ്ങളെ പരസ്പരം ബന്ധിപ്പിക്കുകയും അറിയിക്കുകയും ചെയ്യുന്ന ഒരു സംവിധാനത്തിനു രൂപം കൊടുക്കാൻ സിനഡു തീരുമാനിച്ചു.

**കരുണയുടെ വിശുദ്ധ വത്സരം**

ഫ്രാൻസീസ് പാപ്പ പ്രഖ്യാപിച്ചിരിക്കുന്ന കരുണയുടെ വിശുദ്ധ വത്സരത്തിന്റെ ആചരണം സംബന്ധിച്ച് ചില കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തട്ടെ. പതിവിൽനിന്ന് വ്യത്യസ്തമായ രീതിയിലായിരിക്കണം കരുണയുടെ വിശുദ്ധ വത്സരം ആചരിക്കേണ്ടതെന്ന് പരിശുദ്ധ പിതാവ് ആഗ്രഹിക്കുന്നു. സത്യവും നീതിയും നിഷേധിക്കാതെതന്നെ നമുക്കൊരു കരുണയുടെ മുഖമുണ്ടായിരിക്കണം. നമ്മുടെ വ്യക്തിജീവിതത്തിലും അജപാലന സമീപനത്തിലും കരുണയുടെ വത്സരാചരണം പ്രതിഫലിക്കണം. വ്യക്തിബന്ധങ്ങളും ആളുകളോടുള്ള ഇടപെടലുകളും ആദരവോടെയും സ്നേഹത്തോടെയുമായിരിക്കണം.

**മാരകരോഗം ബാധിച്ചവരെ ശുശ്രൂഷിക്കുന്നത്**

മാരകരോഗം ബാധിച്ച് മരണം പ്രതീക്ഷിച്ചു കഴിയുന്നവർക്ക് ആവശ്യമായ ശുശ്രൂഷകൾ നൽകി അവർക്ക് ആശ്വാസം പകരുവാൻ രൂപതകൾ കൂടുതൽ ശ്രദ്ധ കാണിക്കണമെന്ന് സിനഡ് പിതാക്കന്മാർ അഭിപ്രായപ്പെട്ടു. അങ്ങനെയുള്ള സേവനകേന്ദ്രങ്ങൾ കൂടുതലായി ഉണ്ടാകേണ്ടിയിരിക്കുന്നു. കരുണയുടെ വർഷത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ട പല കാര്യങ്ങളും പിതാക്കന്മാർ പങ്കുവയ്ക്കുകയുണ്ടായി. അനുരഞ്ജന കൂദാശയുടെ സ്വീകരണം, സഭാ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർക്ക് നീതിപൂർവ്വമായ വേതനം, സാമൂഹികവും ജീവകാരുണ്യപരവുമായ പ്രവർത്തനങ്ങൾക്ക് വരുമാനത്തിന്റെ നിശ്ചിത ശതമാനം ചെലവഴിക്കുക തുടങ്ങിയ കാര്യങ്ങൾ നിർദ്ദേശിക്കപ്പെട്ടു. കരുണയുടെ വർഷാചരണത്തിനുള്ള ഒരു പ്രവർത്തനപദ്ധതി സിനഡ് അംഗീകരിക്കുകയുണ്ടായി.

**ചില സഭാസംഭവങ്ങൾ**

**1. സമർപ്പിതവർഷാചരണ സമാപനം:**

2016 ഫെബ്രുവരി 2-ന് സമർപ്പിത വർഷാചരണം സമാപിക്കുകയാണല്ലോ. സമാപനാഘോഷം ഓരോ രൂപതയിലും യഥോചിതം നടത്തിയാൽ മതിയെന്നും സഭയ്ക്ക് പൊതുവായൊരു ആഘോഷം വേണ്ടെന്നുമാണ് സിനഡ് തീരുമാനിച്ചിരിക്കുന്നത്.

**2. മേജർ ആർക്കി എപ്പിസ്കോപ്പൽ പദവിയുടെ രജതജൂബിലി**

സീറോമലബാർ സഭയെ മേജർ ആർക്കി എപ്പിസ്കോപ്പൽ പദവിയിലേയ്ക്കുയർത്തിയതിന്റെ രജതജൂബിലിയാണ് 2016-ൽ. ഈ സംഭവം സമുചിതമായി ആഘോഷിക്കുന്നതിനുള്ള പല നിർദ്ദേശങ്ങളും സിനഡ്

പിതാക്കന്മാർ മുന്നോട്ടുവയ്ക്കുകയുണ്ടായി. ഇതു സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**3. റോമിൽ സീറോമലബാർ സഭയ്ക്കൊരു കേന്ദ്രം (Procura)**

സഭാപരമായ കാര്യങ്ങളിൽ ആവശ്യാനുസരണം വത്തിക്കാൻ കാര്യാലയങ്ങളുമായി ബന്ധപ്പെട്ട് സഭാപ്രവർത്തനങ്ങൾ ഊർജ്ജിത പ്പെടുത്തുന്നതിനു സഹായകരമായ ഒരു ഭവനം സീറോമലബാർ സഭ യുടേതായി റോമിൽ ഉണ്ടാകണമെന്നുള്ളത് ഏറെക്കാലമായുള്ള സഭ യുടെ ആഗ്രഹമായിരുന്നു. അതിപ്പോൾ യാഥാർത്ഥ്യമായിരിക്കുന്നു എന്നുള്ളത് ഏറെ സന്തോഷത്തോടെ എല്ലാവരെയും അറിയിക്കുന്നു. ഇപ്പോൾ ഈ ഭവനത്തിന്റെ ചുമതല വഹിക്കുന്നത് മോൺ സ്റ്റീഫൻ ചിറപ്പണത്താണ്. റോമിലും ഇറ്റലിയിലെ വിവിധ സ്ഥലങ്ങളിലുമായി ചിതറിക്കഴിയുന്ന സീറോമലബാർ വിശ്വാസികൾക്കുവേണ്ടിയുള്ള അജപാലനപ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെട്ടിട്ടുണ്ട് എന്ന കാര്യവും എല്ലാവരെയും അറിയിക്കുന്നു.

**4. മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി**

അടുത്ത മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി (നാലാമത്തേത്) 2016 ആഗസ്റ്റ് 26 മുതൽ 28 വരെ തീയതികളിൽ നടത്തു വാൻ സിനഡ് നിശ്ചയിച്ചിരിക്കുകയാണ്. 475 ഓളം പേർ പങ്കെടുക്കുന്ന അസംബ്ലിക്ക് ആവശ്യമായ സജ്ജീകരണങ്ങൾ പരിഗണിച്ച് ഇരിങ്ങാ ലക്കുട രൂപതയിലെ കൊടകരയിലുള്ള സഹൃദയാ എൻജിനീയറിംഗ് കോളേജിൽ വച്ചായിരിക്കും അസംബ്ലി നടത്തുന്നത്. അസംബ്ലിയുടെ മുഖ്യചർച്ചാവിഷയം ഇന്നത്തെ വെല്ലുവിളികൾക്ക് സഭയുടെ പ്രതി കരണം എന്നതാണ്. കുടുംബം, ലാളിത്യം, പ്രവാസികൾ എന്നിവയെ സംബന്ധിച്ചും അസംബ്ലിയിൽ ചർച്ച ഉണ്ടാകും. അസംബ്ലിക്കുവേണ്ടി യുള്ള തയ്യാറെടുപ്പ് അസംബ്ലി കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ ആരംഭിച്ചു കഴിഞ്ഞു. വിശദാംശങ്ങൾ യഥാസമയം എല്ലാവരെയും അറിയിക്കുന്ന താണ്.

**പ്രവാസികളുടെ അജപാലനം**

**1. അപ്പസ്തോലിക്ക് വിസിറ്ററിന്റെ പ്രവർത്തനങ്ങൾ**

ഇന്ത്യയിൽ പ്രവാസികളായി കഴിയുന്ന സീറോമലബാർ വിശ്വാ സികളുടെ അജപാലനപരമായ അവസ്ഥയെക്കുറിച്ചും അവർക്കു നൽകേണ്ട ശുശ്രൂഷയെക്കുറിച്ചും പഠിച്ച് ആവശ്യമായ ക്രമീകരണ ങ്ങൾ ചെയ്യുന്നതിന് നിയോഗിക്കപ്പെട്ടിരിക്കുന്ന അപ്പസ്തോലിക് വിസിറ്റർ മാർ റാഫേൽ തട്ടിൽ പിതാവ് വളരെ ശ്ലാഘനീയമായ രീതിയിൽത്തന്നെ

തന്റെ ദൗത്യം നിർവ്വഹിച്ചുകൊണ്ടിരിക്കുന്നു. ബുദ്ധിമുട്ടുകളും പ്രതിബന്ധങ്ങളും ഏറെയുണ്ടെങ്കിലും ഇതിനോടകം ഏറെക്കാര്യങ്ങളിൽ പരിഹാരമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. പ്രവാസികളുടെ അജപാലനാവശ്യങ്ങളെല്ലാം സാധ്യമാക്കാൻ നമുക്ക് ദൈവത്തോട് പ്രാർത്ഥിക്കാം.

**2. കമ്മീഷന്റെ പ്രവർത്തനങ്ങൾ**

വിവിധരാജ്യങ്ങളിൽ പ്രവാസികളായി കഴിയുന്ന സീറോമലബാർ വിശ്വാസികൾക്കുവേണ്ടിയുള്ള അജപാലനശുശ്രൂഷയുടെ കാര്യത്തിൽ സിനഡ് ഏറെ ജാഗ്രത പുലർത്തുന്നതോടൊപ്പം പരിമിതികളുടെ നടുവിൽ പരമാവധി ചെയ്യുവാൻ ശ്രമിക്കുന്നുമുണ്ട്. യൂറോപ്യൻ രാജ്യങ്ങളിലെ പ്രവാസികളുടെ കാര്യത്തിൽ ഏറെ പുരോഗതി ഉണ്ടായിട്ടുണ്ട്. ഇംഗ്ലണ്ടിലെ ലാങ്കാസ്റ്റർ രൂപതയിൽ രണ്ടു വ്യക്തിഗത ഇടവകകൾ നമുക്കു അനുവദിച്ചിട്ടുണ്ട്. ഒരു പള്ളിയും നമുക്കു ലഭിച്ചിട്ടുണ്ട്. ഗൾഫ് രാജ്യങ്ങളിൽ നിലവിലിരിക്കുന്ന ബുദ്ധിമുട്ടുകൾ ഇനിയും പരിഹരിക്കപ്പെട്ടിട്ടില്ല. അതിനുള്ള പരിശ്രമങ്ങൾ തുടരുന്നു.

**ആരാധനാക്രമ വിഷയങ്ങൾ**

1. മെത്രാന്റെ സാന്നിധ്യത്തിലുള്ള സമൂഹബലിയിൽ വൈദികരിലൊരാൾ കാർമ്മികനാകുമ്പോൾ പാലിക്കേണ്ടക്രമവും, ദൈവാലയ കൂദാശാകർമ്മം സംബന്ധിച്ച് ചില പൊതുനിർദ്ദേശങ്ങളും സിനഡ് ചർച്ച ചെയ്ത് നിശ്ചയിക്കുകയുണ്ടായി.

2. പൗരസ്ത്യസുറിയാനി ആരാധനക്രമത്തിലെ മൂന്നാമത്തെ അനാഫൊറയായ നെസ്തോറിയസിന്റെ അനാഫൊറയുടെ മലയാളടെക്സ്റ്റ് സിനഡ് ചർച്ചചെയ്ത് അംഗീകരിച്ചു. ടെക്സ്റ്റിന്റെ ഭാഷാപരിശോധനയ്ക്കായി ഒരു പ്രത്യേക കമ്മിറ്റിയെ ഇപ്പോൾ ചുമതലപ്പെടുത്തിയിരിക്കുകയാണ്. സിനഡ് ഔദ്യോഗികമായി അംഗീകരിച്ച്, റോമിൽനിന്നുള്ള അംഗീകാരവും ലഭിച്ചതിനുശേഷം നമ്മുടെ സഭയിൽ ഉപയോഗത്തിനായി ടെക്സ്റ്റ് പ്രസിദ്ധപ്പെടുത്തുന്നതാണ്.

**ചില അറിയിപ്പുകളും പൊതുവിവരങ്ങളും**

**1. ആഘോഷമായ വിശുദ്ധ കുർബാന സ്വീകരണത്തിന് ഒരു പാഠപുസ്തകം**

ആഘോഷമായ വിശുദ്ധ കുർബാന സ്വീകരണത്തിന് കുട്ടികളെ ഒരുക്കുന്നതിന് സഹായകരമായ ഒരു മതബോധന പാഠപുസ്തകം മതബോധന കമ്മീഷന്റെ ആഭിമുഖ്യത്തിൽ തയ്യാറായി വരുന്നു.

ജനുവരി സിനഡിന്റെ അവസരത്തിൽ ഇതു പ്രസിദ്ധീകരിക്കാൻ സാധിക്കുമെന്നു കരുതുന്നു.

**2. ആരാധനക്രമ വിശ്വാസപരിശീലനഗ്രന്ഥം**

സീറോമലബാർ സഭയുടെ ആരാധനക്രമ വിശ്വാസപരിശീലനം എന്ന പേരിൽ ഒരു വിശ്വാസ പ്രബോധനഗ്രന്ഥം പ്രസിദ്ധീകരിച്ചിരിക്കുന്നു. സിനഡിന്റെ താല്പര്യപ്രകാരം ലിറ്റർജി കമ്മീഷനും മതബോധനകമ്മീഷനും സംയുക്തമായിട്ടാണ് ഈ ഗ്രന്ഥം തയ്യാറാക്കിയിരിക്കുന്നത്. വിശുദ്ധ കുർബാനയിലും മറ്റു കൂദാശകളിലും സഭയോടു ചേർന്നുള്ള ജീവിതത്തിലും കുട്ടികൾക്കും യുവജനങ്ങൾക്കും പരിശീലനം നൽകുക എന്നതാണ് ഈ ഗ്രന്ഥത്തിന്റെ ലക്ഷ്യം. നമ്മുടെ സഭയുടെ വിശ്വാസപാരമ്പര്യങ്ങൾക്കനുസരിച്ച് വിശ്വാസജീവിതം നയിക്കാൻ സഹായകമായ ഈ ഗ്രന്ഥം എല്ലാവരും പ്രയോജനപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

**3. തുരുത്തേലച്ചന് വൈദികരത്ന ബഹുമതി**

മാതൃകാ വൈദികനും തീക്ഷ്ണമതിയും MST സമൂഹാംഗവുമായ ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ തുരുത്തേലച്ചന് അദ്ദേഹത്തിന്റെ ദീർഘകാലത്തെ വിശിഷ്ടമായ സഭാസേവനങ്ങൾ പരിഗണിച്ച് വൈദികരത്നം എന്ന ബഹുമതി നൽകി ആദരിക്കാൻ സിനഡ് തീരുമാനിച്ചു.

**4. ഡോ. സിസ്റ്റർ മേരി ലിറ്റി LSDP യ്ക്ക് LRC അവാർഡ്**

പാവപ്പെട്ടവരും ഏറ്റവും താഴേക്കിടയിലുള്ള നിസ്സഹായരുമായവർക്കുവേണ്ടി കരുണാർദ്രമായ സ്നേഹശുശ്രൂഷ നിർവ്വഹിക്കുന്ന ദൈവപരിപാലനയുടെ എളിയ സഹോദരികൾ (LSDP) എന്ന സമർപ്പിത സമൂഹത്തിന്റെ സ്ഥാപക ബഹുമാനപ്പെട്ട മദർ മേരി ലിറ്റിക്ക് സിനഡ് ഏർപ്പെടുത്തിയിരിക്കുന്ന LRC അവാർഡ് നൽകി ആദരിച്ചു.

**5. സീറോമലബാർ സഭാ ആന്തം രചനാ വിജയികൾക്ക് സമ്മാനം**

സീറോമലബാർ സഭയ്ക്ക് ഒരു ആന്തം (Anthem) രചിക്കുന്നതിനു LRC നടത്തിയ മത്സരത്തിൽ വിജയികളായവർക്ക് സമ്മാനങ്ങൾ നൽകി.

**6. കുരിശുകളുടെ ശേഖരം**

വിവിധ തരത്തിലുള്ള കുരിശുകളുടെ ശേഖരം മൗണ്ട് സെന്റ് തോമസിലെ മ്യൂസിയത്തിൽ പ്രദർശിപ്പിച്ചിരിക്കുന്നു. സന്ദർശകർക്ക് കാണുന്നതിന് കുരിശുകളുടെ ഈ മ്യൂസിയം ഭാഗം ഔദ്യോഗികമായി തുറന്നിരിക്കുന്നു. കാഞ്ഞിരപ്പള്ളി രൂപതയിലെ ബഹുമാനപ്പെട്ട ആലുങ്കൽ ജോർജച്ചനാണ് കുരിശുകളുടെ വൻശേഖരം സംഭാവന ചെയ്തത്.

**7. ബഹു. തെള്ളിയിൽ എമ്മാനുവേലച്ചൻ CMI യുടെ മരണം**

സീറോമലബാർ സഭയുടെ ആരാധനക്രമ പരിഷ്കരണത്തിൽ വിലപ്പെട്ട സംഭാവനകൾ നൽകിയ തെള്ളിയിൽ ബഹു. എമ്മാനുവേലച്ചന്റെ മരണത്തിൽ സിനഡ് അഗാധമായ ദുഃഖം രേഖപ്പെടുത്തുകയും വിശുദ്ധ കുർബാന അർപ്പിച്ച് പ്രാർത്ഥിക്കുകയും ചെയ്തു. സുറിയാനി ഭാഷയിൽ അഗാധ പാണ്ഡിത്യം ഉണ്ടായിരുന്ന തെള്ളിയിലച്ചൻ ഒരു സുറിയാനി നിഘണ്ടു പ്രസിദ്ധീകരിക്കുകയും ആരാധനക്രമത്തിന്റെ സുറിയാനി ഉറവിടങ്ങൾ ആധുനിക തലമുറയ്ക്ക് പരിചയപ്പെടുത്തുകയും അതുവഴി ആരാധനക്രമ പുനരുദ്ധാരണത്തിൽ നിർണായക പങ്കു വഹിക്കുകയും ചെയ്തിട്ടുണ്ട്. സുറിയാനി മല്പാൻ എന്ന പേരിന് അദ്ദേഹം തികച്ചും യോഗ്യനാണ്. തെള്ളിയിലച്ചന്റെ സഭാസേവനങ്ങളെ നന്ദിയോടെ ഓർക്കുകയും അദ്ദേഹത്തിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യാം.

**8. ജീസസ് യൂത്ത്**

ജീസസ് യൂത്ത് എന്ന യുവജനപ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾക്ക് സഭാതലത്തിൽ ഒരു മാർഗരേഖ തയ്യാറാക്കിയിട്ടുണ്ട്. മാതൃസഭയോടുള്ള ബന്ധത്തിൽ അടിയുറച്ചും സഭാപാരമ്പര്യങ്ങൾക്കനുസരിച്ചും പ്രവർത്തിക്കുന്നതിനു സഹായകമായ പരിശീലനം ജീസസ് യൂത്ത് അംഗങ്ങൾക്കു ലഭിക്കേണ്ടതിന്റെ ആവശ്യകത സിനഡ് വ്യക്തമാക്കി. ഈ പ്രസ്ഥാനത്തിന്റെ ആദ്ധ്യാത്മികത സ്വന്തം സ്വയാധികാര സഭയുടേതാണ്. ഇക്കാര്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള മാർഗ്ഗരേഖ താമസിയാതെ പ്രസിദ്ധപ്പെടുത്തുന്നതാണ്.

**9. ധ്യാനകേന്ദ്രങ്ങൾക്ക് മാർഗരേഖ**

സീറോമലബാർ സഭയിലെ ധ്യാനകേന്ദ്രങ്ങൾക്കായി ഒരു മാർഗരേഖയ്ക്ക് അന്തിമരൂപം കൊടുക്കാൻ സിനഡിനു സാധിച്ചു. പ്രത്യേകം നിയോഗിക്കപ്പെട്ട ഒരു കമ്മിറ്റി തയ്യാറാക്കിയ ഡ്രാഫ്റ്റ് സമഗ്രമായ ചർച്ചയ്ക്ക് വിധേയമാക്കുകയും ആവശ്യമായ മാറ്റങ്ങൾ വരുത്തി സിനഡ് അംഗീരിക്കുകയും ചെയ്തു. ഇതിലെ മാർഗനിർദ്ദേശങ്ങൾക്കനുസരിച്ച് ധ്യാനകേന്ദ്രങ്ങൾ പ്രവർത്തിക്കാൻ ചുമതലപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്. മാർഗരേഖ താമസിയാതെ ലഭ്യമാക്കുന്നതാണ്.

**10. വൈദികാർത്ഥികളുടെ രൂപീകരണം**

വൈദികാർത്ഥികളുടെ രൂപീകരണം സഭയെ സംബന്ധിച്ചിടത്തോളം സർവ്വപ്രധാനമാണ്. ഉത്തമരായ വൈദികരെ രൂപപ്പെടുത്തുന്ന സെമിനാരി പരിശീലനത്തിന്റെ വിവിധ വശങ്ങൾ സിനഡ്

ചർച്ചചെയ്തു. സിനഡിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ നാലു സെമിനാരികളാണുള്ളത്. വടവാതൂർ, ആലുവ, കുന്നോത്ത്, സത്നാ എന്നിവയാണ് പ്രസ്തുത സെമിനാരികൾ. മെത്രാന്മാർ അംഗങ്ങളായുള്ള കമ്മീഷനുകൾക്കാണ് ഈ സെമിനാരികളുടെ മേൽനോട്ടം. സഭമുഴുവന്റെയും ശ്രദ്ധയും പ്രാർത്ഥനയും വൈദികാർത്ഥികളുടെ പരിശീലന കാര്യത്തിൽ ഉണ്ടാകണമെന്ന് ഞാൻ സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

സീറോമലബാർ സഭയിലെ വിവിധ സെമിനാരികളിൽ മെത്രാന്മാരുടെ വിവിധ ടീമുകൾ ഔദ്യോഗിക സന്ദർശനം നടത്തുകയും സെമിനാരി പരിശീലനത്തിന്റെ ഇപ്പോഴത്തെ അവസ്ഥ സമഗ്രമായി പഠിച്ച് വിലയിരുത്തുകയുംചെയ്തു. അത് ഏറെ പ്രയോജനകരമായി. അതിന്റെ വെളിച്ചത്തിൽ ഭാവി കാര്യങ്ങൾ ചെയ്യുവാനാണ് ശ്രമിക്കുന്നത്. സഭയിൽ സെമിനാരി പരിശീലനത്തിന്റെ പ്രാധാന്യം വ്യക്തമാക്കിയ ഈ സന്ദർശനം വളരെയേറെ സ്വാഗതം ചെയ്യപ്പെട്ടു എന്നത് എടുത്തു പറയേണ്ടിയിരിക്കുന്നു.

**11. സെമിനാരിക്കാർക്ക് പുനഃപ്രവേശനം നൽകുന്നത് സംബന്ധിച്ച്**

ഏതെങ്കിലും ഒരു സമർപ്പിത സമൂഹത്തിൽനിന്നോ രൂപതയിൽനിന്നോ പുറത്താക്കപ്പെട്ട സെമിനാരിക്കാരെ മറ്റൊരു സമർപ്പിത സമൂഹമോ രൂപതയോ വൈദികാർത്ഥികളായി സ്വീകരിക്കുന്നത് സംബന്ധിച്ച് വത്തിക്കാനിലെ പൗരസ്ത്യ സഭാ കാര്യാലയത്തിൽനിന്നു ലഭിച്ച കത്തിന്റെ അടിസ്ഥാനത്തിൽ സിനഡ് ഇപ്രകാരം തീരുമാനിക്കുകയുണ്ടായി: സമർപ്പിത സമൂഹത്തിൽ നിന്നുള്ളവരാണെങ്കിൽ ബന്ധപ്പെട്ട സെമിനാരി റെക്ടറിൽനിന്നും സമർപ്പിത സമൂഹാധികാരികളിൽനിന്നും, രൂപതയ്ക്കുവേണ്ടിയുള്ള വരാണെങ്കിൽ ബന്ധപ്പെട്ട മെത്രാനിൽനിന്നും സെമിനാരി റെക്ടറിൽനിന്നും പുനഃപ്രവേശനത്തിന് അനുകൂലമായ കത്ത് വാങ്ങിച്ചിരിക്കണം.

**12. പി. ആർ. ഓഫീസ്**

സീറോമലബാർ സഭയുടെ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ഉത്തരവാദിത്വം പുതിയൊരു ടീമിനെ ഏല്പിച്ച വിവരം എല്ലാവരെയും അറിയിക്കുന്നു. പൂച്ചക്കാട്ട് ബഹു. ജിമ്മിയച്ചൻ കോ-ഓർഡിനേറ്റർ ആയുള്ള അഞ്ചംഗ ടീമിനെയാണ് ചുമതല ഏല്പിച്ചിരിക്കുന്നത്. ദീർഘ കാലം പി.ആർ.ഒ ആയി സേവനം ചെയ്ത ബഹു. പോൾ തേലക്കാട്ടച്ച നോടുള്ള നന്ദി ഈയവസരത്തിൽ സ്നേഹപൂർവ്വം അറിയിക്കുന്നു.

## 13. മേജർ സുപ്പീരിയേഴ്സുമായുള്ള സമ്മേളനം

സിനഡിനോടനുബന്ധിച്ച് സീറോമലബാർ സഭയിലെ സമർപ്പിത സമൂഹങ്ങളുടെ മേജർ സൂപ്പീരിയേഴ്സും സിനഡുപിതാക്കന്മാരും സംയുക്തമായി സമ്മേളിച്ച് സഭയിൽ സമർപ്പിത സമൂഹങ്ങളുടെ ശുശ്രൂഷയെ സംബന്ധിച്ച കാര്യങ്ങൾ ചർച്ച ചെയ്യുകയുണ്ടായി. സ്ത്രീകളും പുരുഷന്മാരുമടങ്ങുന്ന സമർപ്പിതസമൂഹങ്ങളുടെ വിവിധങ്ങളായ ശുശ്രൂഷകൾ സഭയ്ക്ക് വളരെ വിലപ്പെട്ടതാണ്. നമ്മുടെ സഭയിൽ സമർപ്പിത സമൂഹങ്ങൾ ചെയ്യുന്ന വലിയ സേവനങ്ങൾ നമുക്ക് നന്ദിയോടെ ഓർക്കാം. സഭയുടെ സാമ്പത്തികാവശ്യങ്ങളിലും സമർപ്പിതസമൂഹങ്ങൾ നൽകുന്ന ഉദാരമായ സഹായങ്ങൾ ഞാൻ നന്ദിയോടെ അനുസ്മരിക്കുന്നു.

മെത്രാന്മാരും വൈദികരും സമർപ്പിത സമൂഹങ്ങളും തമ്മിൽ എല്ലാ തലങ്ങളിലും കൂടുതൽ ഐക്യവും പരസ്പരധാരണയും വളർത്തേണ്ടതിന്റെ ആവശ്യകത സമ്മേളനം ഊന്നിപ്പറയുകയുണ്ടായി. പ്രവാസികളായ സീറോമലബാർ വിശ്വാസസമൂഹങ്ങളുടെയിടയിൽ സമർപ്പിതരുടെ സേവനം കൂടുതൽ ആവശ്യമായി വരുന്ന സാഹചര്യമാണ് ഇന്നുള്ളത്. നല്ല സമർപ്പിത ദൈവവിളികൾ പരിപോഷിപ്പിക്കാനും നമ്മൾ ശ്രദ്ധിക്കേണ്ടതുണ്ട്. പോരായ്മകൾ പരിഹരിച്ച് മാതൃകാപരമായി സുവിശേഷത്തിനു സാക്ഷ്യം വഹിക്കാൻ നമുക്ക് പരിശ്രമിക്കാം.

## 14. ഏകസ്ഥരായ കന്യകകൾ

സീറോമലബാർ സഭയിലെ ഏകസ്ഥരും അവിവാഹിതരുമായി കഴിയുന്ന സ്ത്രീകളുടെ കാര്യം സിനഡ് ചർച്ച ചെയ്തു. അവരിൽ വിദ്യാസമ്പന്നരും ജോലിയുള്ളവരുമായ ചിലർ സഭയുടെ ഔദ്യോഗികാംഗീകാരത്തോടെ സമൂഹമായി സമർപ്പിത ജീവിതം നയിക്കാൻ ആഗ്രഹിക്കുന്നുണ്ട്. മറ്റ് ചില ഏകസ്ഥർ വീടുകളിൽത്തന്നെ താമസിച്ചുകൊണ്ട് ഇടയ്ക്കിടെ ധ്യാനം തുടങ്ങിയ ആത്മീയകാര്യങ്ങൾക്കായി ഒരുമിച്ചുകൂടുന്ന ഒരു ജീവിതശൈലി ആഗ്രഹിക്കുന്നു. ഏതായാലും സമർപ്പിതജീവിതം ആഗ്രഹിക്കുന്ന ഏകസ്ഥർക്കുവേണ്ടി കൃത്യമായ ഒരു നിയമാവലി തയ്യാറാക്കേണ്ടിയിരിക്കുന്നു. ഏകസ്ഥരുടെ കാര്യം നിയമാവലിക്കനുസൃതമായി അതാതു രൂപതാദ്ധ്യക്ഷന്മാരുടെ ചുമതലയിൽ കൈകാര്യം ചെയ്യുന്നതാണ് ഉചിതമെന്ന് സിനഡ് അഭിപ്രായപ്പെട്ടു.

**കമ്മീഷനുകളും കമ്മറ്റികളും**

മെത്രാന്മാരുടെ നേതൃത്വത്തിലുള്ള വിവിധ കമ്മീഷനുകളും കമ്മിറ്റികളും വഴിയാണ് സിനഡ് പ്രവർത്തിക്കുന്നതെന്ന് എല്ലാവർക്കും അറിവുള്ളതാണല്ലോ. അജപാലന ശുശ്രൂഷയുടെ വിവിധ മേഖലകളാണ് ഈ കമ്മീഷനുകളും കമ്മിറ്റികളും കൈകാര്യം ചെയ്യുന്നത്. അവയുടെ പ്രവർത്തന റിപ്പോർട്ടുകൾ സിനഡിൽ അവതരിപ്പിക്കുകയും ചർച്ചകൾ നടത്തുകയും ചെയ്തു. കമ്മീഷനുകളും കമ്മിറ്റികളും താഴെപ്പറയുന്നവയാണ്.

**കമ്മീഷനുകൾ**: ലിറ്റർജി കമ്മീഷൻ, മതബോധനകമ്മീഷൻ, വൈദികർക്കുവേണ്ടിയുള്ള കമ്മീഷൻ, സമർപ്പിതസമൂഹങ്ങൾക്കുവേണ്ടിയുള്ള കമ്മീഷൻ, ദൈവവിളി കമ്മീഷൻ, സെമിനാരി കമ്മീഷൻ, യുവജനകമ്മീഷൻ, സൈദ്ധാന്തിക (Doctrine) കമ്മീഷൻ, എക്യുമെനിക്കൽ കമ്മീഷൻ, അല്മായ കമ്മീഷൻ എന്നിവയാണ് കമ്മീഷനുകൾ. അല്മായ കമ്മീഷന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രസ്ഥാനങ്ങളാണ് കത്തോലിക്കാ കോൺഗ്രസ്, മാതൃവേദി, കുടുംബപ്രേഷിതത്വം കുടുംബ കൂട്ടായ്മ മുതലായവ.

**കമ്മിറ്റികൾ**: പൊതുകാര്യ കമ്മിറ്റി (Public Affairs), ഉന്നത വിദ്യാഭ്യാസ കമ്മിറ്റി, സ്കൂൾ വിദ്യാഭ്യാസ കമ്മിറ്റി മുതലായവയാണ് വിവിധ കമ്മിറ്റികൾ.

കൂടാതെ താഴെപ്പറയുന്ന പ്രസ്ഥാനങ്ങളും സിനഡിന്റെ മേൽനോട്ടത്തിൽ നടക്കുന്നു.

**1. ലിറ്റർജിക്കൽ റിസേർച്ച് സെന്റർ (LRC)**

ആരാധനക്രമ വിഷയങ്ങളിൽ ഗവേഷണപരമായ പഠനങ്ങളും ബോധവത്ക്കരണ സെമിനാറുകളും നടത്തുക, സഭാപഠനഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുക തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ സഭയുടെ ശരിയായ വളർച്ചയ്ക്ക് ബൗദ്ധിക പിന്തുണ നൽകുക എന്നതാണ് ആരാധനക്രമ ഗവേഷണകേന്ദ്രത്തിന്റെ മുഖ്യലക്ഷ്യം.

**2. ASSM (Association of Supporters of Syro- Malabar Mission)**

സീറോമലബാർ മിഷൻ പ്രവർത്തനങ്ങളെ ആളും അർത്ഥവുംകൊണ്ട് പിന്തുണയ്ക്കുന്ന അസോസിയേഷനാണിത്. നമ്മുടെ മിഷൻ രൂപതകൾക്ക് മാതൃരൂപതയുടെ ഇപ്രകാരമുള്ള സഹായസഹകരണങ്ങൾ ആവശ്യമാണ്. കഴിവിനനുസരിച്ച് നമ്മുടെ സഭയുടെപ്രേഷിതപ്രവർത്തനങ്ങളിൽ എല്ലാവരും സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**3. ഇന്റർനെറ്റ് മിഷൻ**

സീറോമലബാർ സഭയിലെ വിവിധ രൂപതകളെ കോർത്തിണക്കിക്കൊണ്ടുള്ള വിവിധ പ്രവർത്തനങ്ങളാണ് ഇന്റർനെറ്റ് മിഷൻ ചെയ്തുകൊണ്ടിരിക്കുന്നത്. സഭയുടെ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഏകോപനവും കാര്യക്ഷമതയും ഉണ്ടാകാൻ ഇന്റർനെറ്റ് മിഷൻ ഏറെ സഹായകരമാണ്.

ആഗസ്റ്റ് 29-ാം തീയതി മധ്യാഹ്നത്തോടെ സിനഡിന്റെ 23-ാം സമ്മേളനം പര്യവസാനിച്ചു. സിനഡിന്റെ വിജയത്തിനായി പ്രാർഥിക്കുകയും പ്രവർത്തിക്കുകയും ചെയ്ത എല്ലാവരെയും നന്ദിയോടെ സ്മരിക്കുന്നു. നല്ലവനായ ദൈവം നിങ്ങളേവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

**+ ജോർജ് കാർഡിനൽ ആലഞ്ചേരി**

സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

# ദണ്ഡവിമോചനം

കരുണയുടെ ജൂബിലി വർഷത്തിൽ പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപ്പാപ്പ വിശ്വാസികൾക്ക്, ജീവിച്ചിരിക്കുന്നവർക്കും ജീവിച്ചിരിക്കുന്നവരിലൂടെ മരിച്ചുപോയ വിശ്വാസികൾക്കും ദണ്ഡവിമോചനങ്ങൾ കൂടുതൽ പ്രാപിക്കാനുള്ള അവസരം പ്രഖ്യാപിച്ചിരിക്കുകയാണ്. ഇത്തരുണത്തിൽ ദണ്ഡവിമോചനം എന്തെന്നും, അത് പ്രാപിക്കാനുള്ള വഴികൾ ഏതെന്നും അറിയുക ഉചിതമാണ്.

**എന്താണ് ദണ്ഡവിമോചനം?**

'രോഗം', 'വടി' എന്നൊക്കെ അർത്ഥമുള്ള ദണ്ഡം എന്ന വാക്കാണ് ദണ്ഡവിമോചനത്തിന് ആധാരമായിട്ടുള്ളത്. 'ദണ്ഡവിധി' എന്ന വാക്കിന് 'ശിക്ഷാവിധി' എന്നും 'ദണ്ഡവിമോചനം' എന്നതിന് 'ശിക്ഷയിൽ നിന്നുള്ള ഇളവ്'എന്നുമാണ് അർത്ഥം.''അപരാധ വിമുക്തമായ പാപങ്ങളുടെ കാലിക ശിക്ഷയിൽ നിന്നുള്ള ദൈവതിരുമുമ്പാകെയുള്ള ഇളവ് ചെയ്യലാണ് ദണ്ഡവിമോചനം. നിർദ്ദിഷ്ടമായ ചില വ്യവസ്ഥകൾ പാലിച്ചുകൊണ്ട് തക്ക മനോഭാവമുള്ള ക്രിസ്തീയ വിശ്വാസി അത് നേടിയെടുക്കുന്നു. വീണ്ടെടുപ്പിന്റെ ശുശ്രൂഷ എന്ന നിലയിൽ ക്രിസ്തുവിന്റെയും വിശുദ്ധരുടെയും പരിഹാരകർമ്മങ്ങൾ നിക്ഷേപണ അധികാരത്തോടെ വിതരണം ചെയ്യുകയും വിനിയോഗിക്കുകയും ചെയ്യുന്ന സഭയുടെ പ്രവൃത്തിയിലൂടെയാണ് വിശ്വാസി ദണ്ഡവിമോചനം പ്രാപിക്കുന്നത്" (CCC.1471).

ദണ്ഡവിമോചനം എന്നത് പാപമോചനം അല്ല. കുമ്പസാരമെന്ന കൂദാശയിലൂടെ പാപമോചനം പ്രാപിച്ചശേഷം ഒരുവന് ലഭിക്കാവുന്ന താത്ക്കാലിക ശിക്ഷയുടെ മോചനമാണത്. മറ്റു വിധത്തിൽ പറഞ്ഞാൽ കുമ്പസാരത്തിലൂടെ മോചനം ലഭിച്ച പാപങ്ങളുടെ താത്ക്കാലിക ശിക്ഷയിൽ നിന്നും, ഒരു വ്യക്തിയ്ക്ക് സഭയിൽ നിന്നും ക്രിസ്തു ഭരമേല്പിച്ച പുണ്യത്തിന്റെ യോഗ്യതയാൽ ലഭിക്കുന്ന പൂർണ്ണമായോ ഭാഗികമായോ ഉള്ള ഇളവുകളാണത്. ആദിമസഭയിൽ രോഗാവസ്ഥയിലുള്ളവരുടെയും രക്തസാക്ഷിത്വത്തിൽ വധിക്കപ്പെട്ടവരുടെയും പാപങ്ങൾക്ക് പരിഹാരമനുഷ്ഠിക്കാൻ മറ്റു വിശ്വാസികളെ ചുമതലപ്പെടുത്താനുള്ള അധികാരം കുമ്പസാരക്കാർക്ക് നൽകിയിരുന്നു. ഇതായിരുന്നു ദണ്ഡവിമോചന

ത്തിന്റെ ആദ്യരൂപം. അതോടൊപ്പം തന്നെ അനുരഞ്ജനകൂദാശയിൽ ആദ്യകാലങ്ങളിൽ നിർദ്ദേശിക്കപ്പെട്ടിരുന്ന കഠിനതരമായ പ്രായശ്ചിത്തങ്ങൾക്ക് ഇളവ് എന്ന രീതിയിലും ദണ്ഡവിമോചനത്തെ കണക്കാക്കി. ഇപ്രകാരം പത്താം നൂറ്റാണ്ടുവരെ കുമ്പസാരത്തിൽ ലഭിക്കുന്ന പ്രായശ്ചിത്ത പ്രവൃത്തികളുടെ ഗണത്തിലാണ് ദണ്ഡവിമോചനത്തെ കരുതിയിരുന്നത്. 1095–ൽ ഊർബൻ രണ്ടാമൻ മാർപ്പാപ്പ കുരിശുയുദ്ധത്തിൽ പങ്കെടുത്തവർക്ക് ദണ്ഡവിമോചനം പ്രഖ്യപിച്ചതോടെയാണ് ഇതിന് കൂടുതൽ അർത്ഥവ്യാപ്തി വന്നത്.

"പാപം മൂലമുള്ള കാലികശിക്ഷയെ ഭാഗികമായോ പൂർണ്ണമായോ ഇളവ് ചെയ്യുന്നതിനെ ആശ്രയിച്ച് ദണ്ഡവിമോചനം പൂർണ്ണമോ ഭാഗികമോ ആകാം. ഏതു വിശ്വാസിക്കും തനിക്കുവേണ്ടി തന്നെയോ മരിച്ചവർക്കുവേണ്ടിയോ ദണ്ഡവിമോചനങ്ങൾ നേടാവുന്നതാണ്" (CCC.1471).

ഏതൊരു വ്യക്തിയും പാപം ചെയ്യുമ്പോൾ പാപത്തിന് രണ്ട് പരിണിതഫലമുണ്ടാകുന്നു എന്ന് മനസ്സിലാക്കണം. നിത്യശിക്ഷയും, താത്ക്കാലിക ശിക്ഷയും. മാരകപാപം ദൈവവുമായുള്ള ഐക്യത്തെ ഇല്ലാതാക്കുന്നു. അത് നമ്മെ നിത്യശിക്ഷയിലേയ്ക്ക് നയിക്കുന്നു. എന്നാൽ അതോടൊപ്പം ഓരോ പാപവും, അവ എത്ര ലഘുവാണെങ്കിലും തന്നോടു തന്നെയും സൃഷ്ടപ്രപഞ്ചത്തിലെ മറ്റു സൃഷ്ടികളോടും അനാരോഗ്യകരമായ ഒരു ബന്ധത്തിന് കാരണമാകുന്നു. പാപത്തിന്റെ നിത്യശിക്ഷ കുമ്പസാരത്തിലൂടെ പരിഹരിക്കപ്പെടുമ്പോഴും താത്ക്കാലികശിക്ഷയ്ക്ക് യഥോചിതം പരിഹാരം ചെയ്യേണ്ടിയിരിക്കുന്നു. ഈ ലോകത്തിൽവച്ചോ, മരണാനന്തരം ശുദ്ധീകരണസ്ഥലം എന്നുവിളിക്കപ്പെടുന്ന അവസ്ഥയിൽ വച്ചോ അതിൽ നിന്നു ശുദ്ധീകരിക്കപ്പെടണം. ഈ ശുദ്ധീകരണം, പാപത്തിന്റെ കാലികശിക്ഷ അഥവാ താത്ക്കാലിക ശിക്ഷ എന്ന് വിളിക്കപ്പെടുന്ന ശിക്ഷയിൽ നിന്ന് ഒരുവനെ സ്വതന്ത്രനാക്കുന്നു.

കുമ്പസാരം എന്ന കൂദാശയിലൂടെ ഏതൊരു വ്യക്തിയുടെയും പാപങ്ങൾ മോചിക്കപ്പെടുന്നു. അതുവഴി പ്രസാദവരത്താൽ നിറഞ്ഞ് നിത്യശിക്ഷയിൽ നിന്നും ഒഴിവാക്കപ്പെടുകയും ചെയ്യും. എന്നാൽ ചെയ്തുപോയ തിന്മ ഉളവാക്കുന്ന ക്രമരാഹിത്യം പരിഹരിക്കപ്പെടേണ്ടിയിരിക്കുന്നു. ഉദാഹരണമായി ഒരാൾക്കെതിരെ അപവാദം പ്രചരിപ്പിക്കുക. അല്ലെങ്കിൽ കളവ്പറയുക, കളവ് ചെയ്യുക... ഇവ ഒരു വ്യക്തിയുടെ ജീവിതത്തിൽ സംഭവിച്ചാൽ, അനുതാപത്തോടെ അനുരഞ്ജന

കൂദാശ സ്വീകരിക്കുമ്പോൾ പാപം ക്ഷമിക്കപ്പെടും. എന്നാൽ ഈ തിന്മവഴി വ്യക്തികൾക്കോ സമൂഹത്തിനോ വന്ന അപമാനവും നഷ്ടവും പരിഹരിക്കാൻ പാപം ചെയ്ത വ്യക്തിയ്ക്ക് ഉത്തരവാദിത്വ മുണ്ട് . കാലികശിക്ഷയുടെ സ്വഭാവം ഇതിൽ നിന്നും വ്യക്തമാകും. അതിനാൽ താത്ക്കാലിക ശിക്ഷയിൽ നിന്നുള്ള മോചനത്തിന് യഥോ ചിതം പരിഹാരം ചെയ്യണമെന്നും അല്ലാത്തപക്ഷം ശുദ്ധീകരണസ്ഥ ലത്തെ വിശുദ്ധീകരണത്തിന് വിധേയരാകേണ്ടി വരും എന്ന പരമ്പരാ ഗത വിശ്വാസത്തെ ഫ്രാൻസീസ് മാർപ്പാപ്പ വ്യക്തമായി പറയുന്നു. "പാപം ക്ഷമിക്കപ്പെട്ടശേഷവും നമ്മുടെ പാപങ്ങളുടെ അനന്തരഫലങ്ങൾ നിലനിൽക്കുന്നു. അനുരഞ്ജനകൂദാശയിൽ ദൈവം നമ്മുടെ പാപ ങ്ങൾ ക്ഷമിക്കുകയും മായിച്ചുകളയുകയും ചെയ്യുന്നു. എങ്കിലും നാം ചിന്തിക്കുന്നതിനെയും പ്രവർത്തിക്കുന്നതിനെയും പാപത്തിന്റെ ഫലം സ്വാധീനിക്കുന്നുണ്ട്. എന്നാൽ ദൈവത്തിന്റെ കരുണ ഇതിലും വലുതാണ്. ഇതാണ് പിതാവിന്റെ ഭാഗത്ത് ദണ്ഡവിമോചനമായി മാറുന്നത്. അവിടുന്ന് മിശിഹായുടെ മണവാട്ടിയായ സഭ വഴി പാപം മോചിക്കപ്പെട്ട പാപിയുടെ അടുക്കൽ എത്തുകയും, പാപത്തിന്റെ അനന്തരഫലങ്ങളിൽ നിന്നും ആ വ്യക്തിയെ സ്വതന്ത്രനാക്കുന്നതോ ടൊപ്പം അയാൾ പാപത്തിൽ വീണ്ടും നിപതിക്കാതെ ഉപവിയോടെ വർത്തിക്കുവാനും, സ്നേഹത്തിൽ വളരാനും പ്രാപ്തനാക്കുകയും ചെയ്യുന്നു."(കരുണയുടെ മുഖം-22)

അപരാധവിമുക്തമായ പാപങ്ങളുടെ താത്ക്കാലിക ശിക്ഷയിൽ നിന്നും മോചനം നേടാൻ മേൽ വിവരിച്ചതിന്റെ അടിസ്ഥാനത്തിൽ ഇങ്ങനെ മനസ്സിലാക്കാം: പാപം ലോകത്തോടും, ലോകവസ്തു ക്കളോടും പാപിയെ ചേർത്തു നിർത്തുന്നതിനാൽ ഈ ലോകത്തിൽ ആയിരിക്കുമ്പോൾ തന്നെ സ്വയം കാലികശിക്ഷയിൽ നിന്നും വിടുതൽ നേടാൻ ഓരോ വിശ്വാസിക്കും സഭ വഴിയൊരുക്കുന്നു. ഏതൊരു മനുഷ്യനും അവനവന്റെ പ്രവൃത്തികൾക്കനുസരിച്ച് പ്രതിഫലം ലഭിക്കും. അതിനാൽ നിത്യശിക്ഷയിൽ നിന്നും ഒഴിവാകാൻ അനുതാപ ത്തോടെ കുമ്പസാരിച്ച് പാപമോചനം പ്രാപിക്കണം. പാപം ചെയ്ത തിനുള്ള പരിഹാരകർമ്മങ്ങൾ കാലികശിക്ഷയിൽ നിന്നുള്ള വിടുതലിന് കാരണമാകും. എന്നാൽ ദണ്ഡവിമോചനത്തിലൂടെ പാപമോചനം ലഭിക്കില്ല. ദണ്ഡവിമോചനം കുമ്പസാരത്തിന് പകരമുള്ള ആദ്ധ്യാത്മിക പ്രവർത്തിയുമല്ല. കാരണം ദണ്ഡവിമോചനത്തിലുടെ നമുക്ക് ലഭിക്കുന്നത് താത്ക്കാലിക ശിക്ഷയിൽ നിന്നുള്ള മോചനമാണ്.

**ദണ്ഡവിമോചനത്തെക്കുറിച്ചുള്ള സഭാപ്രബോധനങ്ങൾ**

**ക്ലമന്റ് ആറാമൻ മാർപ്പാപ്പ (1343)**: ക്രിസ്തു സഭയെ ഭരമേൽപിച്ചതും വിശുദ്ധർ തങ്ങളുടെ മാതൃകാപരമായ ജീവിതം കൊണ്ടു പരിപോഷിപ്പിച്ചതുമായ പുണ്യഭണ്ഡാരത്തിന്റെ യോഗ്യതയാൽ വ്യക്തികൾക്ക് താത്ക്കാലിക ശിക്ഷയിൽ നിന്ന് വിടുതൽ നൽകാൻ സഭയ്ക്ക് അധികാരമുണ്ടെന്ന് *(Unigentius Dei Filius)* പഠിപ്പിച്ചു.

**മാർട്ടിൽ അഞ്ചാമൻ മാർപ്പാപ്പ (1418):** അനുതപിച്ച് പാപമോചനം തേടിയ വിശ്വാസികൾക്ക് നിശ്ചിതമായ പ്രാർത്ഥനകളുടെയും പുണ്യപ്രവൃത്തികളുടെയും ഫലമായി ദണ്ഡവിമോചനം പ്രാപിക്കാനുള്ള മാർഗ്ഗങ്ങൾ പ്രഖ്യാപിക്കാൻ സഭയുടെ പുണ്യഭണ്ഡാരത്തിന്റെ കാര്യവിചാരിപ്പുകാരൻ എന്ന നിലയിൽ മാർപ്പാപ്പയ്ക്ക് അധികാരമുണ്ട് എന്ന് പ്രഖ്യാപിച്ചു *(Inter Cunctas)*.

**ലെയോ പത്താമൻ മാർപ്പാപ്പ (1520):** ദണ്ഡവിമോചനം പ്രഖ്യാപിക്കാനുള്ള മാർപ്പാപ്പയുടെ അധികാരത്തെ ചോദ്യം ചെയ്ത ലൂഥറിനെ തിരുത്തിക്കൊണ്ട് വ്യക്തമായ പ്രബോധനം നൽകി *(Ex-surge Domine)*

**ത്രെന്തോസ് സൂനഹദോസ്(1563)**: ദണ്ഡവിമോചന നിഷേധികളെ ഖണ്ഡിച്ച്പുറം തള്ളിയെങ്കിലും ദണ്ഡവിമോചനങ്ങളുടെ ദുരുപയോഗങ്ങളെക്കുറിച്ച് ആഴത്തിൽ പഠിച്ച് പരിശുദ്ധ പിതാവിന് റിപ്പോർട്ട് സമർപ്പിക്കാൻ മെത്രാൻ സമിതികളെ ചുമതലപ്പെടുത്തി *(Decree on Indulgences).*

**പോൾ ആറാമൻ മാർപ്പാപ്പ (1967):** രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രബോധനങ്ങളുടെ വെളിച്ചത്തിൽ പോൾ ആറാമൻ മാർപ്പാപ്പ ദണ്ഡവിമോചനങ്ങളെക്കുറിച്ചുള്ള സഭയുടെ ഏറ്റവും ആധികാരികമായ പഠനം *(Indulgentiarum doctrina)* നൽകി. പുണ്യവാന്മാരുടെ ഐക്യം (സമര-സഹന-വിജയ സഭകളുടെ ഐക്യം) മൂലം ജീവിച്ചിരിക്കുന്നവരുടെ പരിഹാര പ്രവൃത്തികളിലൂടെ ശുദ്ധീകരണാത്മാക്കൾക്ക് ദണ്ഡവിമോചനം നേടിയെടുക്കാനാകുമെന്ന *(suffragium)* സഭയുടെ പരമ്പരാഗത വിശ്വാസത്തെ ഈ പ്രബോധന രേഖ ഊന്നിപ്പറഞ്ഞു.

**കരുണയുടെ വർഷത്തിലെ ദണ്ഡവിമോചനങ്ങൾ**

ഫ്രാൻസീസ് മാർപ്പാപ്പ പ്രഖ്യപിച്ച ദൈവകരുണയുടെ ജൂബിലി വർഷത്തിൽ ദണ്ഡവിമോചനങ്ങൾ പ്രാപിക്കാനുള്ള ഒട്ടനവധി

അവസരങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. പ്രത്യേകമായി നിശ്ചയിക്കപ്പെട്ട ദേവാലയങ്ങളിലെ വിശുദ്ധവാതിലിലൂടെയുള്ള പ്രവേശനം തിരുസ്സഭയോടും ദൈവത്തോടുമുള്ള അനുരഞ്ജനത്തിന്റെ അടയാളമാണെന്നും മാർപ്പാപ്പ പഠിപ്പിക്കുന്നു. കുമ്പസാരമെന്ന വിശുദ്ധകൂദാശയുടെ ആവശ്യകതയാണ് ഈ കരുണയുടെ വർഷത്തിൽ പാപ്പ ഊന്നിപ്പറയുന്നത്. "നീ നിന്റെ പാപത്തിന്റെ ഭാരം മനസ്സിലാക്കുമ്പോൾ മാത്രമാണ് മിശിഹായുടെ സുവിശേഷം മുന്നോട്ടുവയ്ക്കുന്ന കാരുണ്യത്തിന്റെ ആഴം നിനക്ക് മനസ്സിലാക്കാൻ സാധിക്കുക" എന്ന വാഴ്ത്തപ്പെട്ട കാർഡിനൽ ന്യൂമാന്റെ വാക്കുകൾ ഹൃദയത്തിൽ സൂക്ഷിക്കാം.

**പ്രധാനപ്പെട്ട ദണ്ഡവിമോചന മാർഗ്ഗങ്ങൾ ചുവടെ.**

* രൂപതാദ്ധ്യക്ഷൻ പ്രഖ്യപിച്ചിട്ടുള്ള തീർത്ഥാടന ദൈവാലയങ്ങളിലെ വിശുദ്ധവാതിലിലൂടെ പ്രവേശിച്ച് പ്രാർത്ഥിക്കുന്നവർക്ക് ദണ്ഡവിമോചനം ലഭിക്കുന്നു. കുമ്പസാരിച്ച് വരപ്രസാദാവസ്ഥയിലായിരിക്കുക, വി. കുർബാന സ്വീകരിക്കുക, വിശ്വാസപ്രമാണം ചൊല്ലുക, പത്ത് മിനിറ്റെങ്കിലും സ്വന്തം പാപങ്ങളെപറ്റി ഓർത്ത് പശ്ചാത്തപിക്കുകയും ഒരു വിശുദ്ധഗ്രന്ഥഭാഗം വായിക്കുകയും ചെയ്യുക, പരിശുദ്ധ പിതാവിന്റെ നിയോഗാർത്ഥം ഒരു സ്വർഗ്ഗസ്ഥനായ പിതാവെ, ഒരു നന്മനിറഞ്ഞ മറിയം ഒരു ത്രിത്വസ്തുതി എന്നീ പ്രാർത്ഥനകൾ ചൊല്ലുക.
* തീർത്ഥാടന ദൈവാലയങ്ങളിൽ വച്ച് വിശുദ്ധ കുമ്പസാരം, വി.കുർബാന എന്നിവ സ്വീകരിക്കുന്നവർക്ക് ദണ്ഡവിമോചനം ലഭിക്കുന്നു.
* തീർത്ഥാടന ദൈവാലയത്തിൽ പോകാൻ സാധിക്കാത്ത കിടപ്പുരോഗികൾക്ക് ഭവനങ്ങളിൽ വച്ച് പ്രസാദവരാവസ്ഥയിൽ വിശുദ്ധ കുർബാന സ്വീകരിക്കുമ്പോൾ കാരുണ്യവർഷത്തിന്റെ ദണ്ഡവിമോചനം ലഭിക്കുന്നതാണ്.
* കിടപ്പുരോഗികൾ തങ്ങളുടെ രോഗാവസ്ഥയെ വിശ്വാസത്തിലും സന്തോഷപൂർണ്ണമായ പ്രത്യാശയിലും സ്വീകരിച്ച് ജീവിക്കുന്നതു തന്നെ ദണ്ഡവിമോചനത്തിന് അർഹമാക്കുന്നതായി മാർപ്പാപ്പ പ്രഖ്യാപിക്കുന്നു.
* ദൈവാലയത്തിൽ പോകാൻ സാധിക്കാത്ത കിടപ്പ് രോഗികൾക്ക് പ്രസാദവരാവസ്ഥയിൽ ആധുനിക മാധ്യമങ്ങളിലൂടെ വിശുദ്ധ

കുർബാനയിലും ഇതരപ്രാർത്ഥനകളിലും പങ്കുചേരുക വഴി ദണ്ഡ വിമോചനം ലഭിക്കുന്നതാണ്.

* സഭ നിശ്ചയിച്ചിരിക്കുന്ന 14 ജീവകാരുണ്യ പ്രവൃത്തികളിൽ (7 ശാരീരികം, 7 ആദ്ധ്യാത്മികം) ഏതെങ്കിലും ഒന്ന് പ്രവർത്തിക്കുമ്പോൾ ജൂബിലി വർഷത്തിന്റെ ദണ്ഡവിമോചനം ലഭിക്കും.
* മരിച്ച വിശ്വാസികൾക്കുവേണ്ടി വി. കുർബാനയിൽ പ്രത്യേകം നിയോഗം വച്ച് പ്രാർത്ഥിക്കുമ്പോൾ മരിച്ച വിശ്വാസികൾക്ക് ദണ്ഡ വിമോചനം ലഭിക്കും.
* തടവറയിലുള്ളവർക്ക് തങ്ങളുടെ ജയിൽ ചാപ്പലിലെ പ്രാർത്ഥനകളിലൂടെ കാരുണ്യത്തിന്റെ ദണ്ഡവിമോചനം സ്വീകരിക്കാവുന്നതാണ്.

ദണ്ഡവിമോചനത്തിന്റെ അടിസ്ഥാനം ക്രിസ്തു സഭയെ ഭരമേല്പിച്ച വരപ്രസാദ പൂർണ്ണതയാണ്. അതിനാൽ തന്നെ സഭയുടെ വിശ്വാസത്തിന്റെ ഭാഗമാണത്. ജീവിച്ചിരിക്കുന്നവർക്കും, മരിച്ച വിശ്വാസികൾക്കും സഭയുടെ പുണ്യത്തിന്റെ ഭണ്ഡാരത്തിൽ നിന്നും ലഭിക്കുന്ന അനുഗ്രഹമാണത്. എന്നാൽ ജിവിച്ചിരിക്കുന്നവരുടെ പുണ്യപ്രവൃത്തികൾ വഴിയാണ് മരിച്ച വിശ്വാസികൾക്ക് അത് ലഭ്യമാവുക. പാപത്തോടുള്ള മനുഷ്യ പ്രകൃതിയുടെ ആസക്തിയെ നിയന്ത്രിക്കാനും, നിർവീര്യമാക്കാനും ഭക്തകൃത്യങ്ങളും പരിഹാരക്രിയകളും അനുപേക്ഷണീയമാണ്. അതിന് വിശ്വാസികളെ പ്രചോദിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് തിരുസ്സഭ ദണ്ഡവിമോചനം നൽകുന്നത്.

**ഫാ. ബെന്നി മുതിരക്കാലായിൽ**

# ഏകോപനത്തിന്റെ പാത

അഡ്വ. ചാർളി പോൾ MA, LLB, DSS

ഒറ്റയ്ക്ക് നീങ്ങുന്നതിനു പകരം ഒരുമിച്ചു മുന്നേറുന്നതാണ് എകോപനം. എകോപനം കൂട്ടായ്മയോടെയുള്ള പ്രവർത്തനമാണ്. എകോപനമുണ്ടെങ്കിലേ ഒരുമയുണ്ടാകൂ. (We feeling )Together Each one Achieve More ഏകോപനത്തിന്റെ അടിസ്ഥാന തത്വമിതാണ്. ഈ വാക്കുകളുടെ ആദ്യാക്ഷരങ്ങൾ കൂട്ടിച്ചേർത്താൽ Team ആകും. ടീമിൽ ഒറ്റകളല്ല, കൂട്ടായ്മയാണ് പ്രതിഫലിക്കുക. കൂട്ടായ്മയുടെ റിസൾട്ട് പതിവിലും കൂടുതലായിരിക്കും. ഏകോപനമില്ലെങ്കിൽ പരാജയമുണ്ടാകും. ആസൂത്രണ മികവ് ഏകോപനത്തിലാണ്.

ഹെലൻ കെല്ലർ പറയുന്നു; "Working alone, your accomplishments are to the minimum. Working together, the out is to the maximum" ഒറ്റയ്ക്കുള്ള നമ്മുടെ നേട്ടങ്ങൾ പരിമിതമാണ്. ഒരുമിച്ചാണെങ്കിൽ നേട്ടങ്ങൾ പരമാവധിയും. ഏകോപനത്തിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് സംഗീത ബാൻഡ്. അവിടെ വ്യത്യസ്തമായ സംഗീതോപകരണങ്ങൾ ഒറ്റയ്ക്കൊറ്റയ്ക്ക് ഒരു സംഗീതലോകം സൃഷ്ടിക്കുന്നില്ല. വ്യത്യസ്തമായ സംഗീതോപകരണങ്ങൾ എല്ലാംകൂടി സമ്മേളിക്കുമ്പോഴാണ് സംഗീതത്തിന്റെ വിസ്മയലോകം പിറക്കുന്നത്. ഗായകന്റെ സ്വരവും വിവിധ സംഗീതോപകരണങ്ങളുടെ ശബ്ദവും ഒരേതാളത്തിൽ സമന്വയിക്കുമ്പോഴാണ് സംഗീതവിസ്മയം ഉണ്ടാകുന്നത്. ഏകോപനമില്ലെങ്കിൽ താഴപ്പിഴകളാണ് ഉണ്ടാകുക.

ഏകോപനം ഒരു ടീം വർക്കാണ്. ടീമിലുള്ളവർ എപ്പോഴും വ്യത്യസ്തരായിരിക്കും. ചിലർ കഠിനാദ്ധ്വാനികളായിരിക്കും. മറ്റ് ചിലർ നൂതനാശയങ്ങൾ പങ്കുവയ്ക്കുന്നവരാകും. ചിലർക്ക് നേതൃത്വപരമായ പങ്കുവഹിക്കാൻ കഴിയും. ചിലർ അനുരഞ്ജകരാണ്. അവർ കൂട്ടായ്മയുടെ പര്യായങ്ങളായിരിക്കും. മറ്റ് ചിലർ പിന്തുണയ്ക്കാനും ഉത്തേജിപ്പിക്കുവാനും പ്രോത്സാഹിപ്പിക്കുവാനും വേണ്ടി നിലകൊള്ളും. “ഐക്യമത്യം മഹാബലം” എന്ന ചൊല്ല് ഏകോപനത്തിന്റെ ശക്തി വിളിച്ചോതുന്നുണ്ട്. വിജയത്തിന്റെ സുപ്രധാന ഘടകം ടീം വർക്കാണ്. എല്ലാ വിജയത്തിലും കൂട്ടായ്മയുടെ പ്രതിഫലമുണ്ടാകും. ഐക്യത്തിന്റെ അടിസ്ഥാനഭാവം ടീം സ്പിരിറ്റാണ്. ടീം സ്പിരിറ്റോടെ പ്രവർത്തിക്കുമ്പേൾ വലിയ

ഊർജ്ജപ്രവാഹമുണ്ടാകും. കുടുംബത്തിലായാലും സമൂഹത്തിലായാലും ഒത്തൊരുമയോടെ പ്രവർത്തിക്കുമ്പോഴാണ് വിജയമുണ്ടാകുന്നത്. "ഒത്തുപിടിച്ചാൽ മലയുംപോരും" എന്നാണ് ചൊല്ല്.

പരസ്പരം അറിയുകയും മനസ്സിലാക്കുകയും ചെയ്യുമ്പോഴാണ് ഏകോപനം സാധ്യമാകുന്നത്. വിദ്യാഭ്യാസ യോഗ്യതയിൽ, പ്രായത്തിൽ, അഭിരുചിയിൽ, താൽപര്യങ്ങളിൽ, വൈദഗ്ധ്യത്തിൽ എല്ലാം മനുഷ്യർ വ്യത്യസ്തരാണ്. ഈ വ്യത്യസ്തതകളെ ആസ്തിയായി പരിഗണിക്കണം. വൈവിധ്യങ്ങളെ മനസ്സിലാക്കി, സർഗ്ഗാത്മകമാക്കി ഉപയോഗിക്കുമ്പോൾ ഏകോപനത്തിന്റെ അനന്തസാധ്യതകൾ തെളിയും. തുറവിയുണ്ടെങ്കിലേ ഏകോപനം സാധ്യമാകൂ. വൈവിധ്യം പ്രപഞ്ചത്തിന്റെയും പ്രകൃതിയുടെയും സ്ഥായീഭാവമാണ്. ദൈവത്തിന്റെ സൃഷ്ടി വൈഭവത്തിൽ പ്രകടമാകുന്ന സൗന്ദര്യമാണത്. നാനാത്വത്തിൽ ഏകത്വമാണ് ഏകോപനം. വൈവിധ്യങ്ങളെയും വൈജാത്യങ്ങളേയും ഏകോപിപ്പിക്കുമ്പോൾ സൗന്ദര്യദായകമായ ഫലസമൃദ്ധിയുണ്ടാകും.

ഏകോപനം കുടുംബ ജീവിതത്തിൽ ശാന്തിയും സമാധാനവും സംതൃപ്തിയും നൽകും. അച്ഛനും അമ്മയും മക്കളും മൂന്നു വഴിക്കാണെങ്കിൽ അവിടെയുണ്ടാകുക അന്യവത്ക്കരണമാണ്. (Estrangement) സ്വന്തം വീട്ടിൽ അപരിചിതരാകുന്ന വിചിത്രാനുഭവം. ഏകോപനമില്ലെങ്കിൽ വീട്ടിലും നാട്ടിലും അന്ത:ച്ഛിദ്രമുണ്ടാകും. സംഘടനകളിലും പ്രസ്ഥാനങ്ങളിലും ഏകോപനമില്ലാതെ വരുമ്പോഴാണ് പിളർപ്പുണ്ടാകുന്നത്. പിളർപ്പുകൾ നാശത്തിലേക്ക് നയിക്കും. ഞാനും നീയും ചേർന്ന് നമ്മളായി മാറുന്നതാണ് ഏകോപനശൈലി. "ഒന്നായാൽ നന്നായി, നന്നായാൽ ഒന്നായി" എന്നാണ് ചൊല്ല്. നിലനിൽപ് ഏകോപനത്തിലാണ് എന്ന തിരിച്ചറിവുണ്ടാകുമ്പോൾ വിജയപാത വെട്ടിത്തെളിച്ച് മുന്നേറാനാകും.

## സന്തോഷത്തിലേക്കുള്ള വഴികൾ

പ്രമുഖ ചിന്തകനായ ബെർട്രാൻഡ് റസ്സൽ തന്റെ പ്രസിദ്ധമായ 'ദി കോൺക്വസ്റ്റ് ഓഫ് ഹാപ്പിനസ്' എന്ന കൃതിയിൽ ജീവിതം എങ്ങനെ സന്തോഷകരമാക്കാം എന്ന് വിശദീകരിക്കുന്നുണ്ട്. ആഴവും പരപ്പും സമഞ്ജസമായി കോർത്തിണക്കിയ പ്രൗഢചിന്തകളാണ് റസ്സൽ അവതരിപ്പിക്കുന്നത്. റസ്സൽ പറയുന്നു.; 'സന്തോഷത്തിന്റെ രഹസ്യം ഇതാ; നിങ്ങളുടെ താല്പര്യങ്ങൾ കഴിയുന്നത്ര വിശാലമാകട്ടെ, ആളുകളോടും വസ്തുക്കളോടുമുള്ള നിങ്ങളുടെ പ്രതികരണം ആവുന്നത്ര സൗഹൃദപരമാകട്ടെ.' സന്തോഷത്തിലേക്കുള്ള വഴി സന്തോഷം നൽകലാണ്.

റസ്സലിനു ശേഷമാണ് പാശ്ചാത്യതത്വശാസ്ത്രത്തിൽ 'Happiness Studies' എന്ന ഒരു പ്രത്യേക പഠനവിഭാഗം തന്നെ ഉടലെടുത്തത്.

ജീവിതത്തിൽ സുഖവും സന്തോഷവും വേണമെന്നാഗ്രഹിക്കുന്നവരാണ് നാമെല്ലാം. സ്വന്തം ജീവിതത്തിലും തനിക്കുചുറ്റിലും സംഭവിക്കുന്നതിനെയെല്ലാം സന്തോഷത്തോടെ ഉൾക്കൊള്ളാനും പ്രതികരിക്കാനും കഴിയുമ്പോൾ നമ്മിൽ ഒരു പോസിറ്റീവ് എനർജിയുണ്ടാകും. മനസ്സിലുണ്ടാകുന്ന ഈ ആഹ്ലാദമാണ് സന്തോഷവഴി. പ്രശസ്ത അമേരിക്കൻ നയതന്ത്രജ്ഞനും പത്രപ്രവർത്തകനുമായിരുന്ന ബെഞ്ചമിൻ ഫ്രാങ്ക്ളിൻ ഫ്രാൻസിലെ അമേരിക്കൻ അംബാസഡറായി നിയമിതനായപ്പോൾ ഒരു പത്രപ്രവർത്തകൻ ചോദിച്ചു.; 'താങ്കളുടെ വിജയരഹസ്യം എന്താണ്.'? അദ്ദേഹത്തിന്റെ മറുപടി; 'ഞാൻ എല്ലാവരെക്കുറിച്ചും എനിക്കറിയാവുന്ന നല്ലകാര്യങ്ങളെ പറയൂ.' മറ്റുള്ളവരെക്കുറിച്ച് നല്ലത് പറയുമ്പോൾ നമുക്കും കേൾക്കുന്നവർക്കും പരാമർശിക്കപ്പെടുന്ന വ്യക്തിക്കും പോസിറ്റീവ് എനർജിയാണ് ലഭിക്കുക. എല്ലായിടത്തും സന്തോഷവഴിയാണ് തുറക്കപ്പെടുക.

പ്രശസ്ത മന:ശാസ്ത്രജ്ഞനായ വില്യം ജെയിംസ് പറഞ്ഞു.; 'മനുഷ്യപ്രകൃതത്തിലെ ഗഹനമായ തത്വം അംഗീകരിക്കപ്പെടാനുള്ള അതികാംക്ഷയാണ്.' മറ്റുള്ളവരെ അംഗീകരിക്കുകയും പ്രശംസിക്കുകയും ചെയ്യുമ്പോൾ അവർക്കുണ്ടാകുന്ന സന്തോഷത്തോടൊപ്പം അത് നമ്മിലേക്കും തിരികെവരും. മറ്റുള്ളവരെ അംഗീകരിക്കുന്നതിന് തടസ്സമായി നിൽക്കുന്ന നമ്മുടെ അഹംബോധത്തെ മുറിക്കുവാൻ തയ്യാറാകുക. അഹംബോധം പോയാൽ പിന്നെ പൂർണ്ണ ശൂന്യതയാണ്. അത് ഊർജ്ജമാണ്. നിശബ്ദതയാണ്. നിറവാണ്. അവിടെ ഉൾക്കാഴ്ചയുണ്ടാകുന്നു. ഉൾക്കാഴ്ച നമ്മെ സന്തോഷചിത്തരാക്കുന്നു. ഉള്ളിന്റെ ഉള്ളിലാണ് ആനന്ദവും അർത്ഥവും മാധുര്യവും സംഗീതവും എല്ലാം ഒന്നിച്ചുമേളിക്കുന്ന സഹജമായ സത്തയുള്ളത്.

ഉള്ളായ്മകളിൽ സന്തോഷം കണ്ടെത്തുക. "Take a second to think about how blessed you are". ലഭിച്ച നന്മകൾ, നേട്ടങ്ങൾ, സൗഭാഗ്യങ്ങൾ എല്ലാം ഓർത്തുനോക്കുമ്പോൾ നമ്മിലെ നിറവുകൾ കണ്ടെത്താനാകും. നിരാശയും മാനസിക സമ്മർദ്ദവും കൊണ്ട് ഒരുകാലത്തും സമാധാനമോ സന്തോഷമോ ഉണ്ടാകില്ല. ഏറ്റവും നീചമായ ശത്രുവാണ് നിരാശ. അത് മന:സമാധാനം നശിപ്പിക്കും. കൊടുങ്കാറ്റിന്റെ നടുവിലും നല്ലതേ വരൂ എന്ന് ചിന്തിക്കുക. എല്ലാറ്റിനോടും നന്ദിയുള്ളവരും നന്ദി പ്രകടിപ്പിക്കുന്നവരുമാകുക. ഒപ്പം ക്ഷമാശീലവും വിനയവുമുള്ളവരാകുക. മനസ് സുന്ദരമായാൽ കാണുന്നതെല്ലാം സുന്ദരമാകും.

പെരുമാറ്റരീതികളും മനോഭാവങ്ങളും പൂന്തോട്ടത്തെക്കാൾ മനോഹരമാക്കിയാൽ ജീവിതവും മനോഹരമാകും. സന്തോഷം പങ്കിടുമ്പോൾ അത് വർദ്ധിച്ചുവരും. സന്തോഷം നേരത്തെ സൃഷ്ടിച്ചുവയ്ക്കുവാൻ കഴിയുന്നതല്ല. അത് നമ്മുടെ പ്രവർത്തികളിലൂടെ വന്നുചേരുന്നതാണ്. സന്തോഷത്തിന്റെ ഫോർമുല; 'Never try to defeat 'anyone'. Just try to win 'everyone'. Don't laugh 'at' anyone. But laugh with 'everyone'. (9847034600)

## നിങ്ങൾക്കും മാന്യനാകാം (മാന്യതയുടെ വഴികൾ)

'നിങ്ങളൊരു മാന്യനാണ്' എന്ന് മറ്റുള്ളവർ പറഞ്ഞുകേൾക്കാൻ ആരും കൊതിക്കും. മാന്യനാകാനും നല്ല മനുഷ്യനാകാനും ഏവരും ആഗ്രഹിക്കുന്നുണ്ട്. ആരാണ് മാന്യൻ? കാർഡിനൽ ന്യൂമാൻ പറയുന്നു; "മറ്റുള്ളവർക്ക് ഒരിക്കലും വേദന സമ്മാനിക്കാത്തവനാണ് മാന്യൻ." ജീവിതത്തിൽ വേദനകൾ സമ്മാനിക്കുന്നവരെ മനുഷ്യർ വെറുക്കുന്നു. വേദനിപ്പിക്കുന്നവർ പീഡകരാണ്. "പരോപകാരമേ പുണ്യം, പാപമോ പരപീഡനം" എന്നാണ് ചൊല്ല്. പരപീഡനം മര്യാദയല്ലെന്നു മാത്രമല്ല പാപവുമാണ്.

മര്യാദയുള്ളവനാണ് മാന്യൻ. സമസൃഷ്ടങ്ങളെയും നമ്മെത്തന്നെയും സന്തോഷചിത്തരാക്കി തീർക്കുന്ന വിദ്യയാണ് മര്യാദ. തനിക്ക് അനിഷ്ടമായിട്ടുള്ളത് മറ്റുള്ളവർക്കും വരുത്തില്ല എന്നുപറയുന്നതാണ് മര്യാദ. മാന്യൻ എപ്പോഴും കുലീനതയോടെ വ്യാപരിക്കും. മാന്യന്റെ വാക്കുകളിലും പ്രവർത്തികളിലും കുലീനത്വം ദർശിക്കാൻ സാധിക്കും. അപ്രകാരം പ്രവർത്തിക്കുന്നവരെ എല്ലാവരും മാനിക്കും. മാനിക്കപ്പെടുന്ന വ്യക്തിത്വമുള്ളവർ സത്സ്വഭാവവും സത്പെരുമാറ്റവും ഉള്ളവരായിരിക്കും. നല്ല സ്വഭാവവും നല്ല പെരുമാറ്റവുമാണ് മാന്യതയുടെ അളവുകോൽ. ഹൃദയത്തിൽ ധർമ്മനിഷ്ഠയുണ്ടെങ്കിൽ സ്വഭാവം സുന്ദരമാകും. സ്വഭാവത്തിൽ സൗന്ദര്യമുണ്ടെങ്കിൽ ഭവനത്തിൽ സ്വരച്ചേർച്ചയുണ്ടാകും. ഭവനത്തിൽ സ്വരച്ചേർച്ചയുണ്ടെങ്കിൽ രാഷ്ട്രത്തിൽ വ്യവസ്ഥ കൈവരും. രാഷ്ട്രത്തിൽ വ്യവസ്ഥയുണ്ടായാൽ ലോകത്ത് സമാധാനം കൈവരും.

നിത്യജീവിതത്തിന്റെ എല്ലാ മേഖലകളിലും നന്മയെ അന്വേഷിച്ചുകൊണ്ട് നന്മയിൽ വ്യാപരിക്കുന്നവനാണ് മാന്യൻ. ഏതുകാര്യത്തിലായാലും "നേരേ വാ, നേരേ പോ" എന്ന രീതി അവലംബിക്കുന്നവരാണ് മാന്യൻമാർ. എങ്കിലും ഔചിത്യത്തിന്റെ നിയമങ്ങൾ പാലിക്കണം. "ഔചിത്യത്തിന്റെ നിയമങ്ങൾ പാലിക്കാത്ത ആർജ്ജവും മര്യാദ

കേടാണ്.'' എന്നാണ് ചിന്തകനായ കൺഫ്യൂഷ്യസ് പറയുന്നത്. വാക്കിലും പ്രവർത്തിയിലും ഔചിത്യം പുലർത്തണം. ബ്രിട്ടീഷ് പ്രധാന മന്ത്രി ബഞ്ചമിൻ ഡിസ്രായേലി മാന്യതയുടെ ലക്ഷണമായി ചൂണ്ടി ക്കാട്ടിയത് രണ്ടുകാര്യങ്ങളാണ്. 1) ഔചിത്യം, 2) അന്യരോടുള്ള പരിഗണനന.

മാന്യത സ്പർശിക്കുന്ന ശബ്ദം, പുഞ്ചിരി, സൗഹാർദ്ദ സമീപനം, സംഭാഷണത്തിൽ ആദരവ്, ക്ഷമ, ലളിതമായ ഭാഷ, വിനയവും ഒതു ക്കവും, നയചാതുര്യം, സമഭാവന, മൂല്യബോധം, പരസ്പര ബഹുമാനം, പരസ്പര വിശ്വാസം, വിശ്വാസ്യത, സഹായമനോഭാവം, രമ്യത, പ്രവർത്തനങ്ങളിലെ കൃത്യത, ചിട്ട, സ്നേഹനിർഭരത, സൗമ്യത, വൈകാരികസ്ഥിരത, തുറന്ന സമീപനം തുടങ്ങിയ ഗുണങ്ങൾ ആർജ്ജി ച്ചെടുത്താൽ നിങ്ങൾക്കും മാന്യനാകാം. ഹൃദയ പരിശുദ്ധി, ശരീരശുദ്ധി, വസ്ത്രശുദ്ധി എന്നിവ മാന്യതയുടെ ഔന്നത്യം വർദ്ധിപ്പിക്കും. ചതി, ആത്മവഞ്ചന, കൃത്രിമനാട്യം എന്നിവ ഉപേക്ഷിച്ച് കളവിൽ തൊടാതെ, സത്യത്തിന്റെ പാതയിൽ ചരിക്കുന്ന ആളാണ് ആനന്ദം അനുഭവിക്കു ന്നവൻ. അയാൾ മാന്യനും മന:ശാന്തി അനുഭവിക്കുന്നവനുമായിരിക്കും. അവൻ ആരോടും അനുചിതമായി പെരുമാറുകില്ല. മറ്റുള്ളവരെ അംഗീ കരിക്കുകയും സ്നേഹിക്കുകയും ചെയ്യും.

മനുഷ്യനായി ജനിച്ചതുകൊണ്ടുമാത്രം മാന്യനാകണമെന്നില്ല. ജന്തുസഹജ വാസനയുള്ളവരും മനുഷ്യത്വരഹിതമായി പെരുമാറുന്ന വരും വക്രതയും കുടിലബുദ്ധിയുമായി നടക്കുന്നവരും നീച സ്വഭാവ മുള്ളവരും മനുഷ്യജന്മത്തിന്റെ ശ്രേഷ്ഠത ഉൾക്കൊള്ളാത്തവരാണ്. മനുഷ്യജന്മമാണ് ഏറ്റവും ശ്രേഷ്ഠതയുള്ളത്. ഈശ്വരന്റെ ഛായയിലും സാദൃശ്യത്തിലുമാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. സൃഷ്ടിയുടെ മഹത്വം ഉൾക്കൊണ്ട് മാന്യനും ഉത്തമ മനുഷ്യനുമായി തീരുവാൻ നിരന്തരം യത്നിക്കണം. ബുദ്ധിയുടെയും മനസ്സിന്റെയും സംസ്കരണ ത്തിലൂടെയാണ് സംസ്കാരസമ്പന്നനാകുന്നത്. സ്വജീവിതം മറ്റുള്ള വർക്കുകൂടി ഉപകാരപ്രദമാക്കിത്തീർക്കുന്നവരാണ് മാന്യരും വിവേകി കളും. സ്വഭാവത്തിലെ വിശുദ്ധികൊണ്ട് പെരുമാറ്റത്തിലെ നന്മകൊണ്ട് നമുക്കും മാന്യരായിത്തീരാം. (9847034600)

# രൂപതാകച്ചേരി വാർത്തകൾ

**സീറോ മലബാർ മിഷൻ വാരാചരണം : ജനുവരി 6–12**

സീറോ മലബാർ സഭയുടെ വിവിധ മിഷൻ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന മിഷനറിമാരേയും മിഷനറി പ്രവർത്തനങ്ങളേയും അനുസ്മരിക്കുവാനും മിഷൻ പ്രവർത്തനങ്ങളുടെ വിജയത്തിനായി പ്രാർത്ഥിക്കുവാനും പ്രത്യേകമായി മാറ്റിവച്ചിരിക്കുന്ന ആഴ്ചയാണ് സീറോ മലബാർ മിഷൻവാരം. ഈ വർഷം ജനുവരി 6 മുതൽ 12 വരെ യാണ് സീറോ മലബാർ മിഷൻവാരം ആചരിക്കുന്നത്. സീറോ മലബാർ മിഷൻ സൺഡേ കവറിലൂടെ ലഭിക്കുന്ന സംഭാവനകൾ എത്രയും വേഗം രൂപതാ കേന്ദ്രത്തിൽ എത്തിക്കണമെന്ന് താല്പര്യപ്പെടുന്നു.

**സ്നേഹസ്മരണ**

**മോൺ. ജോസഫ് കണിയാമറ്റം**: മാനന്തവാടി രൂപതയുടെ ആരംഭം മുതൽ അഭിവന്ദ്യ ജേക്കബ് തൂങ്കുഴി പിതാവിനോട് ചേർന്ന് രൂപതയുടെ ആത്മീയവും ഭൗതീകവുമായ വളർച്ചയിൽ നിർണ്ണായകമായ പങ്കു വഹിച്ച ബഹു. ജോസഫ് കണിയാമറ്റത്തിൽ അച്ചൻ നിത്യസമ്മാന ത്തിനായി വിളിക്കപ്പെട്ടിട്ട് 2016 ജനുവരി 17–ന് രണ്ടുവർഷം തികയുന്നു. 17 ഞായറാഴ്ച ആയതിനാൽ ജനുവരി 16–ാം തീയതി സീയോൻ ചാപ്പലിൽ രാവിലെ 7 മണിക്ക് വി.കുർബാനയും സെമിത്തേരിയിൽ ഒപ്പീസും ഉണ്ടായിരിക്കുന്നതാണ്.

**ഫാ. ജോസഫ് കോട്ടേപ്പറമ്പിൽ:** ജനുവരി 29 ന് നമ്മുടെ പ്രിയപ്പെട്ട ജോസഫ് കോട്ടേപ്പറമ്പിലച്ചന്റെ ചരമവാർഷിക ദിനമാണ്. അച്ചനെ നമ്മുടെ പ്രാർത്ഥനകളിൽ പ്രത്യേകം സ്മരിക്കാം.

**സമർപ്പിതവർഷ സമാപനം**

2016 ഫെബ്രുവരി 2–ന് സമർപ്പിതവർഷം സമാപിക്കുകയാണല്ലോ. രൂപതാ വൈദിക സമിതിയും, രൂപതാ സമർപ്പിതവർഷാചരണ കമ്മി റ്റിയും ഇതേക്കുറിച്ച് ചർച്ച ചെയ്തു. ഫെബ്രുവരി 2 ചൊവ്വാഴ്ച പ്രവൃത്തിദിനമായതിനാൽ തലേഞായറാഴ്ച സമാപനം നടത്തുന്ന

താണ് സൗകര്യപ്രദം എന്നു തീരുമാനിച്ചു. അന്നത്തെ ദിവസത്തെ പ്രധാന ദിവ്യബലി സമർപ്പിതർക്കുവേണ്ടി അർപ്പിക്കുവാനും സമർപ്പിത ജീവിതത്തിന്റെ പ്രാധാന്യം, ദൈവവിളി പ്രോത്സാഹനം തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെടുത്തി വി.കുർബാന മധ്യേ വചനസന്ദേശം നടത്തുവാനും ബഹു. വൈദികർ ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കാഴ്ചവയ്പ്, വചനവായനകൾ തുടങ്ങിയവ ഇടവകയിലെ സമർപ്പിതരെക്കൊണ്ട് നടത്തിക്കുന്നതും നന്നായിരിക്കും. സാധിക്കുന്ന ഇടവകകളിലൊക്കെ തലേ വെള്ളിയാഴ്ച (ജനുവരി 29) സമർപ്പിതർക്കു വേണ്ടിയും ദൈവവിളിക്കുവേണ്ടിയും ഒരു മണിക്കൂർ ആരാധന നടത്തി പ്രാർത്ഥിക്കുകയും ചെയ്യുന്നത് വളരെ ഉചിതമായിരിക്കും.

**വൈദിക സമ്മേളനം (Priests' Conference)**

മാനന്തവാടി രൂപതയിൽ സേവനം ചെയ്യുന്ന എല്ലാ വൈദികരുടെയും ഒരു യോഗം 2016 ജനുവരി 6 ബുധനാഴ്ച രാവിലെ 10.30 മുതൽ 2 മണിവരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ചേരുന്നു. ബഹു. വൈദികർക്ക് ക്ഷണക്കത്തുകൾ അയച്ചിട്ടുണ്ട്. ആർക്കെങ്കിലും കിട്ടാതെ വന്നാൽ ഇതൊരു അറിയിപ്പായി സ്വീകരിച്ച് വൈദിക സമ്മേളനത്തിൽ സംബന്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**പാസ്റ്ററൽ കൗൺസിൽ**

മാനന്തവാടി രൂപതയിൽ പുതിയ പാസ്റ്ററൽ കൗൺസിൽ രൂപീകരണ പ്രക്രിയ നടന്നുകൊണ്ടിരിക്കുകയാണല്ലോ? പുതിയ പാസ്റ്ററൽ കൗൺസിലിന്റെ ആദ്യയോഗം 2016 ഫെബ്രുവരി 13-ന് ശനിയാഴ്ച രാവിലെ 10.30 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ചേരുന്നു. വിശദവിവരങ്ങൾ അംഗങ്ങളെ കത്തുമുഖേന അറിയിക്കുന്നതാണ്.

## Young Priests' Course

മുൻപ് അറിയിച്ചിരുന്നതുപോലെ യുവവൈദികരുടെ കോഴ്സ് 2016 ഫെബ്രുവരി 1 മുതൽ 4 വരെയായിരിക്കും. ആ ദിവസങ്ങളിലെ പരിപാടികൾ മുൻകൂട്ടി ക്രമീകരിച്ച് നിർബന്ധമായും കോഴ്സിൽ സംബന്ധിച്ചിരിക്കണം. പങ്കെടുക്കേണ്ടവരുടെ ലിസ്റ്റ് ഡിസംബർ മാസത്തിലെ ബുള്ളറ്റിനിൽ കൊടുത്തിട്ടുണ്ട്.

**അഭിനന്ദനങ്ങൾ**

ഫ്രാൻസിസ്കൻ ക്ലാരസഭയുടെ സെന്റ് മേരീസ് പ്രൊവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയറായി വീണ്ടും തെരഞ്ഞെ

ടുക്കപ്പെട്ട റവ.സി. സ്റ്റെഫാനി എഫ്.സി.സി.യ്ക്കും പ്രൊവിൻഷ്യൽ ടീമിനും, കർമ്മലീത്താ സന്യാസിനി സഭയുടെ മാനന്തവാടി സേക്രട്ട്ഹാർട്ട് പ്രൊവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയറായി വീണ്ടും തെരഞ്ഞെടുക്കപ്പെട്ട റവ.സി. ജീസ സി.എം.സി.യ്ക്കും പ്രൊവിൻഷ്യൽ ടീമിനും, തിരുഹൃദയ സഭയുടെ മാനന്തവാടി നിർമ്മല പ്രൊവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയറായി വീണ്ടും തെരഞ്ഞെടുക്കപ്പെട്ട റവ.സി. മേഴ്സിറ്റ ചാലിൽ എസ്.എച്ച്. നും പ്രൊവിൻഷ്യൽ ടീമിനും, ദിവ്യകാരുണ്യ ആരാധനാസഭയുടെ മാനന്തവാടി മേരിമാതാ പ്രൊവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയറായി വീണ്ടും തെരഞ്ഞെടുക്കപ്പെട്ട റവ.സി. എത്സ പൈകട എസ്.എ.ബി.എസ്.നും പ്രൊവിൻഷ്യൽ ടീമിനും മാനന്തവാടി രൂപതയുടെ അനുമോദനങ്ങളും പ്രാർത്ഥനാശംസകളും.

**Newly Elected Provincial Team of FCC**

| | |
|---|---|
| Provincial Superior | Rev. Sr. Stephina |
| Asst. Prov. Superior | Rev. Sr. Anitha Thomas |
| Councillors | Rev. Sr. Celia Jose |
| | Rev. Sr. Joythi Maria |
| | Rev. Sr. Anilit |
| Prov. Treasurer | Rev. Sr. Linda Rose |
| Prov. Secretary | Rev. Sr. Tessin |

**Newly Elected Provincial Team of CMC**

| | |
|---|---|
| Provincial Superior | Rev. Sr. Jeesa |
| Vicar Provincial | Rev. Sr. Jasmine Maria |
| Provincial Councillors | Rev. Sr. Lilly (Social Work) |
| | Rev. Sr. Salvin Maria (Finance & Health Ministry) |
| | Rev. Sr. Sherin Anns (Education) |
| | Rev. Sr. Ancy Thomas (Faith Formation & Publication) |
| Internal Auditor | Rev. Sr. Jobitta |
| Provincial Secretary | Rev. Sr. Delphy Maria |
| Finance Secretary | Rev. Sr. Tessin Mariya |

**Newly Elected Provincial Team of SH**

| | |
|---|---|
| Provincial Superior | Rev. Sr. Mercitta Chalil SH |
| | Rev. Sr. Mercy George Kunnel SH (Vicar Provincial & Charitative Activities) |

| | |
|---|---|
| Provincial Councillors | Rev. Sr. Betty Mathew Kizhakkeparambil SH (Evangelization) |
| | Rev. Sr. Anitta Moorkkattilputhenpura SH (Social Welfare Activities) |
| | Rev. Sr. Mary Francis Kunnelpurayidathil SH (Education) |
| Provincial Auditor | Rev. Sr. Ancy Tom Kunnath SH |
| Provincial Procurator | Rev. Daisy Mathew Kizhakkeyil SH |

**Newly Elected Provincial Team of SABS**

| | |
|---|---|
| Provincial Superior | Rev. Sr. Elsa Paikada |
| Vicar Provincial | Rev. Sr. Alice Chundattu |
| 2nd Councillor | Rev. Sr. Alice Mukala |
| 3rd Councillor | Rev. Sr. Lilly Jose Nedumkallel |
| 4th Councillor | Rev. Sr. Mable Memadathil |
| Finance Officer | Rev. Sr. Rose Tom Ottaplackal |
| Secretary | Rev. Sr. Aleena Thonakkara |

**മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# പ്രസ്ബിറ്ററൽ കൗൺസിൽ-റിപ്പോർട്ട്

മാനന്തവാടി രൂപതയിലെ വൈദിക സെനറ്റിന്റെ (പ്രസ്ബിറ്ററൽ കൗൺസിൽ) ഒരു യോഗം 2015 ഡിസംബർ 3-ന് രാവിലെ 10.30 ന് ബിഷപ്സ് ഹൗസിൽ വച്ച് ചേർന്നു. റവ.ഫാ. തോമസ് കച്ചിറയിൽ നയിച്ച പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. തുടർന്ന് അഭിവന്ദ്യ പിതാവ് ആമുഖപ്രഭാഷണം നടത്തി. സഭയ്ക്ക് നല്ലൊരു നേതൃത്വം ഉണ്ടായിരിക്കുന്നതുകൊണ്ടാണ് ഇന്ന് കാണുന്ന വളർച്ച സഭയ്ക്ക് ഉണ്ടായത് എന്നും നമ്മുടെ സമുദായം പല കാര്യങ്ങളിലും വളർച്ച നേടിയിട്ടുണ്ടെങ്കിൽ അതിന്റെ പിന്നിൽ കഠിനമായ അദ്ധ്വാനവും ക്ലേശങ്ങൾ സഹിക്കാനുള്ള ദൈവജനത്തിന്റെ സന്നദ്ധതയും ഉണ്ടായിരുന്നുവെന്നും പിതാവ് സൂചിപ്പിച്ചു. അത്മായ നേതൃത്വത്തെ വളർത്തിക്കൊണ്ടുവരുന്നതിൽ കൂടുതലായ പരിശ്രമങ്ങൾ എല്ലാവരുടെയും ഭാഗത്ത് നിന്ന് ഉണ്ടാകണമെന്ന് പിതാവ് ആഹ്വാനം ചെയ്തു. കരുണയുടെ വർഷാചരണം എന്നതുകൊണ്ട് നമ്മുടെ മനോഭാവത്തിലും ജീവിത ശൈലിയിലും മാറ്റം വരുത്തുക, കർത്താവിന്റെ പ്രതിരൂപങ്ങളായി മാറുക എന്നതാണ് പ്രധാനമായും ഉദ്ദേശിക്കുന്നതെന്നും പിതാവ് പറഞ്ഞു. സമർപ്പിതവർഷം അവസാനിക്കാറായ സന്ദർഭത്തെ പരാമർശിച്ചുകൊണ്ട് സമർപ്പിത ജീവിതം സഭയിൽ ഏറെ പ്രാധാന്യം അർഹിക്കുന്നതാണെന്നും സമർപ്പിതരുടെ സാക്ഷ്യം സഭയുടെ മുഖകാന്തി വർദ്ധിപ്പിക്കുന്നുണ്ടെന്നും സൂചിപ്പിക്കുകയും സമുചിതമായ സമർപ്പിതവർഷാചരണം വളരെ ഫലങ്ങൾ പുറപ്പെടുവിക്കുമെന്ന് പ്രത്യാശിക്കുന്നു എന്നും പറഞ്ഞു.

തുടർന്ന് കാരുണ്യവർഷത്തെക്കുറിച്ച് രൂപതാ മതബോധന ഡയറക്ടർ ബഹു. റോയി വട്ടക്കാട്ടച്ചൻ ചുരുക്കമായി പ്രതിപാദിച്ചു. കെ.സി.ബി.സി. യുടെ നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ നമ്മുടെ രൂപതയിലും ചെയ്യാനുള്ള കാര്യങ്ങൾ അച്ചൻ സൂചിപ്പിച്ചു. പിരിവ്, കുടിശ്ശിക മുതലായവയുടെ കാര്യത്തിൽ ഒരു പൊതുതീരുമാനം എടുക്കുന്നത് ബുദ്ധിമുട്ട് ആയിരിക്കുമെന്നും ഓരോ കേസിലും കാര്യങ്ങൾ പഠിച്ചുള്ള തീരുമാനമായിരിക്കും ഉചിതമെന്നും അംഗങ്ങൾ അഭിപ്രായപ്പെട്ടു.

പൊതു സമൂഹത്തിനുവേണ്ടി രൂപതയും, ഇടവകകളും, സംഘടനകളും ചെയ്യുന്ന ജീവകാരുണ്യ പ്രവർത്തനങ്ങളുടെ കാര്യങ്ങൾ മാധ്യമങ്ങൾ വഴി പൊതുസമൂഹത്തെ അറിയിക്കണമെന്ന നിർദ്ദേശം ഉണ്ടായി. കാരുണ്യവർഷത്തിൽ കരുണ പ്രവർത്തിക്കുന്നവരെയും കാരുണ്യപ്രവർത്തികൾ ചെയ്യുന്നവരെയും പ്രോത്സാഹിപ്പിക്കണമെന്നും അവയവദാനം, ഹെൽപ്ഡസ്ക്, ഭവന നിർമ്മാണം, അനുരഞ്ജന കമ്മിറ്റിയുടെ രൂപീകരണം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നവിധത്തിൽ പദ്ധതികൾ രൂപീകരിക്കണം എന്ന് അംഗങ്ങൾ അഭിപ്രായപ്പെടുകയുണ്ടായി. ഏതെങ്കിലും വിധത്തിൽ സഭാസമൂഹത്തോടു ചേർന്നുപോകുവാൻ വിഷമിക്കുന്നവരെ കരുണയുടെ വർഷത്തിൽ പ്രത്യേകം പരിഗണിക്കണം.

വൈദികസമിതിയുടെ ഭാഗത്തു നിന്നുമുള്ള കാരുണ്യവർഷാചരണ കമ്മിറ്റിയുടെ രൂപീകരണമാണ് തുടർന്ന് നടന്നത്. പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ (ചെയർമാൻ), റവ.ഫാ. റോയി വട്ടക്കാട്ട് (കൺവീനർ), റവ.ഫാ. ജെയിംസ് കുറ്റിമാക്കൽ, റവ.ഫാ. ജോസ് കൊച്ചറയ്ക്കൽ, റവ.ഫാ. ചാണ്ടി പുനക്കാട്ട്, റവ. ബിജോ കറുകപ്പള്ളിൽ എന്നിവർ അംഗങ്ങളായി കമ്മിറ്റി രൂപീകരിച്ചു. സമർപ്പിതരുടെയും അത്മായരുടെയും പ്രതിനിധികളെ ചേർത്ത് വിപുലമായ കമ്മിറ്റി രൂപീകരിക്കണം എന്നും നിർദ്ദേശങ്ങൾ ക്രോഡീകരിക്കുകയും അവ നടപ്പിലാക്കുകയുമാണ് ഈ കമ്മിറ്റിയുടെ ഉത്തരവാദിത്വമെന്നും പിതാവ് സൂചിപ്പിച്ചു.

കേരള കത്തോലിക്കാ കോൺഗ്രസ്സിനെക്കുറിച്ച് രൂപതാ ഡയറക്ടർ ബഹു. ചാണ്ടി പുനക്കാട്ടച്ചൻ സംസാരിച്ചു. ഇതുവരെ 62 ഇടവകകളിൽ യൂണിറ്റുകൾ സ്ഥാപിക്കപ്പെട്ടുവെന്നും ദ്വാരകയിലും മണിമൂളിയിലും നേതൃസംഗമങ്ങൾ നടന്നുവെന്നും അച്ചൻ അറിയിച്ചു. 2016 ഫെബ്രുവരി 20-ന് നടത്തുന്ന മഹാസമ്മേളനത്തിന് എല്ലാവരുടെയും സഹായം ആവശ്യപ്പെടുകയും ചെയ്തു. റാലി നടത്താതെ സമ്മേളനം മാത്രം നടത്തുന്നതാണ് നല്ലതെന്ന് പൊതു അഭിപ്രായം ഉണ്ടായി. സമ്മേളനം ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുന്നതായിരിക്കും നല്ലതെന്ന് അംഗങ്ങൾ അഭിപ്രായപെട്ടു. ഇതെക്കുറിച്ച് കൂടുതൽ ആലോചിക്കാനായി ഫൊറോന വികാരിമാരുടെയും സംഘടനാ ഭാരവാഹികളുടെയും സന്യസ്ത സഭകളിലെ മേജർ സുപ്പീരിയേഴ്സിന്റെയും ഒരു യോഗം ചേരുവാൻ തീരുമാനിച്ചു. സംഗമത്തിന്റെ ചിലവിലേയ്ക്ക് ഒരു ഞായറാഴ്ചത്തെ സ്തോത്രക്കാഴ്ച എടുക്കുവാനും തീരുമാനിച്ചു.

സമർപ്പിതവർഷ സമാപനത്തെക്കുറിച്ച് ബഹു. ജനറാളച്ചൻ ചുരുക്കമായി പ്രതിപാദിക്കുകയും രൂപതാതലത്തിൽ പൊതുവായ ഒരു സമാപനം ഇല്ലായെന്ന മുൻതീരുമാനം ഓർമ്മപ്പെടുത്തുകയും അതാത് ഇടവകകളിൽ സമാപന ദിനത്തോടനുബന്ധിച്ച് സമർപ്പിതർക്കുവേണ്ടി പ്രത്യേകമായി വി.കുർബാന അർപ്പിക്കുകയും വായനകൾ, കാഴ്ചവയ്പ്പ്, തുടങ്ങിയവയ്ക്ക് അവർ നേതൃത്വം നൽകുകയും ചെയ്യട്ടെ എന്ന് തീരുമാനിക്കുകയും ചെയ്തു.

നിലവിലുള്ള പ്രസ്ബിറ്ററൽ കൗൺസിലിന്റെ കാലാവധി പൂർത്തിയായതിനാൽ പ്രസ്ബിറ്ററൽ കൗൺസിലിലേയ്ക്ക് നടത്തേണ്ട തെരഞ്ഞെടുപ്പിനായി എക്സ്-ഓഫീച്ചോമെംബേഴ്സ് ആയ മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ (പ്രോട്ടോസിഞ്ചെല്ലൂസ്), ഫാ. ജോസഫ് പരുവുമ്മേൽ (സെക്രട്ടറി, പ്രസ്ബിറ്ററൽ കൗൺസിൽ), എന്നിവർക്ക് പുറമേ റവ.ഫാ. ജോഷി പെരിയപ്പുറം, റവ.ഫാ. സജി നെടുങ്കല്ലേൽ, റവ.ഫാ. ജോസ് മൊളോപ്പറമ്പിൽ എന്നിവരെ തെരഞ്ഞെടുത്തു.

പൊതു വിഷയങ്ങളിൽ ഇടപെടാൻ ഒരു Public Affaires Committee രൂപീകരിക്കണമെന്നും അതിലെ അംഗങ്ങളെ രൂപതാദ്ധ്യക്ഷൻ നിയമിച്ചാൽ മതിയെന്നും നിർദ്ദേശം ഉണ്ടായി. പ്രസ്ബിറ്ററൽ കൗൺസിൽ സെക്രട്ടറി ഫാ. ജോസഫ് പരുവുമ്മേൽ യോഗത്തിന് നന്ദി അറിയിച്ചു. തുടർന്ന് പ്രാർത്ഥനയോടെ 1.30 ന് യോഗം അവസാനിച്ചു.

**ഫാ. ജോസഫ് പരുവുമ്മേൽ**
സെക്രട്ടറി, പ്രസ്ബിറ്ററൽ കൗൺസിൽ

**താവളം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ വൈദികരുടെ ഗ്രാന്റ് കോൺഫറൻസ് - 2016**

2016 ഫെബ്രുവരി 1 തിങ്കൾ 5.00 pm മുതൽ
04 വ്യാഴം 9.00 pm വരെ

സെഹിയോൻ ധ്യാനകേന്ദ്രത്തിൽ വൈദികരുടെ ധ്യാനം കൂടിയ വൈദികരെയും തീക്ഷ്ണമായി ശുശ്രൂഷ ചെയ്തുകൊണ്ടിരിക്കുന്ന വൈദികരെയും യേശു നാമത്തിൽ ക്ഷണിക്കുന്നു.

ബുക്കിംഗിന്:- ഫോൺ :- 04924-253496, 08281-473647, 08593-980741

ബുക്കിംഗ് സമയം:- തിങ്കൾ to വെള്ളി 9. am മുതൽ 5.00 pm വരെ

ഡയറക്ടർ, സെഹിയോൻ മിനിസ്ട്രീസ്, താവളം പി.ഒ.

# വൈദികരുടെ മാസധ്യാനം

**മുള്ളൻകൊല്ലി ഫൊറോന**

മുള്ളൻകൊല്ലി ഫൊറോനയിലെ വൈദികരുടെ മാസധ്യാനം ഡിസംബർ മാസം 9-10 തീയതി മുള്ളൻകൊല്ലി സെന്റ് മേരീസ് ഫൊറോന ദേവാലയത്തിൽ വച്ച് നടത്തുകയുണ്ടായി. ബഹു. ഫൊറോന വികാരി ഫാ. ഫ്രാൻസിസ് നെല്ലികുന്നേൽ ഏവർക്കും സ്വാഗതമോതി. മാസധ്യാനത്തിന് നേതൃത്വം കൊടുത്തത് പ്രശസ്ത ധ്യാനഗുരുവും മുൻ IAS ഓഫീസറുമായ ഡൊമിനിക്കൻ സഭാംഗമായ ബഹു. ഫാ. ജസ്റ്റസ്സ് പോൾ ആണ്. പൗരോഹിത്യത്തിന്റെ മാഹാത്മ്യത്തെക്കുറിച്ച് എല്ലാ വൈദികരെയും ഓർമ്മപ്പെടുത്തി. കരുണ യുടെ വർഷത്തിൽ എന്തെല്ലാമാണ് ചെയ്യേണ്ടതെന്ന് ചർച്ച ചെയ്തു. മുള്ളൻകൊല്ലി K.C.Y.M നേതൃത്വത്തിൽ നടത്തുന്ന മേഖലാ കരോൾ ഗാനമത്സരത്തിലേക്ക് ഏവരെയും സ്വാഗതം ചെയ്തു. വിവിധ സംഘ ടനകളെക്കുറിച്ച് വിലയിരുത്തി മാസധ്യാനം അവസാനിപ്പിച്ചു.

**ഫാ. ജിനോ മേക്കാട്ട്**
സെക്രട്ടറി

# ബൈബിൾ അപ്പോസ്തലേറ്റ്

ലോഗോസ് 2015 വിജയികൾക്കുള്ള സമ്മാനവിതരണം 2015 ഡിസംബർ 19-ന് മാതൃവേദി രൂപതാ വാർഷികത്തോടനുബന്ധിച്ചു നടന്ന പൊതുസമ്മേളനത്തിൽവച്ച് CML രൂപതാ ഡയറക്ടർ ബഹു. ജോജോ ചങ്ങനാംതുണ്ടം അച്ചൻ നിർവ്വഹിച്ചു.

ലോഗോസ് പരീക്ഷയിൽ പങ്കെടുത്ത് സർട്ടിഫിക്കറ്റിന് അർഹരായവർക്കുള്ള സർട്ടിഫിക്കറ്റും, ഇടവകാ തലത്തിൽ ഓരോ ഗ്രൂപ്പിലും ഏറ്റവും കൂടുതൽ മാർക്കു നേടിയവർക്കുള്ള സമ്മാന പുസ്തകങ്ങളും മാതൃവേദി ഭാരവാഹികൾ വശം കൊടുത്തുവിട്ടിട്ടുണ്ട്. അവ കൊണ്ടുപോകാത്ത ഇടവകകൾ രൂപതാ ഓഫീസിൽനിന്നും അവ കൈപ്പറ്റേണ്ടതാണ്.

**2016 ലോഗോസ് പരീക്ഷയുടെ പാഠഭാഗങ്ങൾ**

സംഖ്യ 11 - 12, സുഭാഷിതങ്ങൾ 10 - 20, യോഹന്നാൻ 13 - 21, വെളിപാട് 1 - 3

**ഫാ. മാത്യു പെരിയപ്പുറം**
ഡയറക്ടർ, ബൈബിൾ അപ്പോസ്തലേറ്റ്

## മതബോധനരംഗം

**ബഹു.വികാരിയച്ചൻമാരുടെയും പ്രധാനാധ്യാപകരുടെയും സംയുക്ത സമ്മേളനം**

മുൻകൂട്ടി അറിയിച്ചതുപോലെ ജനുവരി 9 ശനിയാഴ്ച രാവിലെ 10.00 മണി മുതൽ ഉച്ചകഴിഞ്ഞ് 2.00 മണി വരെ ബഹു. വികാരിയച്ചൻ മാരുടെയും പ്രധാനാധ്യാപകരുടെയും സംയുക്ത സമ്മേളനം ദ്വാരക പാസ്റ്ററൽ സെന്ററിൽ നടക്കുന്നതാണ്. കൃത്യസമയത്ത് എല്ലാവരും എത്തിച്ചേരുമല്ലോ.

**മേഖലാ സെക്രട്ടറിമാരുടെ സമ്മേളനം**

ജനുവരി 9-ന് ശനിയാഴ്ച പ്രധാനാധ്യാപക സമ്മേളനത്തിന് ശേഷം ഫൊറോനാ സെക്രട്ടറിമാരുടെ സമ്മേളനം ഉണ്ടായിരിക്കും. മേഖലാ സെക്രട്ടറിമാർ ശ്രദ്ധിക്കുമല്ലോ. HCC (Plus One, Plus Two) പരീക്ഷ ഫെബ്രുവരി 14-ന് കാലിക്കറ്റ് യൂണിവേഴ്സിറ്റി ചെയർ ഫോർ ക്രിസ്റ്റ്യൻ സ്റ്റഡീസ് നടത്തുന്ന HCC (Plus One,Plus Two) പരീക്ഷകൾ ഫെബ്രുവരി 14-ന് ഞായറാഴ്ച രാവിലെ 10.00 മണി മുതൽ 12.00 മണിവരെ നടത്തുന്നതാണ്. പരീക്ഷാതീയതി ഫെബ്രുവരി 7-ൽ നിന്ന് 14-ലേക്ക് മാറ്റിയത് ശ്രദ്ധിക്കുമല്ലോ. HM, PP സമ്മേളനത്തിന് വരുമ്പോൾ രൂപതാ ഓഫീസിൽ നിന്നും പരീക്ഷ എഴുതുവാൻ യോഗ്യരായ കുട്ടികളുടെ ഹാൾ ടിക്കറ്റ് പ്രധാനാധ്യാപകർ കൈപ്പറ്റേണ്ടതാണ്. പരീക്ഷയ്ക്കുവേണ്ട സഹായവും ക്രമീകരണങ്ങളും പരീക്ഷാ കേന്ദ്രത്തിലെ ബഹു. വികാരിയച്ചനും, മേഖലാ ഡയറക്ടറും, മേഖലാ ടീം അംഗങ്ങളുമാണ് ഒരുക്കുന്നത്.

**പരീക്ഷാ സെന്ററുകൾ**

1. ബത്തേരി ഫൊറോന - ബത്തേരി
2. ചുങ്കക്കുന്ന് ഫൊറോന - കൊട്ടിയൂർ
3. നീലഗിരി റീജിയൺ - അരുൾനിലയം, കയ്യൂന്നി
4. കല്ലോടി ഫൊറോന - കല്ലോടി, ദ്വാരക, മക്കിയാട്

(ഈ സെന്ററുകളിൽ എത്തേണ്ട ഇടവകകൾ ഏതെന്ന് HM, PP സമ്മേളനത്തിൽ അറിയിക്കും)

5. കല്പറ്റ ഫൊറോന – കല്പറ്റ

6. മാനന്തവാടി ഫൊറോന – മാനന്തവാടി കത്തീഡ്രൽ

7. മണിമൂളി ഫൊറോന – മണിമൂളി

8. മുള്ളൻകൊല്ലി ഫൊറോന – മുള്ളൻകൊല്ലി

9. നടവയൽ ഫൊറോന – നടവയൽ, ചുണ്ടക്കര, ചെറുകാട്ടൂർ

(ഈ സെന്ററുകളിൽ എത്തേണ്ട ഇടവകകൾ ഏതെന്ന് HM,PP സമ്മേളനത്തിൽ അറിയിക്കും.)

10. നിലമ്പൂർ ഫൊറോന – നിലമ്പൂർ

11. പയ്യമ്പള്ളി ഫൊറോന – പയ്യമ്പള്ളി

12. തരിയോട് ഫൊറോന – തരിയോട്

**പരീക്ഷാ നടത്തിപ്പ് സംബന്ധിച്ച്**

1. പരീക്ഷാ നടത്തിപ്പിന്റെ പൂർണ്ണ ഉത്തരവാദിത്വം മേഖലാ ഡയറക്ടർമാരുടെ നേതൃത്വത്തിൽ മേഖലാ ടീം അംഗങ്ങൾക്കായിരിക്കും. പരീക്ഷാസെന്ററിലെ ബഹു. വികാരിയച്ചനുമായി ആലോചിച്ച് ആവശ്യമായ ഒരുക്കങ്ങൾ ചെയ്യേണ്ടതാണ്.
2. പരീക്ഷാ സമയത്തിന് മുമ്പ് കുട്ടികളുടെ രജിസ്റ്റർ നമ്പർ എഴുതി പരീക്ഷാ ഹാൾ ക്രമീകരിക്കേണ്ടതാണ്.
3. പരീക്ഷാ സമയം കൃത്യമായി പാലിക്കേണ്ടതാണ്. പരീക്ഷ തുടങ്ങി അരമണിക്കൂർ കഴിഞ്ഞു വരുന്ന പരീക്ഷാർത്ഥികളെ പരീക്ഷ എഴുതുവാൻ അനുവദിക്കേണ്ടതില്ല.അതുപോലെതന്നെ പരീക്ഷാസമയം തീരുന്നതിന് അരമണിക്കൂർ മുമ്പ് ഹാളിന് പുറത്തു പോകുവാൻ അനുവദിക്കേണ്ടതില്ല.
4. പരീക്ഷ കഴിഞ്ഞ് മേഖലാ ഡയറക്ടറുടെ സാന്നിധ്യത്തിൽ ഉത്തരക്കടലാസുകൾ എണ്ണി തിട്ടപ്പെടുത്തി, രജിസ്റ്റർ നമ്പറിന്റെ ക്രമപ്രകാരം അടുക്കി പായ്ക്ക് ചെയ്ത് മതബോധന കേന്ദ്രത്തിൽ എത്തിക്കണം.
5. പരീക്ഷാർത്ഥിയുടെ കൈവശം ഹാൾടിക്കറ്റ് ഉണ്ടായിരിക്കണം. ഹാൾടിക്കറ്റ് ഇല്ലാത്തവരെ പരീക്ഷ എഴുതാൻ അനുവദിക്കേണ്ടതില്ല.
6. പരീക്ഷ എഴുതുവാനുള്ള ആൻസർ ബുക്ക്, അഡീഷണൽ ഷീറ്റ് തുടങ്ങിയവ യൂണിവേഴ്സിറ്റി സീലോടുകൂടി നൽകുന്നതാണ്. സീലില്ലാത്ത പേപ്പറുകൾ മൂല്യനിർണ്ണയം ചെയ്യുന്നതല്ല.

**HDC പരീക്ഷ**

HDC എഴുത്തു പരീക്ഷ ഫെബ്രുവരി 6-ാം തീയതി രാവിലെ 10.00 മണി മുതൽ ഉച്ചകഴിഞ്ഞ് 1.00 മണി വരെ രൂപതാ മതബോധന കേന്ദ്രത്തിലും മണിമൂളി പാസ്റ്ററൽ സെന്ററിലും ചുങ്കക്കുന്നിലും വച്ച് നടത്തപ്പെടുന്നതാണ്. HDC വാചാപരീക്ഷ ഫെബ്രുവരി 20, 21 തീയതികളിൽ ദ്വാരകയിലും 27-ന് മണിമൂളി പാസ്റ്ററൽ സെന്ററിലും വച്ച് നടത്തപ്പെടുന്നു. HDC യുടെ പ്രൊജക്ട് ജനുവരി 20-ന് മുമ്പ് മതബോധന ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

**പ്ലസ്ടു സംഗമം**

പ്ലസ്ടു വിദ്യാർത്ഥികളുടെ മേഖലാ സംഗമം ഡിസംബർ 6-ന് തരിയോട് മേഖലയിൽ നടത്തപ്പെട്ടു. പങ്കെടുത്ത കുട്ടികൾക്ക് അഭിനന്ദനങ്ങൾ. മേഖലയിൽ സംഗമം ഭംഗിയായി ക്രമീകരിച്ച മേഖലാ ഡയറക്ടർ ബഹു. അഗസ്റ്റിൻ ചേമ്പാല അച്ചനും, തരിയോട് ഫൊറോന വികാരി ബഹു. ജോണി കുന്നത്ത് അച്ചനും, ബഹു.ഷിജു ഐക്കരക്കാനായിലച്ചനും, മേഖലാ സെക്രട്ടറി ഷാജി ഉലകംതറ സാറിനും, അധ്യാപകർക്കും ഹൃദ്യമായ നന്ദി. പ്ലസ്ടു സംഗമത്തിന് ക്ലാസ്സുകളും ചർച്ചകളും നയിച്ച രൂപതാ ടീം അംഗങ്ങളായ ശ്രീ. സജി നരിവേലിൽ, ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ, ശ്രീ. ജോൺ തോട്ടത്തിൽ, ശ്രീ. ഔസേഫ് ഇണ്ടിക്കുഴ എന്നിവരെ സ്നേഹപൂർവ്വം ഓർക്കുകയും രൂപതയിലെ മുഴുവൻ പ്ലസ്ടു വിദ്യാർത്ഥി - വിദ്യാർത്ഥിനികളുടെയും പേരിൽ ഹൃദ്യമായ നന്ദി അറിയിക്കുകയും ചെയ്യുന്നു.

**HDC കോൺടാക്റ്റ് ക്ലാസ്സ്**

HDC ഒന്നാം വർഷക്കാരുടെ മൂന്നാമത്തെ കോൺടാക്റ്റ് ക്ലാസ്സ് ജനുവരി 30-ന് ദ്വാരകയിലും ഫെബ്രുവരി 13-ന് ബത്തേരിയിലും വച്ച് നടത്തപ്പെടുന്നതാണ്.

**ഫാ. റോയി വട്ടക്കാട്ട്**
രൂപതാ മതബോധന ഡയറക്ടർ

# ചെറുപുഷ്പ മിഷൻലീഗ്

പ്രിയ മിഷൻ സുഹൃത്തുക്കളെ....

സ്നേഹപൂർവ്വം പുതുവത്സരാശംസകൾ നേരുന്നു. ഒത്തിരി നന്മകളും വിജയങ്ങളും, തിരിച്ചറിവുകളും, തിരുത്തലുകളും നൽകിയ 2015 വർഷം കഴിഞ്ഞു. പുതുവർഷത്തിന്റെ പുത്തൻശീലങ്ങളിലേക്ക് പ്രസന്നതയോടെ നമുക്ക് പ്രവേശിക്കാം...

ജനുവരി മാസത്തിൽ, ചെറുപുഷ്പ മിഷൻലീഗ് പ്രത്യേക പഠന വിഷയമായി സ്വീകരിച്ചിരിക്കുന്നത് കേരളത്തിലെ പ്രശസ്തമായ ക്രൈസ്തവ തീർത്ഥാടന കേന്ദ്രങ്ങളെകുറിച്ചാണല്ലോ? എല്ലാ ദേവാലയങ്ങളും തന്നെ തിരുനാളുകളാൽ മുഖരിതമാകുന്ന ഒരു കാലഘട്ടം. വിശുദ്ധമായ ജീവിതംകൊണ്ട് സ്വർഗ്ഗപ്രാപ്യരായ, നമുക്കു വേണ്ടി പിതാവായ ദൈവത്തോട് മദ്ധ്യസ്ഥം അപേക്ഷിക്കുന്ന നമ്മുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥർവഴി ദൈവത്തിന് ആരാധനയും പുകഴ്ചയും അർപ്പിക്കുന്ന ഒരു കാലഘട്ടം. ആയതിനാൽ തന്നെ പ്രത്യേകമായ സാഹചര്യങ്ങൾകൊണ്ടും, അത്ഭുതാവഹമായ സംഭവങ്ങൾകൊണ്ടും പ്രശസ്തമായ തീർത്ഥാടനകേന്ദ്രങ്ങളെകുറിച്ചുള്ള അറിവ് നമുക്ക് അനിവാര്യമാണ്. മാനസികമായ അറിവ് എന്നതിനെക്കാൾ ഇതുമായി ബന്ധപ്പെട്ട ഒരു രേഖതന്നെ സൂക്ഷിക്കുന്നത് നല്ലതാണ്. പ്രത്യേകമായ അത്ഭുതങ്ങൾ നടന്ന സ്ഥലം, സംഭവങ്ങൾ, സാഹചര്യം ഇവയെല്ലാം നാം മനസ്സിലാക്കിയിരിക്കണം.

ആഗോളസഭ ഈ വർഷം കരുണയുടെ വർഷമായി ആചരിക്കുകയാണല്ലോ... കരുണയുടെ വർഷത്തിൽ പരി. പാപ്പ പ്രത്യേകം പഠിപ്പിക്കുന്നു, തീർത്ഥാടന കേന്ദ്രങ്ങൾ കയറിയിറങ്ങുന്ന വെറും ആചാരമാക്കാതെ... നമ്മിൽ നിന്ന് അപരനിലേക്കും, അപരന്റെ സുഖദു:ഖങ്ങളിലെ പങ്കാളിത്തവുമായിരിക്കണം നമ്മുടെ തീർത്ഥാടനം. വെറും ഭക്താഭ്യാസമല്ല മറിച്ച് കരുണാമയനായ ദൈവത്തിന്റെ കാരുണ്യം പിന്തുടരുന്ന ഒരു തീർത്ഥാടനം നമുക്ക് ആവശ്യമാണ്. ഒരിക്കൽകൂടി പുതുവർഷത്തിന്റെ മംഗളങ്ങൾ നേർന്നുകൊണ്ട്

സ്നേഹപൂർവ്വം, **ജോജോച്ചൻ**

## മൂന്നും അതിലധികവും സമർപ്പിതമക്കളുള്ള മാതാപിതാക്കളെയും സമർപ്പിതരെയും ആദരിക്കുന്നു

2016 ജനുവരി 26-ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ നടക്കുന്ന സി.എം.എൽ. വാർഷികാഘോഷത്തിൽ വച്ച് മാനന്തവാടി രൂപതയിൽ ഭവനമുള്ള മൂന്നും അതിലധികവും സമർപ്പിത മക്കളുള്ള മാതാപിതാക്കളുടെയും ഈ കുടുംബങ്ങളിലെ സമർപ്പിത മക്കളുടെയും സംഗമം നടക്കുന്നു. മാതാപിതാക്കൾക്കുള്ള ക്ഷണകത്തുകൾ ഭവനങ്ങളിലേക്ക് അയക്കുന്നുണ്ട്. ബഹുമാനപ്പെട്ട സമർപ്പിതർ ഇതൊരു അറിയിപ്പും ക്ഷണവുമായി സ്വീകരിച്ച് ജനുവരി 26 ന് പ്രസ്തുത മീറ്റിംഗിൽ പങ്കെടുക്കണമെന്നും നിങ്ങളുടെ മാതാപിതാക്കളെ കൊണ്ടുവരുന്നതിനായുള്ള ക്രമീകരണങ്ങൾ ചെയ്യണമെന്നും ഓർമ്മിപ്പിക്കുന്നു. പ്രസ്തുത വാർഷികാഘോഷത്തിലേക്ക് എല്ലാവരേയും ക്ഷണിക്കുന്നു. ആദരിക്കൽ ചടങ്ങിന് യോഗ്യരായ മാതാപിതാക്കളുടെ പേരുവിവരങ്ങൾ ചുവടെ ചേർക്കുന്നു. (ഓഫീസിൽ ലഭ്യമായ വിവരം അനുസരിച്ച്) ഇനിയും ആരുടെയെങ്കിലും പേര് ചേർക്കാനുണ്ടെങ്കിൽ, പേരുകൾ വിട്ടുപോയിട്ടുണ്ടെങ്കിൽ എത്രയും വേഗം സി.എം.എൽ. ഓഫീസിൽ അറിയിക്കുക. ഫോൺ: 04935-241017

**ഫാ. ജോജോ ചങ്ങനാംതുണ്ടത്തിൽ**

### മൂന്നും അതിലധികവും സമർപ്പിത മക്കളുള്ള മാതാപിതാക്കൾ

| | | |
|---|---|---|
| **തരിയോട്** | 1. | വേങ്ങച്ചുവട്ടിൽ (കുര്യൻ/മറിയാമ്മ Late ) |
| | 2. | തറപ്പത്ത് |
| **കോട്ടത്തറ** | 1. | നായത്ത് സെബാസ്റ്റ്യൻ/റോസമ്മ |
| **കാവുമന്ദം** | 1. | പൊൻതൊട്ടിയിൽ |
| **കുറുമ്പാല** | 1. | ചങ്ങനാംതുണ്ടത്തിൽ ജോസഫ്/ഏലിയാമ്മ |
| | 2. | ചൂരക്കാട്ട് ജോസഫ്/മേരി |
| **ഏലപ്പീടിക** | 1. | മഠത്തിപ്പറമ്പിൽ പൗലോസ്/ഏലിക്കുട്ടി |
| **യവനാർകുളം** | 1. | മുടതൊട്ടിയിൽ |
| **തവിഞ്ഞാൽ** | 1. | ഒറ്റപ്ലാക്കൽ (കുര്യൻ Late) റോസമ്മ |
| **ആലാറ്റിൽ** | 1. | കൊച്ചുപാറയ്ക്കൽ (മാത്യു Late) മറിയക്കുട്ടി |
| | 2. | നെല്ലിക്കുന്നേൽ (മത്തച്ചൻ/റോസക്കുട്ടി) |
| **കുറ്റിമൂല** | 1. | കാട്ടാംകോട്ടിൽ |
| **പാറത്തോട്ടം** | 1. | വടക്കേൽ (മാത്യു Late ) ഏലിക്കുട്ടി |
| **മാനന്തവാടി (ടൗൺ)** | 1. | കമ്മൻതാര |

| | | |
|---|---|---|
| **പോരൂർ** | 1. | കടവന്നൂർ ജോസഫ് (Late)/മറിയക്കുട്ടി |
| **നടവയൽ** | 1. | പന്നിക്കോട്ടിൽ (മാത്യു/ത്രേസ്യ Late) |
| | 2. | മെത്താനത്ത് |
| | 3. | കോയിക്കാട്ടിൽ (മത്തായി/മേരി) |
| | 4. | ചക്കാലയ്ക്കൽ ജോർജ്/ത്രേസ്യ |
| **ചുണ്ടക്കര** | 1. | ചെറിയമ്പനാട്ട് (ഉലഹന്നാൻ Late) മേരി |
| **ചെറുകാട്ടൂർ** | 1. | ഇടയകൊണ്ടാട്ട് ജോസഫ്/ഏലമ്മ |
| **മുള്ളൻകൊല്ലി** | 1. | കോട്ടൂപ്പള്ളി ജോസഫ്/ഏലിയാമ്മ |
| **ആടിക്കൊല്ലി** | 1. | മുതിരക്കാലായിൽ ജോസഫ്/മേരി |
| **സീതാമൗണ്ട്** | 1. | കളിയാട്ട് (ദേവസ്യ Late) ത്രേസ്യാമ്മ |
| **പാടിച്ചിറ** | 1. | ചെറിയമ്പനാട്ട് (ജോസഫ് Late ) മേരി |
| **പടമല** | 1. | മണിലിയ മത്തായി/മേരി |
| **പയ്യമ്പള്ളി** | 1. | താഴത്തുകരിമ്പനയ്ക്കൽ തോമസ്/ലില്ലി |
| | 2. | പള്ളിച്ചാംകുടിയിൽ (മത്തായി/മറിയം Late) |
| **നെല്ലിയോടി** | 1. | കിഴക്കേക്കര ജോസഫ്/ |
| | 2. | കല്ലിടയിൽ (വർക്കി Late) ത്രേസ്യാമ്മ |
| **ശാന്തിഗിരി** | 1. | കൂട്ടിയാനിക്കൽ ആഗസ്തി/ഏലിക്കുട്ടി |
| **ചുങ്കക്കുന്ന്** | 1. | വെള്ളക്കട (തോമസ്/മറിയം Late) |
| | 2. | കൊല്ലാർതോട്ടം മാത്യു/എലിസബത്ത് |
| | 3. | കരോട്ടതോട്ടത്തിൽ കുര്യാക്കോസ്/മേരി |
| | 4. | കട്ടിക്കാനായിൽ തോമസ്/ഏലിയാമ്മ |
| | 5. | പള്ളിക്കൽ (വക്കച്ചൻ/മറിയം Late) |
| | 6. | കൊച്ചറയ്ക്കൽ അഗസ്റ്റിൻ/അന്നക്കുട്ടി |
| | 7. | കുന്നാണ്ടാത്ത് (ചാക്കോച്ചൻ/അന്നമ്മ Late) |
| | 8. | പുത്തൻപുര (ജോസഫ്/ത്രേസ്യ Late) |
| **കൊട്ടിയൂർ** | 1. | ചിറക്കൽ തോമസ്/അന്നമ്മ |
| **കാരക്കാമല** | 1. | കപ്യാരുമലയിൽ (വർക്കി/അന്നമ്മ Late) |
| | 2. | കപ്യാരുമലയിൽ (തോമസ് Late) മേരി |
| **നിരവിൽപുഴ** | 1. | മൂങ്ങനാനിയിൽ ജോസഫ്/റോസമ്മ |
| **കുഞ്ഞോം** | 1. | ഇടശ്ശേരി സെബാസ്റ്റ്യൻ/മേരി |
| **ദ്വാരക** | 1. | അമ്പലത്തിങ്കൽ ജോസഫ്/എൽസമ്മ |
| **കൊമ്മയാട്** | 1. | മഠത്തിക്കുന്നേൽ ജോസഫ്/ത്രേസ്യ |
| **കയ്യൂന്നി** | 1. | മഞ്ഞാലിൽ തോമസ്/മറിയക്കുട്ടി |
| | 2. | കുളക്കാട്ട് ഔസേപ്പച്ചൻ/മറിയക്കുട്ടി |

| | | |
|---|---|---|
| | 3. | അറയ്ക്കൽ (പാപ്പൻ Late) അന്നമ്മ |
| **റിപ്പൺ** | 1. | കലവനാൽ |
| **തെനേരി** | 1. | പീച്ചാട്ടുകുടി ജോസ്/ |
| | 2. | തൃക്കോട്ടൻമാലിൽ (മാത്യു Late) ചിന്നമ്മ |
| **വാഴവറ്റ** | 1. | നെല്ലിനിൽക്കുംതടത്തിൽ |
| **ഇടിവണ്ണ** | 1. | പാലാത്ത് (മാത്യു Late) ചിന്നമ്മ |
| **തേൾപ്പാറ** | 1. | ഇലവുങ്കൽ |
| **ഒണ്ടയങ്ങാടി** | 1. | തടത്തിൽ ചാക്കോച്ചൻ/മറിയം |
| **ചുള്ളിയാന** | 1. | കട്ടക്കയം ത്രേസ്യ |
| | 2. | ചാരുപ്ലാക്കൽ ഉലഹന്നാൻ/മേരി |
| **മുണ്ടേരി** | 1. | തലച്ചിറയിൽ |

**അർദ്ധവാർഷിക മാനേജിംഗ് കമ്മറ്റി**

2015-2016 വർഷത്തെ അർദ്ധവാർഷിക മാനേജിംഗ് കമ്മിറ്റി 12-12-15 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടന്നു. 11 മേഖലകളിൽ നിന്നുള്ള ഭാരവാഹികൾ പങ്കെടുത്ത മാനേജിംഗ് കമ്മിറ്റി ജപമാലയോടു കൂടി ആരംഭിച്ചു. രൂപത ഡയറക്ടർ റവ. ഫാ. ജോജോ ചങ്ങനാം തുണ്ടത്തിൽ സ്വാഗതം പറഞ്ഞ മീറ്റിംഗിൽ രൂപത വൈസ് പ്രസിഡണ്ട് ദിൽന കാവനമാലി അദ്ധ്യക്ഷത വഹിച്ചു. സ്റ്റേറ്റ് സെക്രട്ടറി ബിനു മാങ്കൂട്ടത്തിൽ ആശംസകളർപ്പിച്ചു. റിപ്പോർട്ടും കണക്കും രൂപത ജനറൽ ഓർഗനൈസർ അവതരിപ്പിച്ചു. മീറ്റിംങ്ങിൽ മേഖലാപ്രവർത്തനങ്ങൾ വിലയിരുത്തുകയും രൂപതാപ്രവർത്തനങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു. അർദ്ധവാർഷിക മാനേജിംഗ് കമ്മിറ്റിക്ക് രൂപത ജനറൽ സെക്രട്ടറി രഞ്ചിത്ത് മുതുപ്ലാക്കൽ നന്ദിപറഞ്ഞു.

**ബെസ്റ്റ് ശാഖ, മേഖല നിർണ്ണയം.**

2015-16 വർഷത്തെ ബെസ്റ്റ് ശാഖ മേഖല നിർണ്ണയം 2015 ജൂൺ മാസം മുതൽ 2016 ഏപ്രിൽ മാസം വരെയുള്ള 11 മാസത്തെ പ്രവർത്തന റിപ്പോർട്ട് വിലയിരുത്തി തിരഞ്ഞെടുക്കപ്പെടുന്ന ഏതാനും ശാഖകളിലും മേഖലകളിലും രൂപതസമിതി സന്ദർശനം നടത്തി ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ തെരഞ്ഞെടുക്കുന്നതായിരിക്കും. അതുകൊണ്ട് റിപ്പോർട്ടുകൾ എല്ലാ മാസവും പത്താം തീയതിക്കുമുമ്പു തന്നെ രൂപത ഓഫീസിൽ എത്തിക്കേണ്ടതാണ്. മെയ് 10 ന് ശേഷം രൂപതാ ഓഫീസിൽ എത്തുന്ന റിപ്പോർട്ട് ബെസ്റ്റ് ശാഖ, മേഖല നിർണ്ണയത്തിന് പരിഗണിക്കുന്നതല്ല. ശാഖ മേഖല ഭാരവാഹികൾ ശ്രദ്ധിക്കുവല്ലോ.

**രൂപതാ വാർഷികവും സിമ്പോസിയവും**

2015–16 വർഷത്തെ രൂപതാ വാർഷികവും സിമ്പോസിയവും ജനുവരി 26–ന് രൂപതാ പാസ്റ്ററൽ സെന്ററിൽ വെച്ച് നടക്കുന്നതാണ്. രാവിലെ 9.00 മണിക്ക് യു.പി. സ്കൂളിൽ നിന്നും റാലിയോടുകൂടി ആരംഭിക്കുന്ന വാർഷികാഘോഷം ഉച്ചകഴിഞ്ഞ് 3.00 മണിക്ക് സമാപിക്കുന്നതാണ്. തലശേരി അതിരൂപത മെത്രാപോലീത്ത അഭിവന്ദ്യ മാർ ജോർജ് ഞരളക്കാട്ട് പിതാവിന്റെയും മാനന്തവാടി രൂപതാ മെത്രാൻ അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവിന്റെയും സാന്നിദ്ധ്യംകൊണ്ട് അനുഗ്രഹീതമാകുന്ന വാർഷികാഘോഷത്തിൽ സംസ്ഥാന രൂപതാ തലത്തിൽ നടന്ന എല്ലാ മത്സരങ്ങളുടെയും സമ്മാന വിതരണവും മൂന്നും അതിലധികവും സമർപ്പിതരുള്ള മാതാപിതാക്കളെയും, സംസ്ഥാന അവാർഡ് ജേതാവ് ശ്രി. എൻ. വി. ജോർജ് സാറിനേയും ആദരിക്കുകയും ചെയ്യുന്നു. വാർഷികാഘോഷത്തിലേക്ക് ഏവരെയും സ്വാഗതം ചെയ്യുന്നു.

**ശാഖ ഭാരവാഹികളുടെ ശ്രദ്ധക്ക്**

ശാഖകളിൽ നടക്കേണ്ട പ്രവർത്തനങ്ങൾ പരീക്ഷ ഒരുക്ക പ്രാർത്ഥനകൾ, ധ്യാനങ്ങൾ, ശാഖാക്യാമ്പുകൾ, കരുണയുടെ തീരം, തുടങ്ങിയ പ്രവർത്തനങ്ങൾ ചെയ്യുന്നതിനുള്ള ക്രമീകരണം നടത്തുമല്ലോ.

**സ്നേഹപൂർവ്വം**

2015 വർഷത്തെ പ്രവർത്തനങ്ങൾ നമ്മെ കൂടുതൽ ദൈവത്തിലേക്ക് അടുപ്പിക്കുവാനും നല്ല പ്രവർത്തനങ്ങൾ ചെയ്തുകൊണ്ട് സഭയ്ക്കും സമൂഹത്തിനും മാതൃകയാകുവാനും നമ്മുക്കു കഴിഞ്ഞു. നമ്മുക്ക് നൽകിയ നന്മകൾക്ക് നന്ദിപറയുവാനും പുതുവർഷത്തിലെ പ്രവർത്തനങ്ങൾ മിഷൻ ചൈതന്യത്തോടുകൂടി ചെയ്യുവാനുമുള്ള അനുഗ്രഹം ദൈവം നൽകുന്നതിനുവേണ്ടി പ്രാർത്ഥിക്കുവാനുള്ള അവസരമാണ്.

ഈശോയോടൊപ്പമായിരിക്കുവാൻ നമ്മുക്കു ശ്രമിക്കാം പ്രാർത്ഥിക്കാം. എല്ലാ അംഗങ്ങൾക്കും മാനന്തവാടി രൂപതയുടെ പുതുവത്സരാശംസകൾ നേർന്നുകൊണ്ട്.

**മേഖലാ വാർത്തകൾ**

**നടവയൽ മേഖല**

അർദ്ധവാർഷിക മാനേജിംഗ് കമ്മിറ്റി നടത്തി, ക്രിസ്തുരാജന്റെ തിരുനാൾ കണിയാമ്പറ്റ ശാഖയിൽ വെച്ച് നടത്തി.

**മണിമൂളി മേഖല**

കാരുണ്യ ഭവനനിർമ്മാണ തറക്കല്ല് ഇട്ടു. ദൈവവിളി സെമിനാർ, അർദ്ധദിന മാനേജിംഗ് കമ്മിറ്റി എന്നിവ നടത്തി.

**നീലഗിരി മേഖല**

സമർപ്പിത സംഗമം നടത്തി,  ഗായക സംഘത്തെ ആദരിച്ചു.

**തരിയോട് മേഖല**

മേഖല മാനേജിംഗ് കമ്മിറ്റി നടത്തി, ക്രിസ്തുരാജന്റെ തിരുനാൾ ആഘോഷിച്ചു.

**ശാഖാ വാർത്തകൾ**

*വടപുറം :*– ധ്യാനത്തിന് പോകാൻ ഒരു കുടുംബത്തിന് ധനസഹായം നൽകി. ക്രിസ്തുരാജന്റെ തിരുനാൾ ആഘോഷിച്ചു.

*ഇടയൂർകുന്ന്* :– സിമിത്തേരി സന്ദർശനം നടത്തി.

*വാഴവറ്റ* :– സമർപ്പിത വർഷത്തിൽ സമർപ്പിതരെ ആദരിച്ചു. വികാരിയച്ചന്റെ ജൂബിലി ആഘോഷിച്ചു. ഭവന നിർമ്മാണത്തിനായി സഹായിച്ചു.

*ചിത്രഗിരി* :– മതാദ്ധ്യാപക ദിനം ആഘോഷിച്ചു.

*വാളാട്* :– മതാദ്ധ്യാപകരെ ആദരിച്ചു.

*കേണിച്ചിറ* :– അൾത്താരബാലസംഗമം നടത്തി. ഓസാനഭവൻ സന്ദർശിച്ചു.

*പോരൂർ* :– ക്രിസ്തുമസ് സുകൃതജപ കലണ്ടർ വിതരണം ചെയ്തു.

*ചുള്ളിയാന* :– സി.എം.എൽ. അംഗങ്ങൾ ചേര്യംകൊല്ലി ടൗൺ വൃത്തിയാക്കി.

*കരിമ്പിൽ* :– ക്രിസ്തുരാജന്റെ തിരുനാൾ, പ്രകൃതി സംരക്ഷണ റാലി, അർദ്ധദിന സെമിനാർ എന്നിവ നടത്തി.

*കുറുമണി* :– രോഗീസന്ദർശനം നടത്തി, മിഷൻ പിരിവ് കിട്ടിയ 2 ചാക്ക് അരി 2 പാവപ്പെട്ട കുടംബങ്ങൾക്ക് നൽകി.

*പുൽപ്പള്ളി*:– ഇടവകയിൽ സേവനം ചെയ്യുന്ന 32 സമർപ്പിതരെ ആദരിച്ചു. സിമിത്തേരി സന്ദർശനം നടത്തി.

*ഇടിവണ്ണ* :– ജപമാല സൈന്യം സമർപ്പിതർക്കായി പ്രാർത്ഥിച്ചു.

*നെല്ലിയോടി* :– ശിശുദിനം, അദ്ധ്യാപകദിനം ആചരിച്ചു.

*പാറത്തോട്ടം :*– സിമിത്തേരി സന്ദർശനം നടത്തി.

*പഴൂർ* :– ചാരിറ്റി ബോക്സ് തുറന്നു. മിഷൻ ഗ്രാമത്തിലേയ്ക്ക് നൽകാൻ വസ്ത്ര ശേഖരണം നടത്തി.

*കാവുംമന്ദം :*– ക്രിസ്തുരാജന്റെ തിരുനാൾ ആഘോഷിച്ചു. HD കോട്ട വില്ലേജ് സന്ദർശിച്ചു.

*തവിഞ്ഞാൽ:–* അടുത്തയിടെ നടന്ന ഇലക്ഷനിൽ വാർഡുമെമ്പർമാരായി തെരഞ്ഞെടുക്കപ്പെട്ട ഇടവക അംഗമായ രണ്ടുപേരെ ആദരിക്കുകയും ആശംസയർപ്പിക്കുകയും ചെയ്തു.
*വടക്കനാട്* :– ക്രസിതുരാജന്റെ തിരുനാൾ ആഘോഷിച്ചു.
*കുറുമ്പാല :–* സിമിത്തേരിയും പരിസരവും വൃത്തിയാക്കി. പാൽച്ചുരം പള്ളിയുടെ നിർമ്മാണത്തിനായി സാമ്പത്തിക സഹായം നൽകി.
*ഞാറപ്പാടം:–* സി.എം.എൽ. അംഗങ്ങൾ പള്ളിയും പരിസരവും ഗ്രോട്ടോയും വൃത്തിയാക്കി.
*തേൾപ്പാറ* :– സി. എം. എൽ. അംഗങ്ങൾ സെമിത്തേരി സന്ദർശിക്കുകയും പ്രാർത്ഥിക്കുകയും വൃത്തിയാക്കുകയും ചെയ്തു.
*ഒലിവുമല* :– ഇടവകദിനവും സമർപ്പിത സംഗമവും നടത്തി. കയ്യെഴുത്തു മാസികയ്ക്ക് കൽപ്പറ്റ മേഖലയിൽ നിന്നും ഒന്നാം സ്ഥാനം ലഭിച്ചു.
*കേളകം :–* വികാരിയച്ചൻ തിരുബാല സഖ്യം കുട്ടികൾക്ക് ക്ലാസ് എടുക്കുകയും വചനം പഠിപ്പിക്കുകയും ചെയ്തു.
*അരിഞ്ചേർമല* :– സി.എം.എൽ. അംഗങ്ങളും, തിരുബാലസഖ്യ അംഗങ്ങളും ചേർന്ന് കരോൾഗാനം ഉൾപ്പെടെ ഒരു ദൃശ്യാവതരണം നടത്തി. സമർപ്പിത വർഷത്തെ ആസ്പദമാക്കി പ്രസംഗവും പത്ര വാർത്താ അവതരണം നടത്തുകയും ചെയ്തു.
*കല്ലോടി :–* ശ്രീ. സി.റ്റി. അബ്രാഹം, ശ്രീ. ജോസ് പള്ളത്ത് എന്നിവരുടെ നേതൃത്വത്തിൽ എല്ലാ ശനിയാഴ്ചയും സി.എം.എൽ. അംഗങ്ങൾക്കായി സൗജന്യ പ്രസംഗ പരിശീലന ക്യാമ്പ് നടത്തി വരുന്നു.
*കുറുമ്പാലക്കോട്ട :–* മണ്ഡ്യ രൂപതയിലേയ്ക്ക് അയച്ചുകൊടുക്കുവാനായി മിഷൻലീഗ് അംഗങ്ങൾ മരുന്നുകൾ ശേഖരിച്ചു.

നിങ്ങളുടെ സ്വന്തം,

**രഞ്ചിത്ത് മുതുപ്ലാക്കൽ**
രൂപത ജനറൽ സെക്രട്ടറി

## കെ. സി. വൈ. എം.

**ചലഞ്ച്**

കെ.സി.വൈ.എം. മാനന്തവാടി രൂപത സ്നേഹദൂതിനു മുന്നോടിയായി നടത്തിയ വിളംബരസന്ദേശത്തിൽ വിവിധ പ്രദേശങ്ങളിൽ പ്രസംഗിക്കാൻ താത്പര്യമുള്ളവർക്കുവേണ്ടി നവംബർ മാസം 20-21 തീയതികളിൽ രൂപതാതലത്തിൽ മൂന്നു വിഭാഗങ്ങളിലായി വർഗ്ഗീയതയെ ശുദ്ധീകരിക്കുന്ന ക്രൈസ്തവ സ്നേഹം എന്ന വിഷയത്തെ സംബന്ധിക്കുന്ന പ്രസംഗമത്സരം പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ചു.

ജൂണിയേഴ്സ് വിഭാഗത്തിനുവേണ്ടിയുള്ള മത്സരത്തിൽ മാനന്തവാടി രൂപതയുടെ റേഡിയോ മാറ്റൊലി അസി. ഡയറക്ടർ റവ. ഫാ. മനോജ് കാക്കോനാൽ ഉത്ഘാടനം നടത്തി. കെ.സി.വൈ.എം. ഡയറക്ടർ റവ.ഫാ.ലാൽ ജേക്കബ് പൈനുങ്കൽ, ശ്രീ. ജോസ് പള്ളത്ത്, റേഡിയോ മാറ്റൊലി അസി. ഡയറക്ടർ റവ.ഫാ. മനോജ് കാക്കോനാൽ എന്നിവർ പ്രസംഗമത്സരത്തെകുറിച്ച് ജഡ്ജ്മെന്റ് നടത്തി. ജൂണിയേഴ്സ് വിഭാഗത്തിൽ 10 പേർ പങ്കെടുത്തു.

**ജൂണിയേഴ്സ് (7-ാം ക്ലാസു മുതൽ 10 -ാം ക്ലാസുവരെ) വിഭാഗത്തിൽ സമ്മാനാർഹരായവർ**

I st സാന്ദ്ര റോസ് മുണ്ടുനടക്കൽ - തവിഞ്ഞാൽ

IInd മെർലിൻ മരിയ റോയി തുമ്പക്കാനായിൽ - പയ്യംപള്ളി

III rd എഡ്വിൻ പനക്കപതാലിൽ - ചുങ്കക്കുന്ന്

സീനിയേഴ്സ് വിഭാഗത്തിനുവേണ്ടിയുള്ള മത്സരത്തിൽ മാനന്തവാടി രൂപത മതബോധനത്തിന്റെ ഡയറക്ടർ റവ. ഫാ. റോയി വട്ടക്കാട്ട് ഉത്ഘാടനം നടത്തി. കെ.സി.വൈ.എം. ഡയറക്ടർ റവ.ഫാ.ലാൽ ജേക്കബ് പൈനുങ്കൽ, റേഡിയോ മാറ്റൊലി അസി. ഡയറക്ടർ റവ. ഫാ. മനോജ് കാക്കോനാൽ, മതബോധനത്തിന്റെ ഡയറക്ടർ റവ. ഫാ. റോയി വട്ടക്കാട്ട്, ശ്രീ. ജോസ് പള്ളത്ത് എന്നിവർ പ്രസംഗമത്സരത്തെകുറിച്ച് ജഡ്ജ്മെന്റ് നടത്തി. സീനിയേഴ്സ് വിഭാഗത്തിൽ 17 പേർ പങ്കെടുത്തു.

**സീനിയേഴ്സ് (+1 മുതൽ 30 വയസ്സുവരെ) വിഭാഗത്തിൽ സമ്മാനാർഹരായവരുടെ പേരുകൾ**

I st സിനീഷ് ആപ്പുഴയിൽ – ചെറുകാട്ടൂർ

IInd ബിബിൻ കുത്തുകല്ലുങ്കൽ – ചുങ്കക്കുന്ന്

III rd ലിറ്റി വിനീഷ് വണ്ടന്നൂർ – കണിയാരം

III rd കിഷോർ മുണ്ടക്കൽ – കമ്മന

സൂപ്പർ സീനിയേഴ്സ് വിഭാഗത്തിനുവേണ്ടിയുള്ള മത്സരം മാനന്തവാടി രൂപത ചെറുപുഷ്പ മിഷൻലീഗ് ഡയറക്ടർ റവ.ഫാ. ജോജോ ചങ്ങനാംതുണ്ടത്തിൽ ഉത്ഘാടനം നടത്തി. റേഡിയോ മാറ്റൊലി അസി.ഡയറക്ടർ ഫാ. ജെസ്റ്റിൻ മുത്താനിക്കാട്ട്, മാനന്തവാടി രൂപത കെ.സി.വൈ.എം. ഡയറക്ടർ റവ. ഫാ.ലാൽ ജേക്കബ് പൈനുങ്കൽ, ശ്രീ. ജോസ് പള്ളത്ത് എന്നിവർ പ്രസംഗമത്സരത്തെകുറിച്ച് ജഡ്ജ്മെന്റ് നടത്തി. സൂപ്പർ സീനിയേഴ്സ് വിഭാഗത്തിൽ 8 പേർ പങ്കെടുത്തു. ചലഞ്ച് പ്രസംഗ മത്സരത്തിൽ പങ്കെടുക്കുവാനായി കടന്നുവന്ന ജൂണിയേഴ്സ്, സീനിയേഴ്സ്, സൂപ്പർ സീനിയേഴ്സ് വിഭാഗത്തിലുള്ള പ്രതിഭകളെ കെ.സി.വൈ.എം. ഡയറക്ടർ റവ. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ അഭിനന്ദിച്ചു.

**സൂപ്പർ സീനിയേഴ്സ് (30 വയസ്സു മുതൽ 50 വയസുവരെ) വിഭാഗത്തിൽ സമ്മാനാർഹരായവർ**

I st ഷൈജൻ ഒലിമാലിയിൽ –പോരൂർ

IInd ഷിജി പേഴേക്കാട്ടിൽ – പോരൂർ

III rd ബെന്നി അറക്കക്കുന്നേൽ – അരിഞ്ചേർമല

III rd ഷാനറ്റ് ചിറയത്ത് പഴൂർ –എന്നിവരാണ്

**സ്വാഗതസംഘം**

കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ 21–ാം വാർഷികത്തിനു മുന്നോടിയായി ഡിസംബർ 5 ന് സ്വാഗതസംഘം രൂപീകരിച്ചു. കെ.സി.വൈ.എം. രൂപത ഡയറക്ടർ റവ. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ നേതൃത്വം നല്കി. മാനന്തവാടി മേഖല ഡയറക്ടർ റവ.ഫാ. വിൻസന്റ് കളപ്പുരയിൽ കല്ലോടി മേഖല ഡയറക്ടർ റവ.ഫാ. ബിജു തുരുത്തേൽ രൂപത ആനിമേറ്റർ സി. ലിൻസ FCC, മേഖല ആനിമേറ്റേഴ്സ്, രൂപത പ്രസിഡണ്ട് ശ്രീ. സിബിൻ പാലമൂട്ടിൽ രൂപത സെക്രട്ടറി ശ്രീ. എബിൻ മുട്ടപ്പള്ളി രൂപത സെക്രട്ടറിയേറ്റ് /സിന്ഡിക്കേറ്റ് അംഗങ്ങൾ മേഖല പ്രസിഡണ്ട് /സെക്രട്ടറി എന്നിങ്ങനെ 19 പേർ പങ്കെടുത്തു. Law & Order റാലിയുടെ നിയന്ത്രണം മാനന്തവാടി മേഖലയും, Publicity നടവയൽ മേഖലയും, Decoration കല്ലോടി മേഖലയും, Food

പയ്യംപള്ളി മേഖലയും, Reception ആനിമേറ്റേഴ്സും ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്തു.

**ചലഞ്ച് പ്രസംഗപരിശീലനം**

കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ ചലഞ്ച് പ്രസംഗ പരിശീലനം ഡിസംബർ 12 ശനിയാഴ്ച വൈകുന്നേരം പ്രാർത്ഥനയോടെ ആരംഭിച്ചു. റവ.ഫാ. ലാൽ ജേക്കബ് പൈനുങ്കൽ പ്രസംഗ പരിശീലനത്തിന് ആമുഖം അവതരിപ്പിക്കുകയും തുടർന്ന് പരിശീലനത്തിനെത്തിയ കുട്ടികളെയും പരിശീലിപ്പിക്കാനെത്തിയ ജോസ് പള്ളത്ത് സാറിനെയും സ്വാഗതം ആശംസിച്ചു. 8 പേർ ഈ പരിശീലനത്തിൽ പങ്കെടുത്തു.

**സംസ്ഥനമത്സരം**

2015 ഡിസംബർ 11,12,13 തീയതികളിൽ തലശ്ശേരി സാൻജോസ് മെട്രോപൊലിറ്റൻ സ്ക്കൂളിൽ വച്ച് നടത്തിയ സംസ്ഥാന കലാസാഹിത്യ മത്സരത്തിൽ സമ്മാനാർഹരായവരുടെ ലിസ്റ്റ് താഴെ കൊടുക്കുന്നു.

**മാർഗ്ഗംകളി:** I A അൻഷ വെളിയത്ത്, അപർണ വെളിയത്ത്, ശില്പ കപ്പലുമാക്കൽ, ലിറ്റിഷ കിഴക്കേകുടിയിൽ, നയന കൈതക്കൽ, നീനു മുളംകുന്നത്ത്, ശ്രുതി തോട്ടിൽ – തവിഞ്ഞാൽ, മാനന്തവാടി

**പരിചമുട്ട്:** III A നിഖിൽ തോട്ടുചാലിൽ, അഭിലാഷ് വെള്ളാനയിൽ, നിഥീഷ് കുഴിത്താലിൽ, ടോണി ആത്രശ്ശേരിയിൽ, അമൽ മുള്ളൻകുഴിയിൽ – പോരൂർ, മാനന്തവാടി

**സംഘഗാനം:** III A അൻഷ വെളിയത്ത്, അപർണ വെളിയത്ത്, ശില്പ കപ്പലുമാക്കൽ, ലിറ്റിഷ കിഴക്കേകുടിയിൽ, നയന കൈതക്കൽ, ലയ തറപ്പേൽ, ലിനറ്റ് ഇട്ടികപ്പാറ – തവിഞ്ഞാൽ, മാനന്തവാടി

**കവിത:** I A അഭിലാഷ് ബേബി താഴത്ത് – മൊതക്കര, കല്ലോടി

**മോണോആക്ട്:** II A നീനു താന്നുവയലിൽ – പാൽച്ചുരം, ചുങ്കക്കുന്ന്
III A അനുസ്മിത മങ്കൊമ്പിൽ–കല്ലോടി, കല്ലോടി

**കാർട്ടൂൺ:** II A സിബി കപ്പലുമാക്കൽ – കല്ലോടി, കല്ലോടി

**ലളിതഗാനം:** III A സുമേഷ് വെട്ടിക്കാക്കുഴിയിൽ – അരിഞ്ചേർമല, നടവയൽ

**തലഞ്ഞി യൂണിറ്റ്**

തലഞ്ഞി യൂണിറ്റിൽ നിന്നും വിവാഹിതരായ കെ.സി.വൈ.എം. രൂപതാ പ്രസിഡണ്ട് സിബിൻ പാലമൂടിനും & മഞ്ജുഷയ്ക്കും, ടോമി വടയാപറമ്പിൽ & സരിൻ, റിജു കഴിത്താലിക്കുന്നേൽ & ജിൽസുമോൾ, അജീഷ് കാവുംപറമ്പിൽ & അഖില എന്നിവർക്ക് സ്വീകരണം നടത്തി. കെ.സി.വൈ.എം. രൂപത ഡയറക്ടർ റവ. ഫാ ലാൽ ജേക്കബ് പൈനുങ്കൽ ഉത്ഘാടനം നടത്തി. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോയി

തുരുത്തേലച്ചൻ ആശംസകളർപ്പിച്ചു. യൂണിറ്റ് ആനിമേറ്റർ റവ. സി. ആൻജോസ് എ.സി., കൈക്കാരൻമാർ പങ്കെടുത്തു ആശംസകളർപ്പിച്ചു.

**പുതുശ്ശേരി യൂണിറ്റ്**

ദേവാലയ നിർമ്മാണ ഫണ്ട് ശേഖരിക്കുന്നതിനായി കെ.സി.വൈ.എം. യുവജനങ്ങൾ പുതുശ്ശേരിയിൽ Ice cream, Wam tea യും വിൽക്കുകയും ലഭിച്ച തുക ദേവാലയ നിർമ്മാണത്തിനായി നൽകുകയും ചെയ്തു. പരിശുദ്ധ ദൈവമാതാവിന്റെയും ഗീവർഗ്ഗീസ് സഹദായുടെയും തിരുന്നാളിനോടനുബന്ധിച്ച് യൂണിറ്റ് അംഗങ്ങൾ ദേവാലയവും പരിസരവും വൃത്തിയാക്കുകയും അലങ്കരിക്കുകയും ചെയ്തു.

**ഒലിവുമല യൂണിറ്റ്**

മരിച്ചവരുടെ ഓർമ്മ തിരുന്നാളിനൊരുക്കമായി യൂണിറ്റ് അംഗങ്ങൾ സെമിത്തേരി വൃത്തിയാക്കി. ഇടവക സമർപ്പിത സംഗമത്തിന് ആവശ്യമായ സഹായങ്ങൾ ചെയ്തു. കെ.സി.വൈ.എം. അംഗങ്ങളുടെ നേതൃത്വത്തിൽ സമർപ്പിത സംഗമം നടത്തി. രൂപത പേൾ 2015 കലാമത്സരത്തിൽ പങ്കെടുത്തു. പാചകപ്പുര നിർമ്മാണത്തിൽ സഹായിച്ചു. രോഗീ സന്ദർശനം നടത്തി. 2016 വർഷത്തേക്കുള്ള ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് നടത്തി.

**ചുള്ളിയാന യൂണിറ്റ്**

നവംബർ 29 ഞായറാഴ്ച യുവജനദിനമായി ആഘോഷിച്ചു. അന്നേദിവസം വി. കുർബ്ബാനയിൽ കാഴ്ചവയ്പു നടത്തുകയും റവ. ഫാ. പ്രിൻസ് CSSR വി. കുർബ്ബാനയ്ക്കും സെമിനാറിനും നേതൃത്വം നൽകുകയും ചെയ്തു. എയ്ഡ്സ് ബോധവത്കരണ പരിപാടിയുടെ ഭാഗമായി കെ.സി.വൈ. എം. അംഗങ്ങൾ ബൈക്ക് റാലി നടത്തി. റവ. ഫാ. ജോസ് കാവുംങ്കലച്ചന്റെ പ്രോത്സാഹനമാണ് യുവജനങ്ങൾക്ക് ഒറ്റകെട്ടായി പ്രവർത്തിക്കുവാൻ സാധിക്കുന്നത്. രണ്ട് മാസത്തിലൊരിക്കൽ മാസാവസാന ഞായർ യുവജനങ്ങൾക്കായി പ്രത്യേകം മാറ്റിവച്ചിരിക്കുന്നു.

**കാവുംമന്ദം യൂണിറ്റ്**

സകല മരിച്ചവരുടേയും തിരുന്നാൾ ദിനത്തിൽ എല്ലായുവജനങ്ങളും വി. ബലിയിൽ പങ്കെടുക്കുകയും സിമിത്തേരി സന്ദർശിച്ച് പ്രർത്ഥിക്കുകയും ചെയ്തു. മാർട്ടിനച്ചന്റെ നാമഹേതുകതിരുന്നാൾ ദിനത്തിൽ അച്ചനുവേണ്ടി പ്രർത്ഥിക്കുകയും ആശംസകളർപ്പിക്കുകയും സ്നേഹോപഹാരം നല്കുകയും ചെയ്തു. യൂണിറ്റ് ഇലക്ഷൻ നടത്തി. HD കോട്ടയിലെ വില്ലേജിൽ പാവങ്ങൾക്ക് വസ്ത്രങ്ങൾകൊണ്ടു

പോയി കൊടുത്തു. രൂപത കലാമത്സരത്തിന് നയന പാടത്താംകുഴി നാടോടി നൃത്തത്തിന് II nd Prize നേടി.

**കല്ലോടി യൂണിറ്റ്**

യുവജനങ്ങൾക്കായി ആദ്യവെള്ളിയാഴ്ച കായക്കുന്ന് ലാസലെറ്റ് ധ്യാനടീം അംഗങ്ങളുടെ നേതൃത്വത്തിൽ ജാഗരണ പ്രാർത്ഥനയും കൗൺസിലിംഗും നല്കി. കെ.സി.വൈ.എം. സംസ്ഥാന കലോത്സവ ത്തിൽ മോണോ ആക്ടിൽ അനുസ്മിത മാങ്കൊമ്പിൽ മൂന്നാം സ്ഥാനവും കാർട്ടൂൺ രചനയിൽ സിബി കപ്പലുമാക്കൽ രണ്ടാം സ്ഥാനവും കരസ്ഥമാക്കി.

**അരിഞ്ചേർമല യൂണിറ്റ്**

ജാഗരണ പ്രാർത്ഥനയ്ക്ക് റവ.ഫാ. ജോബി മുട്ടത്ത് നേതൃത്വം നല്കി. 75 പേർ പങ്കെടുത്തു. അരിഞ്ചേർമല യൂണിറ്റിന് രൂപതയുടെ പേൾ 2015 കലാമത്സരത്തിന് മൈം, കെ.സി.വൈ.എം. ആന്തം എന്നി വയ്ക്ക് Ist with A Grade, തെരുവുനാടകം IInd with A Grade മോണോ ആക്ട് III with A grade വും നേടി. യുവജനങ്ങൾ ദൃശ്യാവതരണം നടത്തി. ആൽബം തയ്യാറാക്കുന്നതിനും പുൽക്കുട് നിർമ്മാണത്തിലും സഹകരിച്ചു. ചലഞ്ച് പ്രസംഗ മത്സരത്തിൽ സമ്മാനാർഹരായ ബെന്നി അറക്കക്കുന്നേലിന് കെ.സി.വൈ.എം. ന്റെ നേതൃത്വത്തിൽ ഉപഹാരം നല്കി ആദരിച്ചു.

**ചുങ്കക്കുന്ന്**

യൂണിറ്റിന് ഫണ്ട് കണ്ടെത്തുന്നതിനായി കേക്ക്, കൂപ്പൺ അച്ച ടിച്ചു. പേൾ 2015 രൂപതാ കലാമത്സരത്തിൽ ചുങ്കക്കുന്ന് യൂണിറ്റിന് 3-ാം സ്ഥാനം ലഭിച്ചു. ചലഞ്ച് പ്രസംഗത്തിൽ യൂണിറ്റിൽ നിന്നും 3 പേർ പങ്കെടുക്കുകയും ബിബിൻ കുത്തുകല്ലിന് 2-ാം സ്ഥാനവും, എഡ്വിൻ പനക്കപ്പതാലിന് മൂന്നാം സ്ഥാനവും ലഭിച്ചു. ഇടവകയിലെ പാവപ്പെട്ട കുടുംബത്തിന്റെ വീടുപണിക്ക് സഹായിച്ചു. യൂണിറ്റിലെ അംഗങ്ങൾ നടവയൽ ഓസ്സാനാം ഭവൻ സന്ദർശിക്കുകയും പണവും ഭക്ഷണസാധ നങ്ങളും നൽകുകയും ചെയ്തു. ഉച്ചഭക്ഷണം അവരോടൊപ്പമായിരു ന്നു. യുവജനങ്ങളുടെ നേതൃത്വത്തിൽ Rare blood group ന്റെ blood സേന രൂപീകരിച്ചു.

**എബിൻ മുട്ടപ്പള്ളി**
കെ.സി.വൈ.എം. ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

### വിവാഹത്തിനൊരുക്കമായുള്ള കോഴ്സ്

ദ്വാരക പാസ്റ്ററൽ സെന്ററിൽ ഡിസംബർ 6 മുതൽ 9 വരെ നടന്ന കോഴ്സിൽ 112 പേരും ഡിസംബർ 11 മുതൽ 14 വരെ മണിമൂളി പാസ്റ്ററൽ സെന്ററിൽ നടന്ന കോഴ്സിൽ 76 പേരും പങ്കെടുത്തു. കോഴ്സിന്റെ വിജയത്തിനായി സഹകരിച്ച എല്ലാ വൈദികർക്കും കുടുംബ പ്രേഷിതത്വ ടീം അംഗങ്ങൾക്കും നന്ദി.

### അടുത്ത മാസത്തിലെ കോഴ്സുകൾ

| | |
|---|---|
| ജനുവരി 10–13 | പാസ്റ്ററൽ സെന്റർ ദ്വാരക |
| ജനുവരി 28–31 | പാസ്റ്ററൽ സെന്റർ ദ്വാരക |
| ഫെബ്രുവരി 21–24 | പാസ്റ്ററൽ സെന്റർ ദ്വാരക |

### സീറോ മലബാർ മാതൃവേദി

10–12–2015 ന് എക്സിക്യൂട്ടിവ് ചേർന്നു. ഡിസംബർ 18, 19 തീയതികളിൽ നടത്തപ്പെടുന്ന ആനിമേറ്റേഴ്സ് സംഗമത്തേക്കുറിച്ചും രൂപതാ വാർഷികത്തേക്കുറിച്ചും ചർച്ചചെയ്തു. വാർഷികത്തിന്റെ നടത്തിപ്പിലേക്ക് വിവിധ കമ്മിറ്റികൾ രൂപീകരിച്ചു. 19 –ന് നടക്കേണ്ട അടുത്ത മൂന്ന് വർഷത്തേക്കുള്ള ഭരണ സമിതി തെരഞ്ഞെടുപ്പിനുള്ള ക്രമീകരണങ്ങൾ നിശ്ചയിച്ചു. ഓരോ ശാഖയിൽ നിന്നും പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ എന്നിവരാണ് പങ്കെടുക്കേണ്ടത്. ഏപ്രിൽ 16 –ാം തീയതി രൂപതാതല കലാ മൽസരങ്ങളും ഏകസ്ഥ വനിതകൾക്കായി ഏപ്രിൽ 18 –ാം തീയതി മുതൽ ധ്യാനം നടത്താനും തീരുമാനിച്ചു.

### രൂപതാ വാർഷികം, തിരഞ്ഞെടുപ്പ്

മാതൃവേദി മാനന്തവാടി രൂപതാ ജനറൽ ബോഡിയും 2016–18 വർഷത്തേക്കുള്ള രൂപതാ ഭാരവാഹികളുടെ തിരഞ്ഞെടുപ്പും രൂപതാ വാർഷികവും 2015 ഡിസംബർ 19–ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ നടന്നു. രൂപതാ മതബോധന ഡയറക്ടർ ബഹു. റോയി വട്ടക്കാട്ട് അച്ചൻ

കരുണയുടെ വർഷത്തെക്കുറിച്ചും, ക്രൈസ്തവ നേതൃത്വത്തിന്റെ വിളിയെക്കുറിച്ചും, നന്മയെക്കുറിച്ചും ക്ലാസ്സ് എടുത്തു. തുടർന്ന് തിരഞ്ഞെടുപ്പ് നടത്തി.

പൊതുസമ്മേളനം CML രൂപതാ ഡയറക്ടർ ബഹു. ജോജോ ചങ്ങനാംതുണ്ടം അച്ചൻ ഉദ്ഘാടനം ചെയ്തു. ഫാമിലി അപ്പോസ്റ്റലേറ്റ് രൂപതാ അസോസിയേറ്റ് ഡയറക്ടർ ഫാ. ജോഷി മഞ്ഞക്കുന്നേൽ സ്വാഗതം ആശംസിച്ചു. ശ്രീമതി മോളി കരിമ്പനാക്കുഴിയിൽ അധ്യക്ഷത വഹിച്ചു. രൂപതാ സെക്രട്ടറി ശ്രീമതി കത്രിക്കുട്ടി മണ്ണൂക്കുളം റിപ്പോർട്ടും ട്രഷറർ ശ്രീമതി ഏലിയാമ്മ കുന്നത്ത് കണക്കും അവതരിപ്പിച്ചു. രൂപതാ ഡയറക്ടർ റവ. ഫാ. മാത്യു പെരിയപ്പുറം 2016 ലെ പ്രവർത്തനങ്ങൾ വിശദീകരിച്ചു. രൂപതാ ആനിമേറ്റർ റവ. സി. കൃപ എസ്.എ.ബി.എസ്. നന്ദി പറഞ്ഞു.

**രൂപതാ ഭാരവാഹികൾ**

രൂപതാ ഭാരവാഹികളായി ജനറൽബോഡി തിരഞ്ഞെടുത്തവർ: പ്രസിഡണ്ട് ശ്രീമതി ഗ്രേസി ജേക്കബ്ബ് ചിറ്റിനപ്പള്ളി പഴൂർ, വൈസ് പ്രസിഡണ്ട് ശ്രീമതി നിഷ പുൽപറമ്പിൽ യവനാർകുളം, സെക്രട്ടറി ശ്രീമതി മോളി കരിമ്പനാക്കുഴിയിൽ പോരൂർ, ജോയിന്റ് സെക്രട്ടറി ശ്രീമതി ലാലി ജെയ്സൺ വടക്കൻ പുതിയിടംകുന്ന്, ട്രഷറർ ശ്രീമതി സെൽമ കാഞ്ഞിരത്തിങ്കൽ ആലാറ്റിൽ. തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾക്ക് അനുമോദനങ്ങളും ആശംസകളും നേരുന്നു.

**നിയമാവലി**

സീറോ മലബാർ മാതൃവേദി മാനന്തവാടി രൂപതാ നിയമാവലി പരിഷ്കരിച്ച് പ്രസിദ്ധീകരിച്ചു. നിയമാവലിയുടെ പ്രകാശനകർമ്മം ശ്രീമതി ഗ്രേസി ജേക്കബ്ബ് ചിറ്റിനപ്പള്ളി നിർവ്വഹിച്ചു. 2016 മുതൽ പുതിയ നിയമാവലിയനുസരിച്ചു വേണം പ്രവർത്തനങ്ങൾ ക്രമീകരിക്കാൻ. നിയമാവലിയുടെ കോപ്പികൾ രൂപതാ ഓഫീസിൽ ലഭ്യമാണ്. വില 25 രൂപ.

**നന്ദിയോടെ**

കഴിഞ്ഞ മൂന്നുവർഷങ്ങൾ രൂപതാ മാതൃവേദിയെ ശക്തമായി നയിച്ച എല്ലാ ഭാരവാഹികൾക്കും രൂപതാ എക്സിക്യൂട്ടീവിനും ഹൃദയംഗമമായ നന്ദി. അവരുടെ നിസ്തുലമായ സേവനം മാതൃവേദിയുടെ പ്രവർത്തനങ്ങൾക്ക് വേഗം പകർന്നു. എല്ലാവർക്കും നന്ദി.

**മികച്ച ശാഖ മേഖല**

രൂപതാ തലത്തിൽ മികച്ച ശാഖയെയും മേഖലയെയും കണ്ടെത്തുന്നതിനായി നടത്തിയ വിലയിരുത്തലിൽ പഴൂർ, തലഞ്ഞി, തെനേരി

ഇടവകകളും നിലമ്പൂർ, ചുങ്കക്കുന്ന്, മാനന്തവാടി മേഖലകളും മികച്ച രീതിയിൽ പ്രവർത്തിച്ച് പ്രഥമ സ്ഥാനങ്ങൾ നേടി. മികച്ച രീതിയിൽ പ്രവർത്തിച്ച് ആദ്യ സ്ഥാനങ്ങൾ നേടിയ യൂണിറ്റുകളെയും ശക്തമായ നേതൃത്വം നൽകിയ ബഹുമാനപ്പെട്ട വൈദീകരെയും ആനി മേറ്റർമാരെയും, ഭാരവാഹികളെയും അനുമോദിക്കുന്നു. നന്ദിയർപ്പി ക്കുന്നു. തുടർന്നും മികവുറ്റ രീതിയിൽ പ്രവർത്തിച്ച് വിജയം നേടാൻ കഴിയട്ടെയെന്ന് ആശംസിക്കുന്നു.

**ഉപന്യാസ മൽസരം - ആനിമേറ്റർമാരുടെ**

സമർപ്പിത വർഷത്തോടനുബന്ധിച്ച് മാതൃവേദി ആനിമേറ്റർ മാർക്കായി രൂപതാ തലത്തിൽ നടത്തിയ ഉപന്യാസ മൽസരത്തിൽ സി. എൽസി SABS പഴൂർ, സി. റീന MSMI തലപ്പുഴ, സി. ആൻസില്ല SCV ചെന്നലോട് എന്നിവർ യഥാക്രമം ആദ്യ മൂന്ന് സ്ഥാനങ്ങൾ നേടി. മൽസരത്തിൽ പങ്കെടുത്ത എല്ലാവർക്കും നന്ദിയും വിജയികൾക്ക് അഭിനന്ദനങ്ങളും നേരുന്നു.

**തരിയോട് മേഖല**

15-11-2015 ന് കാവുംമന്ദത്തുവച്ച് തരിയോട് മേഖല മാതൃവേദിയുടെ ജനറൽ ബോഡി യോഗവും ഭാരവാഹികളുടെ തിരഞ്ഞെടുപ്പും നടത്തി. പ്രസിഡന്റ് അന്നമ്മ കാവാലം സ്വാഗതം ആശംസിച്ചു. മേഖല ഡയറക്ടർ റവ. ഫാ. കൊച്ചുപാറക്കൽ, റവ. ഫാ. മാർട്ടിൻ പുതുശ്ശേരി എന്നിവർ നേതൃത്വം നൽകി. മേഖലയുടെ പുതിയ ഭാരവാഹികളായി പ്രസിഡന്റ് ഷീജ തേരേടത്ത് കുറുമണി, വൈസ് പ്രസിഡന്റ് ലിസി ചെറുകാട്ട് കോട്ടത്തറ, സെക്രട്ടറി ഷിനി വളവി മഞ്ഞൂറ, ജോ. സെക്രട്ടറി വൽസ മൂലക്കര ചെന്നലോട്, ട്രഷറർ മേഴ്സി കൈപ്പെട്ടി കാവുമന്ദം, കൗൺസിൽ അംഗങ്ങൾ അന്നമ്മ കാവാലം കുറുമ്പാല, മിനി ചെറുമല തരിയോട്, ജാൻസി കിളിയംപ്രായിൽ പുതുശ്ശേരിക്കടവ്, വനിതാ കമ്മീഷൻ മെമ്പർ ലിസി കൂവയ്ക്കൽ കുറുമ്പാല എന്നിവരെ തിരഞ്ഞെടുത്തു. ഡിസം. 20 -ന് ചെന്നലോട് വച്ച് കരോൾഗാന മൽസരവും തുടർന്ന് പൊതുസമ്മേളനത്തിൽ വച്ച് കരോൾഗാന മൽസര വിജയികൾ, മേഖലയിലെ മികച്ച ശാഖകൾ, സാഹിത്യ മൽസര വിജയികൾ, ലോഗോസ് ക്വിസ്സിൽ മേഖലയിൽ ഏറ്റവും കൂടുതൽ മാർക്ക് നേടിയ മാതൃവേദി അംഗങ്ങൾ എന്നിവർക്കുള്ള സമ്മാനദാനവും നടത്താൻ തീരുമാനിച്ചു. തരിയോട് മേഖലയിലെ ശാഖാ ആനിമേറ്റേഴ്സിനെ ആദരിക്കാനും തീരുമാനിച്ചു.

മേഖലാ ആനിമേറ്റർ മുൻഭാരവാഹികൾക്ക് നന്ദിയർപ്പിക്കുകയും പുതിയ ഭാരവാഹികൾക്ക് സ്വാഗതം ആശംസിക്കുകയും ചെയ്തു.

**കൽപറ്റ മേഖല**

22-11-2015 ന് കൽപറ്റ മേഖല മാതൃവേദിയുടെ ജനറൽബോഡി യോഗം ഡീപോൾ സ്കൂളിൽ ചേർന്നു. മാതൃവേദിയുടെ പ്രവർത്തനങ്ങളെ വിശദീകരിച്ച് രൂപതാ ആനിമേറ്റർ സി.കൃപ എസ്.എ.ബി.എസ് ക്ലാസ്സെടുത്തു. മേഖലാ തിരഞ്ഞെടുപ്പ് നടത്തി. മികച്ച ശാഖ, സാഹിത്യ മത്സരങ്ങൾ ഇവയുടെ സമ്മാനദാനം സി. കൃപ എസ്.എ.ബി.എസ്. നിർവ്വഹിച്ചു. റോസമ്മ മാന്നംകരിയിൽ നന്ദിയർപ്പിച്ചു. പ്രസിഡന്റ് റോസിലി നെല്ലിനിൽക്കുംതടത്തിൽ വാഴവറ്റ, വൈസ് പ്രസിഡന്റ് മെർലിൻ വയലിങ്കൽ -കൽപറ്റ, സെക്രട്ടറി റോസമ്മ മാന്നംകരിയിൽ - തെനേരി, ജോ. സെക്രട്ടറി ജാൻസി വള്ളോംപറമ്പിൽ - തെനേരി, ട്രഷറർ വിജി നെല്ലിക്കുന്നേൽ - കൊളവയൽ, കൗൺസിലേഴ്സ് ഷിമ്ന പുഴമുടി, മോളി പച്ചിക്കൽ, റീന ഏലത്തോട്ടത്തിൽ - ഒലിവുമല, ഡെയ്സി കൊളപ്പുറത്ത്, മേരി തൃക്കൈപ്പറ്റ.

**നിലമ്പൂർ മേഖല**

2015-18 വർഷത്തേക്കുള്ള മേഖലാ ഭാരവാഹികളെ നവം. 7 -ന് തിരഞ്ഞെടുത്തു. സമർപ്പിത വർഷാചരണത്തിന്റെ ഭാഗമായി മേഖലയിലെ എല്ലാ യൂണിറ്റ് ആനിമേറ്റേഴ്സിനെയും മെമന്റോ നൽകി ആദരിച്ചു. കഴിഞ്ഞ പ്രവർത്തന വർഷത്തെ വിലയിരുത്തി ട്രോഫികൾ നൽകിയപ്പോൾ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ യഥാക്രമം പൂളപ്പാടം, പൂക്കോട്ടുംപാടം, നിലമ്പൂർ എന്നീ യൂന്നിറ്റുകൾ സ്വന്തമാക്കി. വനിതാ സാഹിത്യ മൽസരവിജയികൾക്ക് സമ്മാനങ്ങൾ നൽകി.

**കല്ലോടി മേഖല**

ഡിസം. 12 - ന് ദീപ്തിഗിരി പള്ളിയിൽവെച്ച് കല്ലോടി മേഖല മാതൃവേദി കരോൾഗാന മൽസരം സംഘടിപ്പിച്ചു. പതിമൂന്ന് ഇടവകകളിൽ നിന്ന് മാതൃവേദി അംഗങ്ങൾ പങ്കെടുത്തു. നിരവിൽപ്പുഴ വികാരി റവ. ഫാ. ഫ്രാൻസിസ് മൂന്നാനാൽ സമ്മാനങ്ങൾ വിതരണം ചെയ്തു. പുതിയിടംകുന്ന്, കാരയ്ക്കാമല, കല്ലോടി യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. മാതൃവേദിയുടെ എല്ലാ ആനിമേറ്റേഴ്സിനെയും പൊന്നാട അണിയിച്ച് ആദരിക്കുകയും സമർപ്പിത വർഷത്തിൽ അവർ ചെയ്ത പ്രവർത്തനങ്ങൾക്ക് ശ്രീമതി എൽബി ആശംസ അർപ്പിക്കുകയും ചെയ്തു.

**മാനന്തവാടി മേഖല**

ഡിസം. 12– ന് മാനന്തവാടി മേഖലാ ജനറൽ ബോഡി ചേർന്നു. യോഗത്തിൽ പാറത്തോട്ടം വികാരി റവ. ഫാ. ജോയി പിണക്കാട്ട്, മേഖല ഡയറക്ടർ റവ. ഫാ. മൈക്കിൾ വടക്കേമുളഞ്ഞനാൽ എന്നിവർ സംസാരിച്ചു. മാതൃവേദി യൂണിറ്റുകളുടെ റെക്കോഡുകൾ എഴുതി സൂക്ഷിക്കേണ്ടതിനെക്കുറിച്ച് ശ്രീമതി മോളി കരിമ്പനാക്കുഴി ക്ലാസ്സെടുത്തു.

**ചുള്ളിയാന**

ബഹു. സന്തോഷ് കാവുങ്കൽ അച്ചന്റെ നേതൃത്വത്തിൽ മാതൃവേദി അംഗങ്ങൾ കൽപറ്റ സ്നേഹഭവൻ സന്ദർശിച്ച് വസ്ത്രങ്ങളും മധുരപലഹാരങ്ങളും നൽകി. അവർ നിർമ്മിച്ച കൊന്തകളും മെഴുകുതിരികളും വാങ്ങി.

**പുതിയിടംകുന്ന്**

മേഖലാ സാഹിത്യ മൽസരങ്ങളിൽ കവിതയ്ക്ക് ഒന്നാം സ്ഥാനവും ചിത്ര രചനയ്ക്ക് മൂന്നാം സ്ഥാനവും അമ്മമാർ കരസ്ഥമാക്കി. ആധുനിക കുടുംബങ്ങൾ നേരിടുന്ന വെല്ലുവിളികൾ എന്ന വിഷയത്തെ ആസ്പതമാക്കി ശ്രീ. ജോണി അമ്പാട്ട് അമ്മമാർക്ക് ക്ലാസ്സെടുത്തു. 11–10–2015 ന് മാതാപിതാക്കൾക്കായുള്ള സെമിനാറിൽ എല്ലാ മാതാപിതാക്കളും പങ്കെടുത്തു. ശ്രീ. തോമസ് ഏറനാട്ട് ക്ലാസ്സെടുത്തു. അമ്മമാർ കാഴ്ച്ചവെപ്പ് നടത്തി മാതൃവേദിയുടെ ഫണ്ട് സമാഹരിച്ചു.

**ശാന്തിഗിരി**

മരിച്ചുപോയ മാതൃവേദി അംഗങ്ങളെ അനുസ്മരിച്ച് ബഹു. വികാരിയച്ചൻ ആരാധന നടത്തുകയും വി.ബലിയർപ്പിക്കുകയും ചെയ്തു. മാതൃവേദിയുടെ നേതൃത്വത്തിൽ ഈ ഇടവകയിലെ AA കൂട്ടായ്മയെ അനുമോദിച്ചു.

**കൽപ്ര**

പഴൂർ വൃദ്ധസദനം സന്ദർശിച്ച് ക്ലീനിംഗ് ജോലികൾ നിർവഹിച്ചു. തേയില ക്രീം ഉണ്ടാക്കുന്നതിനെക്കുറിച്ചുള്ള പരിശീലനത്തിൽ പങ്കെടുക്കാൻ തീരുമാനിച്ചു.

**ഫാ. മാത്യു പെരിയപ്പുറം**
ഡയറക്ടർ, കുടുംബപ്രേഷിതത്വം
**ഫാ. ജോഷി മഞ്ഞക്കുന്നേൽ**
അസോസിയേറ്റ് ഡയറക്ടർ, കുടുംബപ്രേഷിതത്വം

# വിമൻസ് കമ്മീഷൻ

**സാഹിത്യ മൽസര വിജയികൾ**

രൂപതാ വിമൻസ് കമ്മീഷന്റെ ആഭിമുഖ്യത്തിൽ മാതൃസംഘടനയുടെ സഹകരണത്തോടെ വനിതകൾക്കായി നടത്തിയ രചനാ മത്സര വിജയികളുടെ പേരു വിവരങ്ങൾ. മത്സരത്തിൽ പങ്കെടുത്ത എല്ലാവർക്കും നന്ദിയും വിജയികൾക്ക് അഭിനന്ദനങ്ങളും നേരുന്നു.

**ഉപന്യാസം**

1. Teena Vattukulam Thariode
2. Bincy Pinakkatt Vanjode
3. Ashly Indikkuzha Payyampally

**ചെറുകഥ**

1. Bindhu Thazhumkal Rippon
2. Suni Punnolikunnel Poolappadam
3. Litty Vandannoor Kaniyaram

**ജലച്ഛായം**

1. Angel Kattukunnel Kavumannam
2. Rincy Biju Mullakkudy Vazhavatta
3. Dona Benny Bathery

**കവിത**

1. Litty Vandannoor Kaniyaram
2. Roshni Munduparambil Kammana
3. Salabha Kizhakeparambil Dwaraka

# സീയോൻ വാർത്തകൾ

**സോണൽ മീറ്റിംഗ് 4-12-15**

സീയോൻ ടീം മീറ്റിംഗ് ഡിസംബർ 4-ാം തീയതി ധ്യാന കേന്ദ്രത്തിൽ വച്ചു നടക്കുന്നു. പ്രാർത്ഥന, ചർച്ചകൾ എന്നിവയ്ക്കു ശേഷം ആദ്യശനി കൺവൻഷന്റെ ഒരുക്ക ശുശ്രൂഷകളിൽ എല്ലാവരും വൈകുന്നേരം 6 മണിക്ക് ജാഗരണ പ്രാർത്ഥന തുടങ്ങി. ബഹു. സോണി വാഴക്കാട്ടച്ചൻ 'വി. കുർബാന' യെ ക്കുറിച്ച് ക്ലാസെടുത്തു. വി. ബലി അർപ്പിച്ച് സന്ദേശം നൽകി.

**ആദ്യശനി ഏകദിന കൺവൻഷൻ 5-12-2015**

ദൈവസ്നേഹത്തിന്റെ പുത്തൻ അനുഭവത്തോടെ പുതിയദിന ത്തിനു തുടക്കം കുറിച്ചു. 6 മണിക്ക് ഏകദിന കൺവൻഷന്റെ ഒരുക്ക ശുശ്രൂഷകൾ ആരംഭിച്ചു. വെഞ്ചരിപ്പിനുശേഷം സിയോൻ ഹാളിനുചുറ്റും കത്തിച്ച തിരികളുമായി നിന്ന് ജപമാലചൊല്ലി പരി.അമ്മയുടെ സംരക്ഷണവും സഹായവും യാചിച്ചു. പ്രഭാതഭക്ഷണാനന്തരം 9 മണിക്ക് സപ്ര, ആരാധന, സ്തുതി ആരംഭിച്ചു. കെ.എസ്.ടി മലബാർ സബ്റീജിയന്റെ ആനിമേറ്റർ ബഹു. അലോഷ്യസ് കുളങ്ങര അച്ചൻ വചന സന്ദേശം നടത്തി. 11 മണിക്ക് ബഹു. സോണി വാഴക്കാട്ടച്ചൻ വി. കുർബാന അർപ്പിച്ചു. ലഘുഭക്ഷണശേഷം അഭിഷേക ആരാധന സാക്ഷ്യം, ദിവ്യകാരുണ്യ പ്രദക്ഷിണം എന്നിവ നടത്തി. 3.30-ന് ആത്മ സന്തോഷ നിറവിൽ ദൈവജനം സ്വഭവനത്തിലേക്ക് മടങ്ങി.

**ആന്തരിക സൗഖ്യധ്യാനം**

അന്ധകാരത്തിൽ കഴിഞ്ഞ ജനം മഹത്തായ ഒരു പ്രകാശം കണ്ടു (ഏശയ്യാ 9:2) ഡിസംബർ 13 മുതൽ 17 വരെ സീയോൻ ധ്യാന കേന്ദ്രത്തിൽ ആന്തരിക സൗഖ്യധ്യാനം നടന്നു.

**സൗഖ്യദിനം**

നവംബർ 11-നാലാം ശനി രോഗികളായ വ്യക്തികൾക്കുവേണ്ടി പ്രാർത്ഥനാശുശ്രൂഷ നടത്തി. വി. കുർബാന അർപ്പിച്ച് രോഗ സൗഖ്യത്തിനായി പ്രാർത്ഥിച്ചു.

**രണ്ടാം ശനി – യുവജനക്കൂട്ടായ്മ 12–12–15**

യുവജനകൂട്ടായ്മക്ക് ഒരുക്കമായി ജീസസ്സ് യൂത്ത് അംഗങ്ങൾ രണ്ടാം വെള്ളിയാഴ്ച ജാഗരണ പ്രാർത്ഥന നടത്തി. ബഹു. സോണിയച്ചൻ വി. കുർബാന അർപ്പിച്ചു വചനസന്ദേശം നൽകി. ആരാധന ഷെയറിംഗ് praise and worshipനുശേഷം 3.30 ന് ശുശ്രൂഷകൾ സമാപിച്ചു.

**രണ്ടാം ശനി ദമ്പതീ കൂട്ടായ്മ 12–12–15**

10 മണിക്ക് ജപമാല പ്രാർത്ഥനയോടെ ദമ്പതികൂട്ടായ്മ ആരംഭിച്ചു. റവ. ഫാ. ബിജോ വള്ളിക്കാട്ട് കുടുംബജീവിത പ്രാധാന്യത്തെ കുറിച്ച് ക്ലാസെടുത്തു. വി. കുർബാന, ആരാധന, ഗ്രൂപ്പ് ഷെയറിംഗ് എന്നിവയോടെ 3.30 –ന് ശുശ്രൂഷ സമാപിച്ചു.

**പൊതുസ്പിരിച്ച്വൽ ഷെയറിംഗ് ദിനം 12–12–15**

രണ്ടാം വെള്ളിയാഴ്ച വൈകുന്നേരം കൗൺസിലേഴ്സ് ഒരുമിച്ചുകൂടി പ്രാർത്ഥിച്ചു. ഡിസംബർ 12–ാം തീയതി രണ്ടാം ശനി 98 പേർ സ്പിരിച്ച്വൽ ഷെയറിംഗിൽ പങ്കെടുത്തു.

**തൂവാനീസ മിനിസ്ട്രി**

ഡിസംബർ മാസത്തിലെ 2–ാം വെള്ളി രാവിലെ 10 മണിക്ക് തൂവാനീസ ടീം ഒരുമിച്ചുകൂടി കുരിശിന്റെ വഴി, ജപമാല, എന്നിവ നടത്തി. വി. കുർബാനയ്ക്കുശേഷം സി.റെറ്റി ചെറിയമ്പനാട്ട് SABS ക്ലാസെടുത്തു. 3 മണിയോടെ പ്രാർത്ഥനാസമ്മേളനം സമാപിച്ചു.

**സിസ്റ്റേഴ്സ് കൂട്ടായ്മ**

ഡിസംബർ 3–ാം ശനി സീയോൻ ചാപ്പലിൽ നടന്ന സമർപ്പിത പ്രാർത്ഥനാദിന ശുശ്രൂഷയിൽ ബഹു. ഡയറക്ടർ അച്ചൻ ക്ലാസെടുത്തു. വി.കുർബാന അർപ്പിച്ചു.

**സിയോൻ ജനുവരി മാസത്തിൽ**

| | | |
|---|---|---|
| ജനുവരി 1 | ആദ്യവെള്ളി | – സോണൽമീറ്റിംഗ് |
| ജനുവരി 2 | ആദ്യശനി | – ഏകദിന കൺവൻഷൻ |
| ജനുവരി 9 | രണ്ടാംശനി | – ദമ്പതികൂട്ടായ്മ, യുവജനദിനം, സ്പിരിച്ച്വൽ ഷെയറിംഗ് ദിനം |
| ജനുവരി 15 | മൂന്നാംവെള്ളി | – ജാഗരണ പ്രാർത്ഥന |
| ജനുവരി 16 | മൂന്നാംശനി | – സിസ്റ്റേഴ്സിന്റെ പ്രാർത്ഥനാദിനം |
| ജനുവരി 17–21 | | – ആന്തരികസൗഖ്യ ധ്യാനം |
| ജനുവരി23 | നാലാംശനി | – സൗഖ്യദിനം |

**ഡയറക്ടർ**

സിയോൻ സി. ആർ.സി.

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

കർത്താവിൽ സ്നേഹമുള്ള വിൻസെൻഷ്യൻ സഹോദരീ സഹോദര ങ്ങളേ....

"ഒരു പുതിയ ഹൃദയം നിങ്ങൾക്ക് ഞാൻ നൽകും; ഒരു പുതു ചൈതന്യം നിങ്ങളിൽ ഞാൻ നിക്ഷേപിക്കും; നിങ്ങളുടെ ശരീരത്തിൽ നിന്ന് ശിലാഹൃദയം എടുത്തുമാറ്റി മാംസള ഹൃദയം നൽകും."

പിറവിതിരുനാൾ ആഘോഷങ്ങൾ പിന്നിട്ട് നാമെല്ലാവരും ഒരു പുതിയ വർഷത്തിലേയ്ക്ക് പ്രവേശിച്ചിരിക്കുകയാണല്ലോ. പുതുവർഷ പുലരിയുടെ എല്ലാ മംഗളങ്ങളും നേരുന്നതിനോടൊപ്പം പൂർവ്വാധികം തീഷ്ണതയോടെ പരസ്നേഹ പ്രവർത്തനങ്ങളിൽ വ്യാപൃതരാകുന്ന തിനുള്ള ശക്തിയും ഊർജ്ജവും എല്ലാ വിൻസെൻഷ്യൻ പ്രവർത്ത കർക്കും ലഭിക്കുന്നതിന് സംഘടനയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. വിൻസെന്റ് ഡി പോളിന്റേയും സംഘടനയുടെ സ്ഥാപകനായ വാഴ്ത്ത പ്പെട്ട ഫ്രെഡറിക് ഓസാനാമിന്റേയും മാദ്ധ്യസ്ഥവും ലോകമാതാവായ പരിശുദ്ധ കന്യകാമാതാവിന്റെ നിറവാർന്ന സാന്നിദ്ധ്യവും മാദ്ധ്യസ്ഥവും നമുക്കപേക്ഷിക്കാം.

**സി.സി. മീറ്റിംഗ്**

2015 ഡിസംബർ 19-ാം തീയതി ബ്രദർ തോമസ് മാങ്ങൻ സിസി പ്രസിഡണ്ട്, അദ്ധ്യക്ഷതയിൽ ബഹു. റവ.ഫാ. വർഗീസ് മുളകുടി യാങ്കൽ, സി.സി. ആത്മീയോപദേഷ്ടാവ്, സാന്നിദ്ധ്യത്തിൽ ഓസാനാം ഭവനിൽ വെച്ച് സിസി യോഗം നടന്നു. സി.സി. യോഗത്തിൽ ബ്രദർ തോമസ് മാങ്ങൻ തന്റെ അദ്ധ്യക്ഷ സന്ദേശത്തിൽ പരിശുദ്ധ പിതാവ്, ഫ്രാൻസീസ് പാപ്പാ കാരുണ്യവർഷമായി പ്രഖ്യാപിച്ചിരിക്കുന്ന ഈ ഒരു വർഷം പാപ്പായുടെ പ്രഖ്യാപന മൂല്യങ്ങൾ ഉൾക്കൊണ്ട് ഓരോ വിൻസെൻഷ്യൻ പ്രവർത്തകരും താങ്കളുടെ കോൺഫറൻസ് തല ത്തിൽ സമുചിതമായ കാരുണ്യ പ്രവർത്തനങ്ങൾ ചെയ്യുന്നതിന് മുന്നോട്ട് വരണമെന്നും സ്വയം പ്രേരിതമായി വ്യാപൃതരാകണമെന്നും ഊന്നി പ്പറഞ്ഞു.

**യുവജന മത്സരങ്ങൾ**

സി.സി.തല യുവജന മത്സരങ്ങൾ 2015 ഡിസംബർ 19-ാം തീയതി നടവയലിൽ വെച്ച് നടത്തുകയുണ്ടായി. മത്സരങ്ങൾക്ക് നേതൃത്വം നൽകി നയിച്ച സി.സി. യുവജന പ്രതിനിധി ബ്രദർ ജെൻട്രി പോൾ, മറ്റ് നേതൃത്വം നൽകിയ എല്ലാ ഭാരവാഹികളേയും നന്ദിയോടെ ഓർക്കുന്നു.

**സെമിനാർ**

2015 ഡിസംബർ 12-ാം തീയതി കോഴിക്കോട് വെച്ച് നടന്ന യുവജന/വനിത പ്രതിനിധി ഏകദിന സെമിനാറിൽ വിവിധ ഏസികളിൽ നിന്നും പങ്കെടുത്ത എല്ലാ പ്രവർത്തകരേയും അതിനുവേണ്ട ക്രമീകരണങ്ങൾ ഒരുക്കിയ ഭാരവാഹികളേയും അഭിനന്ദിക്കുവാൻ ഈ അവസരം ഉപയോഗിക്കുന്നു.

**സ്കോളർഷിപ്പ്**

2015 ഡിസംബർ 19-ാം തീയതി ഓസാനാം ഭവനിൽ വെച്ച് താഴെ പറയുന്ന സ്കോളർഷിപ്പുകൾ വിതരണം ചെയ്യുകയുണ്ടായി.

**വിദ്യാജ്യോതി സ്പെഷ്യൽ (USA)**

1. അഞ്ജു എളമ്പിലക്കാട്ടിൽ - സെന്റ് ജോസഫ്, തെനേരി
2. ജീവൻ തോമസ് - ഇൻഫെന്റ് ജീസസ്, കബിനിഗിരി
3. ഗ്ലോറിയ ആന്റണി - ഇൻഫെന്റ് ജീസസ്, കബിനിഗിരി
4. നൈസി യു.എൽ. - സെന്റ് മേരീസ് കൽപറ്റ
5. അനീറ്റ സനിൽ - സെന്റ് തോമസ്, ദീപ്തിഗിരി
6. ലിജിൻ സോജൻ - സെന്റ് അൽഫോൻസ, ദീപ്തിഗിരി
7. അജിത് പ്രകാശ് - സെന്റ് മരിയ ഗൊരേറ്റി, കല്ലോടി
8. ആൽബിൻ പൗലോസ് - സെന്റ് ജോസഫ്, ബാലേശുഗിരി
9. ആൽബിൻ സജി - സെന്റ് ഫ്രാൻസീസ് അസ്സീസ്സി, മീനങ്ങാടി
10. അഞ്ജലി ജെയിംസ് - സെന്റ് തെരേസ, തരിയോട്
11. നിർമ്മൽ ജോസ് - സെന്റ് ജോർജ്, കോട്ടത്തറ
12. സ്നേഹ പി. ദേവസ്യ - സെന്റ് തോമസ്, ചെന്നലോട്
13. ഡിൽന വർക്കി - സെന്റ് അൽഫോൻസ, കാവുംമന്ദം
14. അഞ്ജലി ക്രിസ്റ്റി ജോസ് - സെന്റ് മേരീസ്, യവനാർകുളം
15. അനീറ്റ ജോസഫ് - സെന്റ് മേരീസ്, യവനാർകുളം
16. ടീന ജോർജ്ജ് - സെന്റ് മേരീസ്, തോണിച്ചാൽ
17. നീനു ജെയിംസ് - ലിറ്റിൽ ഫ്ളവർ, ചെറുകാട്ടൂർ
18. ദിവ്യ പീറ്റർ - സെന്റ് തെരേസ, കൊമ്മയാട്

19. സാന്ദ്ര വി.ബി. – സെന്റ് അൽഫോൻസ, ദ്വാരക
20. ജസ്റ്റിൻ – സെന്റ് ജോസഫ്, ബാലേശുഗിരി

**റിന്യൂവൽ സ്കോളർഷിപ്പ് - HES**

1. മീറ ജോസ് – സെന്റ് ജോർജ്ജ്, കല്ലോടി
2. സെൽജോ തോമസ് – സെന്റ് ജോസഫ്, കുറുമ്പാല
3. ആഷ്‌ലി ജോർജ് – സെന്റ് സെബാസ്റ്റ്യൻ, പാടിച്ചിറ
4. അലീഡ ബിനോയ് – സെന്റ് ജൂഡ്, മൂലങ്കാവ്
5. റാഹുൽ മൈക്കിൾ ജോസഫ് – സെന്റ് സെബാസ്റ്റ്യൻ, പോരൂർ

**കാരുണ്യവർഷാചരണം**

പരിശുദ്ധ പാപ്പാ പ്രഖ്യാപിച്ച കാരുണ്യവർഷാചരണത്തിന്റെ ഭാഗമായി ഇടവക തലത്തിൽ, കൗദാശിക ജീവിതത്തിൽ നിന്ന് വിട്ടുനിൽക്കുന്ന വ്യക്തികളെ കണ്ടുപിടിച്ച് അവരുടെ പ്രശ്നങ്ങൾ പഠിച്ച് പരിഹരിച്ച് അവരെ തിരികെ കൗദാശിക ജീവിതത്തിലേക്ക് കൊണ്ടുവരാൻ എല്ലാ കോൺഫറൻസുകളും മുൻകൈ എടുത്ത് ബഹു. വികാരി അച്ചന്മാരുടേയും സിസ്റ്റേഴ്സിന്റെയും സഹകരണത്തോടെ നടപ്പിലാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുക.

**TTS**

1. അഞ്ജുമോൾ തങ്കച്ചൻ – സെന്റ് മേരീസ്, മരക്കടവ്
2. റാണി എ.ടി. – സെന്റ് തോമസ്, ദീപ്തിഗിരി
3. ചിഞ്ജു കെ.എ. – ഫാത്തിമമാതാ, ചുങ്കക്കുന്ന്
4. ഡാലി എ.എസ്സ് – സെന്റ് അൽഫോൻസ, ചുങ്കക്കുന്ന്
5. അഞ്ജു ജിജി – സെന്റ് ജോസഫ്, നെയ്ക്കുപ്പ
6. അമല മാത്യു – ഫാത്തിമമാതാ, കയ്യൂന്നി
7. ആഷ്‌ലി പൗലോസ് – സെന്റ് ജോസഫ്, ബാലേശുഗിരി
8. ചിഞ്ജു ടോമി – സെന്റ് മേരീസ്, മരക്കടവ്
9. ജോസ്ന ജോസഫ് – സെന്റ് ജോസഫ്, നരിവാലമുണ്ട

**കാരുണ്യസ്പർശം സ്കോളർഷിപ്പ്**

വിവിധ ഏസികളിൽ നിന്നും ശുപാർശ ചെയ്ത എല്ലാ കുട്ടികൾക്കും 2015 ഡിസംബർ 19-ാം തീയതി കാരുണ്യസ്പർശം സ്കോളർഷിപ്പ് നൽകുകയുണ്ടായി.

**ക്രിസ്തുമസ് ആഘോഷം**

2015-ാം ആണ്ടിലെ ക്രിസ്തുമസ് ആഘോഷങ്ങൾ 19-12-2015 ൽ ഓസാനാംഭവനിൽ വെച്ച് വിവിധ പരിപാടികളോടുകൂടി നടത്തി. ബഹു. ജോർജ് മമ്പള്ളി അച്ചൻ ദിവ്യബലി അർപ്പിച്ച് സന്ദേശം നൽകി. തുടർന്ന്

ചേർന്ന പൊതുസമ്മേളനത്തിൽ സിസി പ്രസിഡണ്ട് ബ്രദർ തോമസ് മാങ്ങൻ അദ്ധ്യക്ഷനായിരുന്നു. ബ്രദർ അഗസ്റ്റിൻ കൊടിയംകുന്നേൽ, സി.സി. ജനറൽ സെക്രട്ടറി സ്വാഗതം ആശംസിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. ദിലീപ്കുമാർ സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. റവ.ഫാ. വർഗീസ് മുളകുടിയാങ്കൽ ക്രിസ്തുമസ് സന്ദേശം നൽകി. ബ്ലോക്ക് ഡിവിഷൻ മെമ്പർ ശ്രീ. തങ്കച്ചൻ വെണ്ണായാപ്പിള്ളി, അന്തേവാസികൾക്കുള്ള പുതുവസ്ത്രവിതരണം ചെയ്തു. പൂതാടി ഗ്രാമ പഞ്ചായത്ത് മെമ്പർ ശ്രീ. ഉണ്ണികൃഷ്ണൻ കാരുണ്യവർഷ സ്കോളർഷിപ്പ് വിതരണം ചെയ്തു. പൂതാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. സുധീരൻ വിദ്യാജ്യോതി സ്കോളർഷിപ്പ് വിതരണം ചെയ്തു. അസി. സെക്രട്ടറി പൂതാടി ഗ്രാമപഞ്ചായത്ത്, ശ്രീ. ശ്രീജിത്ത്, നാഷണൽ കൗൺസിൽ സ്കോളർഷിപ്പ് വിതരണം ചെയ്തു. ബ്രദർ ജോണി പാറ്റാനി, സിസി വൈസ് പ്രസിഡണ്ട് ആശംസകൾ അർപ്പിച്ചു. ബ്രദർ ജോർജ് ആക്കാന്തിരി, ഓസാനാംഭവൻ ഇൻചാർജ്ജ് നന്ദി രേഖപ്പെടുത്തി. സ്നേഹവിരുന്നോടെ ക്രിസ്തുമസ് ആഘോഷങ്ങൾ സമാപിച്ചു.

ക്രിസ്തുമസ് ആഘോഷം വിജയപ്രദമാക്കുന്നതിന് പ്രവർത്തിച്ച സിസി ഭാരവാഹികൾ, സിസ്റ്റേഴ്സ്, ബ്രദേഴ്സ്, സഹകരിച്ച വൈദീകർ, ഓസാനാംഭവൻ ഇൻചാർജ്ജ് ബ്രദർ ജോർജ് ആക്കാന്തിരി, ഓസാനാം ഭവൻ സെക്രട്ടറി ബ്രദർ വിൻസെന്റ് ജോൺ എന്നിവരെ ഏറ്റവും നന്ദി യോടെ ഓർക്കുന്നു.

**ഓസാനാം ഭവൻ രാത്രിസേവനം - ബത്തേരി ഏസി**

| | | |
|---|---|---|
| 14-1-2016 | സെന്റ് ജൂഡ് | മൂലങ്കാവ് |
| 15-1-2016 | സെന്റ് മേരീസ് | സു.ബത്തേരി |
| 16-1-2016 | സെന്റ് അൽഫോൻസ | സു.ബത്തേരി |
| 17-1-2016 | സെന്റ് മേരീസ് | കടൽമാട് |
| 18-1-2016 | സെന്റ് മാർട്ടിൻ | അമ്പലവയൽ |
| 19-1-2016 | സെന്റ് മേരീസ് | കൽപ്ര |
| 20-1-2016 | സെന്റ് ആന്റണി | വാകേരി |
| 21-1-2016 | സെന്റ് മേരീസ് | തോമാട്ടുചാൽ |
| 22-1-2016 | സെന്റ് ജോർജ് | ചിത്രഗിരി |
| 23-1-2016 | സെന്റ് ആന്റണി | പഴൂർ |
| 24-1-2016 | ഫാത്തിമമാതാ | കുന്നലാടി |
| 25-1-2016 | സെന്റ് ഫ്രാൻസീസ് അസീസി | ചുള്ളിയോട് |

| | | |
|---|---|---|
| 26-1-2016 | സെന്റ് അൽഫോൻസ | ചുള്ളിയോട് |
| 27-1-2016 | ഫാത്തിമമാതാ | കയ്യൂന്നി |
| 28-1-2016 | സെന്റ് ജോസഫ് | വടക്കനാട് |
| 29-1-2016 | മേരി മാതാ | മൂലങ്കാവ് |
| 30-1-2016 | സെന്റ് ജോർജ് | കല്ലുമുക്ക് |

**ചുണ്ടക്കര ഏസി**

| | | |
|---|---|---|
| 31-1-2016 | സെന്റ് മേരീസ് | ചുണ്ടക്കര |
| 1-2-2016 | സെന്റ് ജോസഫ് | ചുണ്ടക്കര |
| 2-2-2016 | സെന്റ് മേരീസ് | അരിഞ്ചേർമല |
| 3-2-2016 | സെന്റ് തോമസ് | അരിഞ്ചേർമല |
| 4-2-2016 | സെന്റ് ജോർജ് | ചുള്ളിയാന |
| 5-2-2016 | സെന്റ് അൽഫോൻസ | ചുള്ളിയാന |
| 6-2-2016 | സെന്റ് സെബാസ്റ്റ്യൻ | വിളമ്പുകണ്ടം |
| 7-2-2016 | വാഴ്ത്തപ്പെട്ട മദർ തെരേസ | വിളമ്പുകണ്ടം |
| 8-2-2016 | സെന്റ് മേരീസ് | കണിയാമ്പറ്റ |
| 9-2-2016 | സെന്റ് മേരീസ് | പറളിക്കുന്ന് |
| 10-2-2016 | സെന്റ് ജൂഡ് | കുറുമ്പാലക്കോട്ട |

**കല്ലോടി ഏസി**

| | | |
|---|---|---|
| 11-2-2016 | സെന്റ് തോമസ് | ദീപ്തിഗിരി |
| 12-2-2016 | സെന്റ് അൽഫോൻസ | ദീപ്തിഗിരി |
| 13-2-2016 | സെന്റ് തോമസ് | വഞ്ഞോട് |
| 14-2-2016 | സെന്റ് അൽഫോൻസ | മക്കിയാട് |
| 15-2-2016 | സെന്റ് ബനഡിക്ട് | മക്കിയാട് |

**ഓസാനാംഭവൻ സന്ദർശനം**

**കുറുമ്പാല ഏസി**

| | | |
|---|---|---|
| 20-1-2016 | സെന്റ് അൽഫോൻസ | പുതുശ്ശേരിക്കടവ് |
| 22-1-2016 | സെന്റ് സെബാസ്റ്റ്യൻ | കുപ്പാടിത്തറ |
| 24-1-2016 | സെന്റ് മേരീസ് | കുറുമ്പാല |
| 26-1-2016 | സെന്റ് ജോസഫ് | കുറുമ്പാല |
| 28-1-2016 | ക്രിസ്തുരാജ | പുതുശ്ശേരിക്കടവ് |

**മാനന്തവാടി ഏസി**

| | | |
|---|---|---|
| 30-1-2016 | സെന്റ് മേരീസ് | യവനാർകുളം |
| 1-2-2016 | ലിറ്റിൽ ഫ്ളവർ | മുതിരേരി |
| 3-2-2016 | ലിറ്റിൽ ഫ്ളവർ | പുതിയിടം |

| | | |
|---|---|---|
| 5-2-2016 | വാ.മദർ തെരേസ | തവിഞ്ഞാൽ |
| 7-2-2016 | സെന്റ് ഫിലോമിന | ആലാറ്റിൽ |
| 9-2-2016 | ലിറ്റിൽ ഫ്ളവർ | മാനന്തവാടി |
| 11-2-2016 | മൗണ്ട് കാർമ്മൽ | തലപ്പുഴ |
| 13-2-2016 | സെന്റ് മേരീസ് | ആലാറ്റിൽ |
| 15-2-2016 | സെന്റ് സെബാസ്റ്റ്യൻ | കാട്ടിമൂല |
| 17-2-2016 | സെന്റ് ജോസഫ് | കണിയാരം |

ഒരിക്കൽകൂടി എല്ലാ വിൻസെൻഷ്യൻ പ്രവർത്തകർക്കും പുതുവർഷത്തിന്റെ എല്ലാ മംഗളങ്ങളും നേർന്നുകൊണ്ട് പ്രാർത്ഥനയോടെ,

**ബ്രദർ എം. സി. തോമസ് മാങ്ങൻ**
സി.സി. പ്രസിഡണ്ട്

# സാമൂഹ്യ സേവനരംഗം (WSSS)

**സമഗ്ര ആദിവാസി വികസന പദ്ധതി**

നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി തവിഞ്ഞാൽ തൊണ്ടനാട് ഗ്രാമ പഞ്ചായത്തുകളിൽ നടത്തിവരുന്ന സമഗ്ര ആദിവാസി വികസനപദ്ധതി കാര്യക്ഷമമായി പുരോഗമിക്കുന്നു. ഡിസംബർ മാസം 10 കുടുംബ ങ്ങൾക്ക് പശു വളർത്തുന്നതിനും 27 കുടുംബങ്ങൾക്ക് ആട് വളർത്തു ന്നതിനും 10 കുടുംബങ്ങൾക്ക് തൊഴുത്ത് നിർമ്മിക്കുന്നതിനും സാമ്പത്തിക സഹായം നൽകി. കൂടാതെ മൺകയ്യാലനിർമ്മാണം, കല്ല് കയ്യാല നിർമ്മാണം, നീർക്കുഴി നിർമ്മാണം എന്നിവയ്ക്കും പദ്ധതി സഹായം അനുവദിച്ചു. 03 വിളപരിപാലന പരിശീലനങ്ങൾ 04 ആരോഗ്യ ബോധവൽക്കരണ പരിപാടികൾ എന്നിവ സംഘടിപ്പിച്ചു.

**പങ്കെടുത്തു**

നബാർഡ് തിരുവനന്തപുരം റീജിണൽ ഓഫീസിൽ വെച്ച് ആദിവാസി വികസന പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിന് നടത്തിയ അവലോകന യോഗത്തിൽ WSSS പ്രോഗ്രാം ഓഫീസർ ശ്രീ.പി.എ.ജോസ് പങ്കെടുത്തു.

ജില്ലാ ആസൂത്രണ ബോർഡ് പശ്ചിമഘട്ട വികസന പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിന് നടത്തിയ അവലോകന യോഗത്തിൽ WSSS പ്രോഗ്രാം ഓഫീസർ ശ്രീ.എ.എ. ജോസ് പങ്കെടുത്തു.

**ശില്പശാല നടത്തി**

ജില്ലാ കൃഷി വകുപ്പ്, ആത്മവയനാട്, കേരള കാർഷിക സർവ്വ കലാശാല എന്നിവയുമായി സഹകരിച്ച് ശീതകാല പച്ചക്കറി കൃഷിയെ കുറിച്ച് ഏകദിന പരിശീലന പരിപാടി WSSS ൽ വെച്ച് നടത്തി. പരിശീ ലനം മാനന്തവാടി മുൻസിപ്പാലിറ്റി ചെയർമാൻ ഉദ്ഘാടനം ചെയ്തു.

ഡോ. രജ്ഞൻ കരിപ്പായി, ഡോ. അനിത, ഡോ. അനിൽ സക്കറിയ എന്നിവർ നേതൃത്വം നൽകി. ശില്പശാലയിൽ 185 പേർ പങ്കെടുത്തു.

**ബയോ- ഗ്യാസ് വികസന പദ്ധതി**

കാട്ടിമൂല, ചെന്നലോട്, മക്കിയാട്, മുതിരേരി, വാളാട്, വടമല തുടങ്ങിയ സ്ഥലങ്ങളിൽ 4 പ്ലാന്റുകൾ കമ്മീഷൻ ചെയ്യുകയും 6 ബയോ ഗ്യാസ് പ്ലാന്റുകൾ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തു.

**തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലനം**

കേന്ദ്ര നാളികേര വികസന ബോർഡും WSSS ഉം സംയുക്ത മായി നടപ്പാക്കി വരുന്ന തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലനം രണ്ട് ഘട്ടങ്ങളിലായി നടത്തുന്നു. ഈ മാസം 40 പേർക്ക് പരിശീലനം നൽകി തെങ്ങ് കയറ്റ യന്ത്രവും നാളികേര വികസന ബോർഡിന്റെ സർട്ടിഫി ക്കറ്റും നൽകി.

**സേവ് എ ഫാമിലി പ്ലാൻ**

സേവ് എ ഫാമിലി പ്ലാനിൽ പുതുതായി അനുവദിച്ച 56 കുടുംബങ്ങളിൽ തിരഞ്ഞെടുപ്പ് പൂർത്തിയാക്കി. സേവ് എ ഫാമിലി പ്ലാനിൽ അംഗങ്ങളായ കുടുംബങ്ങളുടെ അടിസ്ഥാന വിവരശേഖരണം നടത്തി. സേവ് എ ഫാമിലി പ്ലാൻ കുടുംബങ്ങളുടെ വിവിധ വരുമാന പദ്ധതിക്കായുള്ള ഫണ്ട് വിതരണം നടത്തി.

സേവ് എ ഫാമിലി പ്ലാൻ ഇൻഡ്യ ഐശ്യര്യഗ്രാമിൽ വെച്ച് നടത്തിയ സേവ് എ ഫാമിലി സുവർണജൂബിലി ആഘോഷത്തിൽ WSSS ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി, സേവ് എ ഫാമിലി പ്ലാൻ കോ-ഓഡിനേറ്റർ സി. ആനി, ആനിമേറ്റർ സുജ സോഫിയ ഐനി എന്നിവർ പങ്കെടുത്തു.

**ജനകീയ സംഘാടനം**

നവംബർ 11-ാം തീയതി സെക്രട്ടറിമാരുടെ യോഗം ചേർന്നതിൽ 29 സെക്രട്ടറിമാർ പങ്കെടുത്തു. 20-ാം തീയതി ചേർന്ന കമ്മ്യൂണിറ്റി ഡവലപ്മെന്റ് ഓർഗനൈസേഴ്സ് മീറ്റിംഗിൽ 32പേർ പങ്കെടുത്തു. സോണിയ WSSS ഭക്ഷ്യപദാർത്ഥങ്ങളിലെ മായം എന്ന വിഷയത്തിൽ ക്ലാസ് നയിക്കുകയും ചെയ്തു.

**വനിതാ സ്വാശ്രയസംഘ പദ്ധതി**

നവംബർ മാസത്തിൽ 7 പദ്ധതി വിശദീകരണ യോഗങ്ങൾ നടത്തുകയും, വിവിധ ബാങ്കുകളിൽ നിന്ന് 19 ലക്ഷം രൂപ വായ്പ്പ ലഭ്യമാക്കുകയും ചെയ്തു.

**നയറോഷിനി**

കേന്ദ്ര ന്യൂനപക്ഷ വിസന മന്ത്രാലയത്തിന്റെ കീഴിലുള്ള 'നയ റോഷിനി' പദ്ധതി WSSS ന്റെ നേതൃത്വത്തിൽ നടത്തിവരുന്നു. നവംബർ മാസത്തിൽ എടയൂർകുന്ന്, കണിയാരം, തവിഞ്ഞാൽ, അഞ്ചുകുന്ന്, ഏച്ചോം, മക്കിയാട്, തരുവണ, തൃശ്ശിലേരി, ചെറുകാട്ടൂർ, തലപ്പുഴ, കാഞ്ഞിരങ്ങാട്, കോറോം, പേരൂർ, അരുമട്ടംകുന്ന് എന്നിവിടങ്ങളിൽ ന്യൂനപക്ഷ സ്ത്രീകൾക്കുവേണ്ടി നടത്തിയ ട്രെയിനിംങ്ങ് പ്രോഗ്രാമിൽ 350 പേർ പങ്കെടുത്തു. പ്രസ്തുത പരിശീലനത്തിൽ നേതൃത്വം, വ്യക്തിത്വ വികസനം, വിവിധക്ഷേമനിധികൾ, വിവരവകാശനിയമം, സ്ത്രീനിയമനം, സോപ്പ്, സോപ്പുൽപ്പന്നങ്ങൾ, പച്ചമരുന്ന് നിർമ്മാണം, തുടങ്ങിയ വിഷയങ്ങളിൽ പ്രായോഗിക പരിശീലനം നൽകുന്നു.

**കേരള ലേബർ മൂവ്മെന്റ് (KLM)**

അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും, ശാക്തീ കരണത്തിനുമായി പ്രവർത്തിച്ചു വരുന്ന സർക്കാരിതര സാമൂഹിക സംഘടനയാണ് കേരള ലേബർ മൂവ്മെന്റ്. ഇതിന്റെ മാനന്തവാടി ഘടകത്തിന്റെ പ്രവർത്തനങ്ങൾ എല്ലാം വളരെ ഭംഗിയായി നടക്കുന്നു.

**ക്ഷേമനിധി**

കേരള ടൈയിലേഴ്സ് വർക്കേഴ്സ് ഫോറത്തിന്റെ (KLMF) രജിസ്ട്രേഷൻ നവംബർ 27-ന് WSSS-ഓഡിറ്റോറിയത്തിൽ നടന്നു. ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ ശ്രീമതി കോമളവല്ലി & ടീം സിറ്റിങ്ങിൽ പങ്കെടുത്തു. 28 ടൈലറിംങ് തൊഴിലാളികൾ ക്ഷേമനിധിയിൽ അംഗ ത്വമെടുത്തു.

**കേരള ചെറുകിട തോട്ടം തൊഴിലാളി ഫോറം (KCTTF)**

2015-ലെ അംശാദായം ഇതുവരെ അടയ്ക്കാത്തവർ എത്രയും പെട്ടെന്ന് അടയ്ക്കുവാൻ ശ്രദ്ധിക്കണം. അല്ലെങ്കിൽ മാപ്പപേക്ഷയും പിഴയും നൽകേണ്ടിവരുന്നതാണ്.

**സ്വാവലംബൻ**

സ്വാവലംബൻ സുരക്ഷാപദ്ധതിയിൽ അംഗങ്ങളായവരുടെ പുതുക്കൽ നടപടി തുടരുന്നു. ജനുവരി 15 ന് മുൻപ് എല്ലാ ഇടവകയി ലെയും സ്വാവലംബൻ അംഗങ്ങളും പ്രീമിയം അടച്ച് പുതുക്കേണ്ട താണ്. അതോടൊപ്പം അംഗങ്ങളുടെ ആധാർ നമ്പറും നൽകേണ്ട താണ്.

**വികാസ്പീഡിയ (നവംബർ 2015 റിപ്പോർട്ട്)**

കേന്ദ്ര ഗവൺമെന്റ് നടപ്പാക്കുന്ന 'വികാസ്പീഡിയ പോർട്ടർ'ഒരു ബഹുഭാഷ വിജ്ഞാന ദാതാവ് എന്ന നിലയിൽ ഇന്റർനെറ്റ് ഉപഭോക്താക്കളുടെ ഇടയിലുള്ള അംഗീകാരവും, പ്രചാരവും, അനുദിനം വർദ്ധിച്ചു വരുന്നത് വളരെ അഭിമാനകരമായ നേട്ടമാണ്. ഇന്ത്യയിൽ 22 സംസ്ഥാനങ്ങളിലായി 10 ഭാഷകളിൽ ലഭ്യമാക്കുന്ന വികാസ്പീഡിയയുടെ മലയാളം വിഭാഗമായ'വികാസ്പീഡിയ കേരള' ഈ മാസത്തിൽ വിവിധങ്ങളായ ജനസമ്പർക്ക പ്രചാരണ പ്രവർത്തനങ്ങൾ നടത്തി. കണ്ണൂർ, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിലെ വിവിധ സ്കൂൾ. കോളേജ് വിദ്യാർത്ഥികൾക്കിടയിലും കാർഷിക സർവ്വകലാശാല, തൃശ്ശൂർ അദ്ധ്യാപകർക്കിടയിലും നവംബർ മാസത്തിൽ വികാസ് പീഡിയ പ്രചാരണം നടത്തപ്പെട്ടു. കൃഷി, ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യക്ഷേമം, ഊർജ്ജം, ഇ–ഭരണം, എന്നീ വിഭാഗങ്ങളിലായി ആയിരത്തിലേറെ പുതിയ പേജുകൾ ഉൾപ്പെടുത്തി. പോർട്ടൽ അഭിപ്രായ സർവ്വേ, ഗ്രൂപ്പ് ചർച്ച എന്നിവയിൽ ആനുകാലിക സംഭവങ്ങൾ ഉൾപ്പെടുത്തി കൂടുതൽ ജനകീയമാക്കുവാൻ സാധിച്ചു. റെഡ്ക്രോസ് വോളന്റീയേഴ്സ്, NCC കേഡറ്റ്സ് ക്യാമ്പുകൾ സന്ദർശിച്ചു വികാസ് പീഡിയ പോർട്ടൽ പരിചയപ്പെടുത്തി. വികാസ് പീഡിയ ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളിയുടെ നേതൃത്വത്തിൽ വികാസ് പീഡിയ പോർട്ടൽ കൂടുതൽ വിജ്ഞാനപ്രദവും, ജനകീയവുമാക്കുവാനുള്ള പ്രവർത്തനങ്ങൾക്ക് രൂപം കൊടുത്തു വരുന്നു. വിശദവിവരങ്ങൾക്ക് വികാസ്പീഡിയ സന്ദർശിക്കുക.

## DDU-GKY

കേന്ദ്രഗ്രാമവികസന മന്ത്രാലയത്തിന്റെ കീഴിൽ ഗ്രാമങ്ങളിലെ 15 നും 35 നും ഇടയിൽ പ്രായമുള്ള യുവജനങ്ങളെ കൂടൂതൽ അഭ്യസ്ഥവിദ്യരാക്കുന്നതിനും തൊഴിൽ നേടിയെടുക്കവാൻ പ്രാപ്തരാക്കുന്നതിനും വേണ്ടിയുള്ള ഒരു പദ്ധതിയാണ് ദീൻ ദയാൽ ഗ്രാമീൺ കൗശല്യ യോജന (DDU-GKY). തൊഴിലധിഷ്ഠിത കോഴ്സുകൾ നടത്തി 55 ദശലക്ഷം യുവജനങ്ങളെ 2020 ആകുമ്പോഴേക്കും വിവിധ മേഖലകളിൽ പ്രായോഗിതരാക്കുകയെന്നതാണ് ഈ പദ്ധതിയിലൂടെ ഭാരത സർക്കാർ ലക്ഷ്യം വെയ്ക്കുന്നത്. കേരളത്തിൽ കുടുംബശ്രീ മിഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി വരുന്നു. വയനാട് സോഷ്യൽ സർവ്വീസ്

സോസൈറ്റിയുടെ കീഴിൽ ഫാഷൽ ഡിസൈൻ ടെക്നോളജി, ഫുഡ് പ്രോസസ്സിംഗ് എന്നീ കോഴ്സുകൾ നടത്തുന്നു.

ഫുഡ്പ്രോസസ്സിംഗിന്റെ ആദ്യ ബാച്ച് പഠനം പൂർത്തിയാക്കി വിവിധ കമ്പനികളിൽ ജോലിക്ക് പോകാൻ തുടങ്ങി. ഫുഡ് പ്രോസസ്സിംഗിന്റേയും ഫാഷൻ ഡിസൈൻ ടെക്നോളജിയുടെയും പുതിയ ബാച്ചിലേക്ക് അഡ്മിഷൻ ആരംഭിച്ചു. താൽപര്യമുള്ളവർ WSSS ഓഫീസുമായി ബന്ധപ്പെടുക.

മുൻസിപ്പാലിറ്റികളിൽ നടപ്പിൽ വരുത്താൻ കേന്ദ്രഗവൺമെന്റ് ആഗ്രഹിക്കുന്ന തൊഴിലധിഷ്ഠിത പരിപാടിയുടെ പ്ലാനിങ് മീറ്റിംഗിൽ പങ്കെടുത്തു. തിരുവനന്തപുരത്ത് വെച്ച് കുടുംബശ്രീ സംഘടിപ്പിച്ച DDU GKY റിവ്യൂ മീറ്റിംഗിലും പരിശീലന പരിപാടികളിലും WSSS –ൽ നിന്നും സ്റ്റാഫുകൾ പങ്കെടുത്തു.

**ഫാ. ബിജോ കറുകപ്പള്ളി**

ഡയറക്ടർ, WSSS

# കെസിബിസി മദ്യവിരുദ്ധസമിതി

**സംസ്ഥാന സമ്മേളനം**

കെ.സി.ബി.സി. മദ്യവിരുദ്ധസമിതിയുടെ 17-ാം സംസ്ഥാന വാർഷിക സമ്മേളനം 2015 ഡിസംബർ 11,12 തീയതികളിൽ ആലപ്പുഴയിൽ വച്ച് നടന്നു. അഭിവന്ദ്യപിതാക്കൻമാരുടെയും സംസ്ഥാന രൂപതാ സമിതിയുടെയും പങ്കാളിത്വത്തിൽ നടന്ന സമ്മേളനത്തിൽ ബിഷപ്പ് മാർ. റെമിജിയൂസ് ഇഞ്ചനാനിയിൽ അദ്ധ്യക്ഷം വഹിച്ചു. ശ്രീ. ജസ്റ്റീസ് സിറിയക്ക് ജോസഫ്. ശ്രീ. വി. എം. സുധീരൻ, പ്രൊഫ.ഡോ. സിറയക്ക് തോമസ് തുടങ്ങിയ മഹത്വ്യക്തികൾ സംസാരിച്ചു. തുടർന്ന് നടന്ന ബഹുജന റാലിയിൽ ആയിരങ്ങൾ പങ്കെടുത്തു. സംസ്ഥാന വാർഷികത്തിൽ മാനന്തവാടി രൂപതാ സമിതിയിലെ മുഴുവൻ അംഗ ങ്ങളും പങ്കെടുത്തു.

**അവാർഡ് ഏറ്റുവാങ്ങി**

മികച്ച മദ്യവിരുദ്ധ പ്രവർത്തനം നടത്തിയ രണ്ടാമത്തെ രൂപത യ്ക്കുള്ള മറിയാമ്മ അബ്രഹം ഐക്കര എവർറോളിംഗ് ട്രോഫി തുടർച്ചയായ രണ്ടാംവർഷവും മാനന്തവാടി രൂപത കരസ്ഥമാക്കി. സംസ്ഥാന സമ്മേളനത്തിൽ രൂപതാസമിതി ട്രോഫി ഏറ്റുവാങ്ങി. കഴിഞ്ഞ വർഷം രൂപതയുടെ മദ്യവിരുദ്ധപ്രവർത്തനങ്ങൾക്ക് നേതൃത്വവും പ്രോത്സാഹനവും നൽകിയ അഭിവന്ദ്യപിതാവിനെയും രൂപതയിലെ വൈദികർ, സന്യസ്തർ, അത്മായ പ്രതിനിധികൾ, മദ്യവിരുദ്ധ പ്രവർത്തകർ എന്നിവരെയും രൂപതാ സമിതിയുടെ ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു.

**ലഹരിവിരുദ്ധ സെമിനാർ**

ചുണ്ടക്കര പ്രദേശത്തെ ജനങ്ങൾക്ക് വേണ്ടി ചുണ്ടക്കര ദേവാലയ അംഗണത്തിൽ 20-12-2015 ന് നടത്തിയ മദ്യവിരുദ്ധസെമിനാറിൽ ഡയ റക്ടർ ക്ലാസ്സ് നയിച്ചു.

**ജോൺസൺ തൊഴുത്തുങ്കൽ**
രൂപതാ പ്രസിഡണ്ട്

ഏവർക്കും നന്മ നിറഞ്ഞതും അനുഗ്രഹ പ്രദായകവുമായ ഒരു ക്രിസ്തുമസും പുതുവത്സരവും ആശംസിക്കുന്നു. കരുണയുടെ ഒരു പുതുവർഷം കൂടി സമ്മാനമായി തന്ന നല്ല ദൈവത്തിന് മുമ്പിൽ നന്ദി നിറഞ്ഞ ഹൃദയത്തോടെ നമുക്ക് വ്യാപരിക്കാം. കഴിഞ്ഞ അധ്യയന വർഷത്തിലെ നമ്മുടെ പഠനമേഖലകളെ വിലയിരുത്തി 2015-2016 വർഷത്തെ വർഷാവസാന പരീക്ഷയ്ക്ക് ഒരുങ്ങാം... പ്രത്യേകിച്ച് SSLC, +1, +2 പരീക്ഷകളും അടുത്തെത്തിയിരിക്കുമ്പോൾ ഏറ്റവും നല്ല വിജയം മുന്നിൽ കണ്ടുകൊണ്ട് നമ്മുക്ക് ഒന്നുചേർന്ന് പരിശ്രമിക്കാം... പ്രവർത്തിക്കാം...

**ടീച്ചേഴ്സ് ഗിൽഡ് നേതൃയോഗവും നവീകരിച്ച വെബ്സൈറ്റിന്റെ ഉദ്ഘാടനവും**

രൂപതാ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള എല്ലാ സ്ക്കൂളുകളിലേയും ടീച്ചേഴ്സ് ഗിൽഡ് ഭാരവാഹികളുടെ സമ്മേളനം ഡിസംബർ 5-ന് ശനിയാഴ്ച്ച രാവിലെ 11 മണിക്ക് ദ്വാരക എ.യു.പി സ്ക്കൂളിൽ വച്ച് നടത്തി. രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം ഉദ്ഘാടനം ചെയ്തു. കോർപ്പറേറ്റ് മാനേജർ റവ. ഫാ. ബിജു പൊൻപാറയ്ക്കൽ അധ്യക്ഷത വഹിച്ചു. ചടങ്ങിൽ ടീച്ചേഴ്സ് ഗിൽഡ് നോർത്തേൺ റീജിയണൽ പ്രസിഡന്റ് ശ്രീ. മാത്യു ജോസഫ്, തലശ്ശേരി രൂപതാ ടീച്ചേഴ്സ് ഗിൽഡ് പ്രസിഡന്റ് ശ്രീ. ഒ. മാത്യു എന്നിവർ പ്രസംഗിച്ചു. ഇതിനോടനുബന്ധിച്ച് കോർപ്പറേറ്റിന്റെ നവീകരിച്ച വെബ്സൈറ്റിന്റെ ഉദ്ഘാടനം രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം നിർവ്വഹിച്ചു. വെബ്സൈറ്റിന് നൂതന രൂപഭാവങ്ങൾ നൽകി വികസിപ്പിച്ച ചെറുകാട്ടൂർ ഇടവകാംഗമായ ശ്രീ. അനീഷ് ജോസിന് സിഡോം ഫാമിലിയുടെ പേരിൽ അഭിനന്ദനങ്ങളും നന്മകളും നേരുകയും ചെയ്തു. www.ceadom.com ൽ ഇപ്പോൾ കോർപ്പറേറ്റിന്റെ അനുദിന വാർത്തകളും സേവനങ്ങളും ലഭ്യമാണ്.

**ശിലാസ്ഥാപനം നടത്തി**

മാനന്തവാടി രൂപതാ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള അരിഞ്ചേർമല സെന്റ് തോമസ് എൽ.പി. സ്കൂളിന്റെ

പുതിയ കെട്ടിടത്തിന് ശിലാസ്ഥാപനം നടത്തി. സ്മാർട്ട് ക്ലാസ്സ് റൂമുകളും, കംപ്യൂട്ടർ ലാബും അടങ്ങിയ നൂതന സംവിധാനങ്ങളായി രിക്കും പുതിയ ബിൽഡിംഗിൽ ഉണ്ടാവുക. രൂപതാ കോർപ്പറേറ്റ് മാനേ ജർ ഫാ. ബിജു പൊൻപാറയ്ക്കൽ ശിലാസ്ഥാപനകർമ്മം നടത്തി. സ്കൂൾ മാനേജർ ഫാ. പോൾ ഇടയകൊണ്ടാട്ട് അധ്യക്ഷത വഹിച്ചു. പ്രധാനാദ്ധ്യാപിക സിസ്റ്റർ ലൂസി തോമസ്, പി.ടി.എ. പ്രസിഡന്റ് വി.പി. ഹസൈനാർ, മദർ പി.ടി.എ പ്രസിഡന്റ് ഹസീന സുബൈർ എന്നിവർ പ്രസംഗിച്ചു.

**അഭിനന്ദനങ്ങൾ**

സംസ്ഥാനത്തും ജില്ലയിലും വച്ച് നടത്തപ്പെട്ട കലാ-കായിക, ശാസ്ത്ര, സാഹിത്യ പ്രവർത്തി പരിചയ മേളകളിൽ പങ്കെടുക്കുകയും അഭിമാനാർഹമായ വിജയം കരസ്തമാക്കുകയും ചെയ്ത നമ്മുടെ എല്ലാ സ്കൂളുകളിലെയും ഹെഡ്മാസ്റ്റർമാരെയും, അദ്ധ്യാപകരെയും അനദ്ധ്യാപകരെയും, വിദ്യാർത്ഥികളെയും സഹായസഹകരണങ്ങൾ നൽകിയ രക്ഷിതാക്കളെയും പി ടി എ , മദർ പിടിഎ തുടങ്ങിയ സമി തികളെയും CEADOM ന്റെ അനുമോദനങ്ങളും അഭിനന്ദനങ്ങളും അറിയിക്കുന്നു.

**സ്കൂളുകളുടെ പ്രവർത്തന റിപ്പോർട്ട്**

**സെന്റ് ജോസഫ്സ് ടി.ടി.ഐ. മാനന്തവാടി:-** നവംബർ 5,6 തീയതികളിൽ തൃശ്ശിലേരി ജി.എച്ച്.എസ് സ്ക്കൂളിൽ വച്ച് നടത്തിയ ശാസ്ത്രമേളയിൽ സെന്റ് ജോസഫ്സ് ടി.ടി.ഐ. ലെ വിദ്യാർത്ഥികൾ എൽ.പി. വിഭാഗത്തിൽ ഗണിതശാസ്ത്രം, സാമൂഹ്യശാസ്ത്രം, സയൻസ്, പ്രവൃത്തിപരിചയം എന്നിവയിലും യു.പി. വിഭാഗത്തിൽ സമൂഹ്യശാസ്ത്രം, സയൻസ് എന്നിവയിലും ഓവറോൾ കിരീടം കരസ്ഥ മാക്കി.

- കൊല്ലത്തു വച്ചു നടത്തിയ സംസ്ഥാനതല ശാസ്ത്രമേളയിൽ സെന്റ് ജോസഫ്സ് ടി.ടി.ഐ. ലെ, വിദ്യാർത്ഥികളായ കെവിൻ ജോൺ റോയ്, സ്റ്റിൽ മോഡൽ മൂന്നാം സ്ഥാനവും A Grade ഉം, മാളവിക എ. ഗണിതശാസ്ത്രം സ്റ്റിൽ മോഡൽ അഞ്ചാം സ്ഥാനവും A Grade ഉം, കരസ്ഥമാക്കി.

**സെന്റ് മേരീസ് യു.പി.എസ്. തരിയോട് :-** അദ്ധ്യാപന രംഗത്തു നിന്നു വിടവാങ്ങി വിശ്രമ ജീവിതം നയിക്കുന്ന പഴയകാല അദ്ധ്യാ പകരെ, പുതുതലമുറയെ പരിചയപ്പെടുത്തിക്കൊണ്ട് തരിയോട് സെന്റ് മേരീസ് യു.പി സ്ക്കൂൾ അന്തർദേശീയ അദ്ധ്യാപകദിനം വേറിട്ടതാക്കി.

അർച്ചന 2015 എന്ന പേരിൽ തുടങ്ങിയ പരിപാടിയുടെ ഉദ്ഘാടനം തരിയോട് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. സി.റ്റി. ചാക്കോയും, അധ്യക്ഷത സ്കൂൾ മാനേജർ ഫാ.ജോണി കുന്നത്തും നിർവ്വഹിച്ചു. ദേശീയ അദ്ധ്യാപക അവാർഡ് ജേതാവ് എൻ.വി. ജോർജ് സന്ദേശം നൽകി. പ്രധാനാദ്ധ്യാപകൻ ശ്രീ. ബെന്നി ആന്റണി, റ്റി.ജെ. റോബർട്ട്, ഷീജ ആന്റണി, കെ.എം. ജോസഫ്, സി. മേരി വിൻസെന്റ്, പൃഥിരാജ് മൊടകല്ലൂർ തുടങ്ങിയവർ പ്രസംഗിച്ചു.

– ജില്ലാതല ഗണിതശാസ്ത്രമേളയിൽ ഗണിതക്വിസിൽ അഭിൻ ഷാജു രണ്ടാം സ്ഥാനം കരസ്ഥമാക്കി.

– സബ്ജില്ല ശാസ്ത്രമേളയിൽ ജീവസ് ജ്യോതിസ്, മെൽജോ മാത്യു എന്നീ വിദ്യാർത്ഥികൾ പ്രവൃത്തിപരിചയമേളയിൽ ജില്ലാ തലത്തിലേക്ക് അർഹത നേടി.

– ശിശുദിനത്തോടനുബന്ധിച്ച് സ്ക്കൂളിൽ പുഞ്ചിരി മത്സരം, പ്രസംഗ മത്സരം എന്നിവ നടത്തി വിജയികൾക്ക് പ്രധാനാദ്ധ്യാപകൻ ശ്രീ. ബെന്നി ആന്റണി സമ്മാനങ്ങൾ വിതരണം ചെയ്തു.

**സെന്റ് സെബാസ്റ്റ്യൻ യു.പി.എസ്. പാടിച്ചിറ:–** കണിയാമ്പറ്റയിൽ വച്ച് നടന്ന ശാസ്ത്രോത്സവത്തിൽ യു.പി. വിഭാഗം ഗണിതശാസ്ത്ര ത്തിൽ പാടിച്ചിറ സെന്റ് സെബാസ്റ്റ്യൻ യു.പി. സ്ക്കൂൾ ഓവറോൾ കിരീടം കരസ്ഥമാക്കി.

**അസംപ്ഷൻ യു.പി. സു.ബത്തേരി:–** ബത്തേരി ഉപജില്ല മേളയിൽ യു.പി. വിഭാഗം ശാസ്ത്രമേള, ഗണിതശാസ്ത്രം, കലോത്സവം, സംസ്കൃതോത്സവം എന്നിവയിലും എൽ.പി. വിഭാഗം ഗണിത ശാസ്ത്രത്തിലും ബത്തേരി അസംപ്ഷൻ യു.പി. സ്ക്കൂൾ ഓവറോൾ കിരീടം കരസ്ഥമാക്കി. എൽ.പി. വിഭാഗം ശാസ്ത്രമേള, അറബിക് കലോത്സവം എന്നിവയിൽ റണ്ണറപ്പും കരസ്ഥമാക്കി. ജൈവകൃഷിയെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കരുതൽ എന്ന ലഘു പുസ്തകം 8000 കോപ്പി തയ്യാറാക്കി വിൽപ്പന നടത്തി. ലാഭമായി ലഭിച്ച തുക കാരുണ്യ പ്രവർത്തനത്തിനായി വിനിയോഗിച്ചു.

– കാസർഗോഡ് എൻഡോസൾഫാൻ ദുരിത ബാധിതരെ സഹായി ക്കാൻ 15000 രൂപയുടെ ധനസഹായം നൽകി.

– കുട്ടികളിൽ ഊർജസംരക്ഷണ ആഭിമുഖ്യം വളർത്തുക എന്ന ലഷ്യ ത്തോടെ സെമിനാർ സംഘടിപ്പിച്ചു. മുട്ടിൽ ഇലക്ട്രിസിറ്റി ഓഫീസിലെ സീനിയർ സൂപ്രണ്ട് ശ്രീ. ഗീവർഗീസ് ക്ലാസ്സ് നയിച്ചു.

– വിദ്യാർത്ഥികൾ കൃഷി ചെയ്ത പച്ചക്കറിയുടെ വിളവെടുപ്പ് ഉദ്ഘാടനം സ്കൂൾ മാനേജർ റവ. ഫാ. സ്റ്റീഫൻ കോട്ടക്കൽ നിർവ്വഹിച്ചു. കാർഷിക ക്ലബിന്റെ നേതൃത്വത്തിൽ അമ്പലവയൽ കൃഷിഫാം സന്ദർശനം നടത്തി.

– ലോക എയ്ഡ്സ് ദിനത്തോടനുബന്ധിച്ച് റെഡ് റിബൺ തയ്യാറാക്കി.

– സ്ക്കൂൾ സ്ക്കൗട്ടിന്റെയും, പി.ടി.എ. യുടേയും, അദ്ധ്യാപകരുടേയും നേതൃത്വത്തിൽ ഇലക്ഷൻ സാമഗ്രികൾ ഏറ്റുവാങ്ങാനെത്തിയവർക്ക് ഭക്ഷണസാധനങ്ങൾ വിതരണം ചെയ്തു.

– കുട്ടികൾ രണ്ടാം ടേമിൽ ക്ലാസ്സ് പ്രവർത്തനത്തിലൂടെ തയ്യാറാക്കിയ രചനകൾ ഉൾപ്പെടുത്തി കയ്യെഴുത്ത് മാഗസിൻ തയ്യാറാക്കി. 1400 മാഗസിനുകളാണ് തയ്യാറാക്കിയത്.

**ഫാ.ജി.കെ.എം. എച്ച്.എസ്.എസ്. കണിയാരം:–** മാനന്തവാടി ഉപജില്ല കലോത്സവം ഹൈസ്കൂൾ വിഭാഗം സംസ്കൃതോത്സവത്തിൽ തുടർച്ചയായി 25–ാം വർഷവും ഫാ.ജി.കെ.എം.എച്ച്.എസ്.എസ്. ഓവറോൾ കിരീടം നിലനിർത്തി.

**സെന്റ് കാതറിൻസ് എച്ച്.എസ്.എസ്. പയ്യംമ്പള്ളി:–** പയ്യംമ്പള്ളി സെന്റ് കാതറിൻസ് ഹയർ സെക്കൻഡറി സ്ക്കൂളിൽ നടന്ന മാനന്തവാടി ഉപജില്ല സ്ക്കൂൾ കലോത്സവത്തിൽ ആതിഥേയരായ പയ്യംമ്പള്ളി സെന്റ് കാതറിൻസ് ഹയർ സെക്കൻഡറി സ്ക്കൂൾ ഓവറോൾ കിരീടം കരസ്ഥമാക്കി.

**ഫാ. ജോൺ പൊൻപാറയ്ക്കൽ**
കോർപ്പറേറ്റ് മാനേജർ

# കത്തോലിക്കാ കോൺഗ്രസ് - AKCC

സീറോമലബാർ സഭാ ആസ്ഥാനമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് 17-11-15 ന് ചേർന്ന രൂപതാ ഭാരവാഹികളുടെ മീറ്റിംഗിൽ മാനന്തവാടി പ്രതിനിധികൾ പങ്കെടുത്തു. ആത്മമിത്രം മൈക്രോ ഫിനാൻസിനെകുറിച്ച് പ്രധാന ചർച്ചകൾ നടന്നു. യൂണിറ്റുകൾ എത്രയും വേഗം അംഗത്വം എടുക്കണമെന്ന നിർദ്ദേശമുണ്ടായി.

**22-11-15 ന്** രാവിലെ എടപ്പെട്ടി ഇടവകയിൽ ക്ലാസും എകെസിസി യുടെ യൂണിറ്റ് തെരഞ്ഞെടുപ്പും നടന്നു.

**മണിമൂളി, നിലമ്പൂർ സംയുക്ത സെമിനാർ**

22-11-15 ന് മണിമൂളി, നിലമ്പൂർ മേഖലയുടെ സംയുക്ത പ്രതിനിധി സെമിനാർ നടന്നു. സിഞ്ചെല്ലൂസ് മോൺ. ജയിംസ് കുറ്റിമാക്കൽ സെമിനാർ ഉദ്ഘാടനം ചെയ്തു. എകെസിസി ജനറൽ സെക്രട്ടറി ശ്രീ. അഡ്വ. ബിജു പറയനിലം മുഖ്യപ്രഭാഷണം നടത്തി. രൂപതാ പ്രസിഡണ്ട് പീറ്റർ അദ്ധ്യക്ഷനായിരുന്നു. സെക്രട്ടറി ശ്രീ. സൈമൺ ആനപ്പാറ സ്വാഗതം പറഞ്ഞു. മേഖലാ ഡയറക്ടർ റവ.ഫാ. സെബാസ്റ്റ്യൻ ഉണ്ണിപ്പള്ളി ആശംസകൾ നേർന്നു.

**3-12-15 ന്** രൂപതയുടെ പ്രസ്ബിറ്ററൽ കൗൺസിലിൽ എകെസിസി യുടെ പ്രവർത്തനങ്ങൾ വിവരിച്ചുകൊണ്ട് അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് സംസാരിച്ചു. 2016 ഫെബ്രുവരി 20-ന് നടത്തുവാൻ ഒരുങ്ങുന്ന 'മഹാസമ്മേളന' കാര്യങ്ങൾ ചർച്ച ചെയ്തു. രൂപതയുടെ Priests Conference നടത്തി കൂടുതൽ കാര്യങ്ങൾ തീരുമാനം എടുക്കാം എന്ന് നിർദ്ദേശം ഉണ്ടായി.

**7-12-15 ന്** മാനന്തവാടി രൂപതയിൽ ജോലി ചെയ്യുന്ന എല്ലാ സന്യാസ സമൂഹങ്ങളുടേയും സുപ്പീരിയർമാരുടെ ഒരുയോഗം നടത്തുകയുണ്ടായി. ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന യോഗത്തിൽ കല്ലോടി ഫൊറോന വികാരി ബഹു. ജോസ് കൊച്ചറയ്ക്കൽ അച്ചൻ, ബഹു. ബാബു മാപ്ലശേരിയച്ചൻ, രൂപത പ്രൊക്കുറേറ്റർ ബഹു. ബെന്നി മുതിരക്കാലായിലച്ചൻ, പാസ്റ്ററൽ സെന്റർ ഡയറക്ടർ ബഹു. ജോഷി പെരിയപ്പുറം അച്ചൻ, വിവിധ സംഘടനകളുടെ ബഹു. ഡയറക്ടർ അച്ചന്മാർ, ബഹു. സജി ഇളയിടത്ത് അച്ചൻ, ബഹു. ജെയ്സ് പൂതക്കുഴിയച്ചൻ തുടങ്ങിയവർ സമ്മേളനത്തിൽ പങ്കെടുത്തു. എകെസിസി യുടെ നേതൃത്വത്തിൽ നടത്തുവാൻ ഒരുങ്ങുന്ന മഹാസമ്മേളനം

സംബന്ധിച്ച് പ്രധാന ചർച്ചകൾ നടന്നു. പരമാവധി ജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള സമ്മേളനം നടത്തുവാൻ എല്ലാവരും സജീവമായി പ്രവർത്തിക്കുവാൻ തീരുമാനിച്ചു.

**പുതിയ യൂണിറ്റുകൾ**

മരക്കടവ്, പാറത്തോട്ടം, ഗൂഡല്ലൂർ റീജിയണിലെ മുഴുവൻ ഇടവകകൾ.

15-12-15 ന് കൽപറ്റ ഫൊറോനയിലെ ബഹു. വൈദികരുടെ മാസധ്യാനത്തിൽ എകെസിസി യുടെ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ചകൾ നടത്തുകയും, മഹാസമ്മേളനം ഏറ്റവും ജനശ്രദ്ധയുള്ളതാക്കണമെന്നും തീരുമാനിച്ചു. ഫൊറോനയിൽ യൂണിറ്റുകൾ ഇല്ലാത്ത ഇടവകകളിൽ എത്രയും വേഗം യൂണിറ്റുകൾ ആരംഭിക്കുവാൻ തീരുമാനിച്ചു.

**ഫാ. ചാണ്ടി പുനക്കാട്ട്**
ഡയറക്ടർ, കത്തോലിക്കാ കോൺഗ്രസ്

# Pastoral Centre Programme



**January 2016**

| | |
|---|---|
| 2 | Zion |
| 2 | Department of Youth Ministry / Training |
| 6 | Priests' Conference |
| 8 | KCYM Syndicate |
| 9 | KCYM Senate, Election |
| 9 | Catechism HM PP Conference |
| 10-13 | Marriage Preparation Course |
| 12 | Marian Singles |
| 15 | Department of Youth Ministry / Meeting |
| 16 | SMMA Executive |
| 17-21 | Zion Retreat |
| 26 | Department of Youth Ministry / Career Car |
| 26 | CML Anniversary |
| 28-31 | Marriage Preparation Course |

**Fr. Mathew Periappuram**
Director, Pastoral Centre



# *Bishop's Programme*

***2016 January***

| | | |
|---|---|---|
| *1* | *Fri ....................* | *Out of Station* |
| *2* | *Sat ..................* | *Dwaraka: First Saturday Convention* |
| *3* | *Sun .................* | *Charity: Sanyastha Sangamam* |
| *4* | *Mon Morning.....* | *Manimooly: Blessing of Higher Secondary School Building* |
| | *Afternoon .....* | *Kayyunny: School Anniversary* |
| *5* | *Tue ....................* | *Payyampally: Monthly Recollection* |
| *6* | *Wed ..................* | *Dwaraka: Priests' Conference* |
| *7* | *Thu 13 Wed ......* | *Mount St.Thomas: Synod* |
| *14* | *Thu Morning......* | *Kurumbala: Ordination of Dn. Robin Arackaparambil, Rogationist* |
| | *Evening .........* | *Gudallur: Jubilee of Morning Star School* |
| *15* | *Fri ....................* | *Out of Station* |
| *16* | *Sat ....................* | *Mangalassery: Blessing of Church* |
| *17* | *Sun ...................* | *Marakadavu: Pastoral Visit* |
| *18* | *Mon .................* | *Visitors' Day* |
| *19* | *Tue ...................* | *Out of Station* |
| *20* | *Wed .................* | *Puzhamudy: Ordination of Dn. Rony Manthottam TOR* |
| *21* | *Thu Morning.....* | *Kabanigiri: Anniversary of School* |
| | *Evening ..........* | *Pazhoor: Anniversary of School* |
| *22* | *Fri ....................* | *Out of Station* |
| *23* | *Sat ...................* | *Pathirichal: Blessing of Chapel* |
| *25* | *Mon ..................* | *Visitors' Day* |
| *26* | *Tue ...................* | *Dwaraka: Anniversary of Cherushpa Mission League* |

| | |
|---|---|
| 27 Wed Evening...... | Kaniyaram: TTI Anniversary |
| ......... | Bishop's House: New Priests' Reception |
| 28 Thu Morning...... | Bishop's House: Holy Mass with New Priests |
| ....... | Kaniyaram: GKM School Anniversary |
| 29 Fri .................... | Out of Station |
| 30 Sat .................... | Yavanarkulam: Laying of the Foundation Stone of the New Church |
| 31 Sun .................. | Karani: Pastoral Visit & Blessing of Grotto |

***2016 February***

| | |
|---|---|
| 1 Mon ................. | Out of Station |
| 2 Tue 4 Thu ........ | Junior Priests' Course |
| 5 Fri ..................... | Out of station |
| 7 Sun .................. | Chungakunnu: Blessing of Parish Hall |
| 8 Mon .................. | Minor Seminary: Ash Monday |
| 9 Tue .................... | Manimooly |
| 10 Wed .................. | Visitors' Day |
| 11 Thu .................. | Bishop's House: Consulters and Finance Council Meeting |
| 12 Fri .................... | Out of Station |
| 13 Sat ................... | Pastoral Council |
| 14 Sun ................... | Thrikkaipetta: Pastoral Visit |
| 15 Mon ............... | Visitors' Day |
| 17 Wed ................ | Visitors' Day |
| 19 Fri .................. | Out of Station |
| 20 Sat ................... | AKCC Mahasamgamam |
| 21 Sun ................... | Chithragiri: Pastoral Visit |
| 25 Thu .................. | Out of Station |
| 26 Fri ................... | Priests' Conference |
| 27 Sat .................. | Meeting of the Office Bearers of Associations |
| 28 Sun .................. | Kalathuvayal-Cheengery: Pastoral Visit |
| 29 Mon ................ | Dwaraka: Sanyasta Samgamam |